PROCEEDINGS OF THE TRAVANCORE-COCHIN LEGISLATIVE ASSEMBLY

FOURTH SESSION—1951

Tuesday, *the 25th September 1951*

Vol. IV] **OFFICIAL REPORT** **[No. 7**

The Assembly met in the Legislative Chamber, Trivandrum, at Eleven of the Clock on Tuesday, the 25th September 1951, with Mr. Speaker in the Chair.

QUESTIONS AND ANSWERS

(The number within brackets indicate the number in the list of admitted questions for the day).

Oral Answers

കെട്ടിമേച്ചിൽ

*൧൬൦. (൧) ശ്രീ. പി. നാണു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) വിദ്യാഭ്യാസ ഡിപ്പാർട്ടുമെൻറിലെ കെട്ടിമേച്ചിൽ ആണ്ടുതോറും നടത്തുന്നതിനു കാലനിർണ്ണയം ചെയ്തിട്ടുണ്ടോ;

(ബി) ഇക്കൊല്ലത്തെ കെട്ടിമേച്ചിൽ ഏതേതുകാലത്താണു നടത്തിയിട്ടുള്ളത്;

(സി) കഴിഞ്ഞ ഇടവപ്പാതിക്കുമുമ്പു കെട്ടിമേച്ചിൽ നടത്താത്ത കാരണത്താൽ സ്കൂൾ കെട്ടിടങ്ങൾക്ക് കുറ്റം ഭവിക്കുന്നതിനോ കെട്ടിടങ്ങൾ നിലം പതിക്കുന്നതിനോ കാരണമായിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ അവ എത്രയാണെന്നും തന്മൂലം സംഭവിച്ചിട്ടുള്ള നഷ്ടം എത്രയാണെന്നും വീഴ്ചക്കാരനായ ഉദ്യോഗസ്ഥൻ ആരാണെന്നും പറയാൻ ദയവുണ്ടാകുമോ?

വിദ്യാഭ്യാസവും റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എൽ. എം. പൈലി):

(എ) ഉണ്ട്. സാധാരണയായി മദ്ധ്യവേനൽ അവധിക്കാലത്താണു കെട്ടിമേച്ചിൽ നടത്താറുള്ളത്.

(ബി) മദ്ധ്യവേനൽ അവധിക്കാലത്തുതന്നെ നടത്തി. എന്നാൽ അപൂർവ്വം ചില പള്ളിക്കൂടങ്ങൾക്ക് വിപരീത സാഹചര്യങ്ങൾകൊണ്ട് യഥാസമയം കെട്ടിമേച്ചിൽ നടത്താൻ തരപ്പെട്ടില്ല.

(സി) അപൂർവ്വം ചില സർക്കാർ പള്ളിക്കൂടങ്ങൾക്ക് അല്പാല്പം കേടു പററിയിട്ടുണ്ട്.

(ഡി) ഒൻപതു സർക്കാർ സ്കൂളുകൾ. നഷ്ടം എത്രയെന്ന് ക്ലിപ്തമായി നിർണ്ണയിച്ചിട്ടില്ല. എന്നാൽ സാരമായ നഷ്ടം ഉണ്ടായിട്ടില്ല. പ്രതികൂലമായ സാഹചര്യമല്ലാതെ ഉദ്യോഗസ്ഥന്മാരുടെ ഉദാസീനതയല്ല ഇതിനു കാരണം.

ശ്രീ. പി. നാണു: പ്രതികൂലസാഹചര്യങ്ങൾ എന്നുവച്ചാൽ നേരത്തെ കാലവർഷം തുടങ്ങിയതുകൊണ്ടാണോ?

ശ്രീ. എൽ. എം. പൈലി: നേരത്തെ കാലവർഷം തുടങ്ങുന്നതുതന്നെ ഒരു പ്രതികൂല പരിതഃസ്ഥിതിയാണുളവാക്കുന്നതു്. മാത്രമല്ല, ചില സ്ഥലങ്ങളിൽ സാമാനങ്ങളുടെ വിലക്കൂടുതൽ നിമിത്തം കൺട്രാക്ടറന്മാരെ കിട്ടാതെയും വന്നു. ഇങ്ങനെയുള്ള ഒരവസ്ഥയാണു പ്രതികൂല സാഹചര്യങ്ങൾ എന്നു ഞാൻ പറഞ്ഞതു്.

ശ്രീ. പി. നാണു: കാലവർഷം തുടങ്ങുന്നതു സാധാരണയായി ഇന്നയിന്ന സമയങ്ങളിൽ എന്നില്ലേ?

ശ്രീ. എൽ. എം. പൈലി: ഭൂമിശാസ്ത്രപരമായ ഈ സംഗതിയെപ്പററി ഒന്നും നിശ്ചിതമായി പറയാൻ നിവൃത്തിയില്ല. ചിലപ്പോൾ സമയത്തു വർഷം തുടങ്ങും. മററു ചിലപ്പോൾ നേരത്തെ കാലവർഷം ആരംഭിക്കും.

ശ്രീ. പി. നാണു: കെട്ടിടങ്ങൾ മേച്ചിൽ നടത്തുന്നതിനു കൺട്രാക്ടർമാരെ കിട്ടാതിരുന്നതിനു വല്ല പ്രത്യേക കാരണവും ഉണ്ടോ?

ശ്രീ. എൽ. എം. പൈലി: അതു ഞാൻ മുൻപു പറഞ്ഞതുപോലെ സാമാനങ്ങളുടെ വിലക്കൂടുതലും മററും കൊണ്ടു് കൺട്രാക്ടർമാർ ഈ വേലകൾ ഏറെറടുക്കാൻ തയാറായി വന്നില്ല.

ശ്രീ. പി. നാണു: വിലക്കൂടുതൽ ഇതിനുമുൻപും ഉണ്ടായിരുന്നില്ലേ?

ശ്രീ. എൽ. എം. പൈലി: ഉണ്ടായിരുന്നിരിക്കണം.

ശ്രീ. പി. നാണു: മുൻപും ഇപ്പോഴും വിലക്കൂടുതൽ ഒരുപോലെ ആയിരുന്നിട്ടും ഇപ്പോൾമാത്രം ഈ താമസത്തിനു കാരണമെന്താണു്?

ശ്രീ. എൽ. എം. പൈലി: വിലക്കൂടുതൽ ഉണ്ടായിരുന്നിട്ടും ചില സ്കൂളുകളെ സംബന്ധിച്ചു് കൺട്രാക്ടർമാരെ ചില സ്ഥലങ്ങളിൽ കിട്ടാതെവന്നു. അതും അപൂർവ്വം ചില സ്കൂളുകളെ സംബന്ധിച്ചു മാത്രമെയുള്ളു.

ശ്രീ. പി. നാണു: തന്നിമിത്തം ഏതെങ്കിലും പള്ളിക്കൂടം വീണുപോയിട്ടുണ്ടോ?

ശ്രീ. എൽ. എം. പൈലി: പട്ടണക്കാട്ടു ഒരു സ്കൂൾ വീണുപോയി.

ശ്രീ. കെ. എ. മാത്യു: എല്ലാ സ്കൂളുകളും മിഡ്സമ്മറിനു മുൻപു കെട്ടിമേച്ചിൽ നടത്തണമെന്നു നിർബന്ധമില്ലേ?

ശ്രീ. എൽ. എം. പൈലി: അങ്ങിനെ നിർബന്ധമൊന്നും ഉണ്ടെന്നു തോന്നുന്നില്ല.

ശ്രീ. കെ. എ. മാത്യു: സാമാനങ്ങളുടെ വിലക്കൂടുതൽകൊണ്ടു് കൺട്രാക്ടർമാരെ കിട്ടിയില്ലെങ്കിൽ ററേ കൂടുതൽ കൊടുത്തു അവർ വേല നടത്തുകയില്ലേ?

ശ്രീ. എൽ. എം. പൈലി: ററേ കൂടുതൽ കൊടുത്താൽ ജോലി നടത്തുമായിരിക്കും. അങ്ങിനെയാണെങ്കിൽ അതിനെപ്പററി ആലോചിക്കാം.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: എവിടെയെങ്കിലും പള്ളിക്കൂടം ഇടിഞ്ഞുവീണു കുട്ടികൾ മരിച്ചുപോയിട്ടുണ്ടോ?

ശ്രീ. എൽ. എം. പൈലി: ഒരു സ്കൂൾ ഇടിഞ്ഞുവീണതു നിമിത്തം ഒരു കുട്ടി മരിക്കുന്നതിനിടയായി.

ശ്രീ. ഈ. ഗോപാലകൃഷ്ണമേനോൻ: പറവൂരിൽ ഒരു പള്ളിക്കൂടം കെട്ടിമേച്ചിൽ നടത്താത്തതു നിമിത്തം അതു ഒരു മനക്കലെ തൊഴുത്തിലാണു നടത്തിക്കൊണ്ടിരിക്കുന്നതു് എന്നറിയാമോ?

ശ്രീ. എൽ. എം. പൈലി: അറിഞ്ഞുകൂടാ.

ശ്രീ. ഏ. താണുപിള്ള: ഈ പള്ളിക്കൂടങ്ങൾ മുഴവനും വർഷകാലം ആരംഭിക്കുന്നതിനുമുൻപു ഓല കെട്ടിക്കുന്നതിനു എന്താണു വിഷമം?

ശ്രീ. എൽ. എം. പൈലി: സാധാരണ നേരത്തെ ഓല കെട്ടും. ചിലപ്പോൾ അതു സാധിക്കയില്ല.

ശ്രീ. കെ. ഏ. മാത്യു: എല്ലാ ആണ്ടുകളിലും ഇങ്ങനെ താമസിച്ചാണ് ഓല കെട്ടിക്കൊണ്ടിരിക്കുന്നതെന്നറിയാമൊ?

ശ്രീ. എൽ. എം. പൈലി: എല്ലാ ആണ്ടുകളിലും അങ്ങിനെയല്ല.

പുതിയ വിദ്യാഭ്യാസപദ്ധതി

*൧൯൧. (൨) ശ്രീ. പി. നാണു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വിദ്യാഭ്യാസ്വകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) ശ്രീ. ഗോവിന്ദമേനോൻ മന്ത്രിപദം വിടുന്നതുവരെ പുതിയ വിദ്യാഭ്യാസപദ്ധതിയനുസരിച്ചു എത്ര മാനേജുമെൻറുകൾ പദ്ധതി സ്വീകരിച്ചു പ്രവർത്തിച്ചിട്ടുണ്ട്;

(ബി) അതിനുശേഷം എത്ര മാനേജുമെൻറുകൾ പദ്ധതി സ്വീകരിച്ചു പ്രവർത്തിച്ചിട്ടുണ്ട്;

(സി) പദ്ധതി സ്വീകരിക്കാത്ത മാനേജുമെൻറുകൾ ഉണ്ടെങ്കിൽ അവ എത്രയാണ്?

വിദ്യാഭ്യാസവും റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എൽ. എം. പൈലി):

(എ) ൫൧൪.
(ബി) ൧൩.
(സി) ൪൨൬.

ശ്രീ. പി. നാണു: ഗവർമ്മെണ്ടിൻെറ വിദ്യാഭ്യാസപദ്ധതി സ്വീകരിക്കാത്ത മാനേജുമെൻറിനെ പദ്ധതിയിൽ കൊണ്ടുവരുന്നതിനായിട്ടു എന്തു നടപടി നടത്തി?

ശ്രീ. എൽ. എം. പൈലി: അതെപ്പററി നടപടികൾ ഒന്നും എടുത്തിട്ടില്ല.

ശ്രീ. പി. നാണു: അവരെ ഈ പദ്ധതിയിൽ ഉൾപ്പെടുത്താൻ വേണ്ട നടപടിയെടുക്കുമൊ?

ശ്രീ. എൽ. എം. പൈലി: ഈ കാര്യത്തെപ്പററി ഇതിനുമുൻപിലത്തെ ദിവസം ഞാൻ മറുപടി പറഞ്ഞിട്ടുണ്ട്.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: പദ്ധതി സ്വീകരിക്കാത്ത മാനേജുമെൻറിനു ഗവർമ്മെൻറിൽനിന്നും വല്ല സൗജന്യവും ചെയ്തുകൊടുത്തിട്ടുണ്ടോ?

ശ്രീ. എൽ. എം. പൈലി: ഇല്ല.

ശ്രീ. പി. നാണു: ചില മാനേജുമെൻറ സ്കൂളുകളിൽ കൂടുതൽ ക്ലാസുകൾ നടത്തിക്കൊള്ളാൻ അനുവാദം കൊടുത്തിട്ടില്ലേ?

ശ്രീ. എൽ. എം. പൈലി: അങ്ങനെയുണ്ടെങ്കിൽതന്നെ അതൊരു സൗജന്യമല്ല.

ശ്രീ. പി. നാണു: കൂടുതൽ ഗ്രാൻറ വല്ലതും കൊടുത്തിട്ടുണ്ടോ?

ശ്രീ. എൽ. എം. പൈലി: ഇല്ല.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: ഈ പദ്ധതിയിൽ ചേരണമെന്നു കാണിച്ചു എല്ലാവർക്കും നോട്ടീസ് കൊടുത്തിട്ടില്ലേ?

ശ്രീ. എൽ. എം. പൈലി: ഇതിനെ സംബന്ധിച്ച് ഒരു പ്രസ്നോട്ട് പുറപ്പെടുവിച്ചിട്ടുണ്ട്. ആ പ്രസ്നോട്ടിൽ എല്ലാം മാനേജുമെൻറ സ്കൂളുകളും പദ്ധതിയിൽ ചേരാൻ ആവശ്യപ്പെട്ടിട്ടുണ്ട്.

ശ്രീ. ജോസഫ് മാത്തൻ: ഈ പദ്ധതി കമ്പൽസറിയാണോ?

ശ്രീ. എൽ. എം. പൈലി: കമ്പൽസറിയാണെന്നു പറയാൻ തരമില്ല.

പുതിയ സ്കൂളുകൾ

*൨൬൨. (ന) ശ്രീ. പി. നാണു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) ഇക്കൊല്ലം എത്ര പുതിയ സ്കൂളുകൾ ഗവമ്മെൻറനുവദിച്ചിട്ടുണ്ട്;

(ബി) തൻമൂലം ഗവമ്മെൻറിനു ഒരു കൊല്ലത്തിൽ ഉണ്ടാകുന്ന ചെലവുകൾ എത്രയാണ്?

വിദ്യാഭ്യാസവും റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എൽ. എം. പൈലി):

(എ) ൧൬൨.

(ബി) ൫൨, ൦൦൦ രൂപ (എസ്റ്റാബ്ലിഷ്മെൻറ ഇനത്തിലും കണ്ടിൻജൻസി ഇനത്തിലും ഉൾപ്പെടെ)

ശ്രീ. പി. നാണു: ഈ തുക ചെലവാക്കുന്നതു് ഏതു ഇനത്തിൽ നിന്നാണ്?

ശ്രീ. എൽ. എം. പൈലി: സ്റ്റേററിൻെറ റവന്യൂ ഇനത്തിൽനിന്നാണ്.

ശ്രീ. പി. നാണു: ഈ ആവശ്യങ്ങൾ നിർവ്വഹിക്കാൻവേണ്ടിയുള്ള പണം ഗവമ്മെൻറിനു ഉണ്ടോ?

ശ്രീ. എൽ. എം. പൈലി: ഉണ്ട്.

Sri. P. Balakrishnan Tampi: How many elementary schools are there?

Sri. L. M. Pylee: I will read out the details. Of the 162 schools, sanctioned this year, 98 are private and 64 are departmental schools.

Primary:	Departmental	24
	Private	49
Middle Schools	Departmental	29
	Private	29
High Schools	Departmental	10
	Private	20
Training School	Departmental	1
	Private	Nil.

This is the position.

ശ്രീ. എ. താണുപിള്ള: ഈ പറയുന്ന ഹൈസ്കൂളുകളും മുൻപു പറഞ്ഞ പദ്ധതി സ്വീകരിക്കുന്നവയാണോ, അല്ലാത്തതും ഇതിൽ ഉൾപ്പെടുമോ?

ശ്രീ. എൽ. എം. പൈലി: അല്ലാത്തതും ഇതിൽ ഉണ്ട്.

ശ്രീ. എ. താണുപിള്ള: അല്ലാത്തതു എത്രയുണ്ട്?

ശ്രീ. എൽ. എം. പൈലി: അതിനു നോട്ടീസ് വേണം.

ശ്രീ. എ. താണുപിള്ള: പുതിയ പദ്ധതിയിൽ ചേരാത്ത സ്കൂളുകളെ ചേക്കാനുള്ള വല്ല വ്യവസ്ഥയുമുണ്ടോ?

ശ്രീ. എൽ. എം. പൈലി: അതിനെപ്പററി ആലോചിച്ചുകൊണ്ടിരിക്കയാണ്.

ശ്രീ. എ. താണുപിള്ള: ഗവൺമെന്റിന്റെ പദ്ധതി സംബന്ധിച്ച് ഒരു നയവുമില്ലാതെ പുതിയ പുതിയ സ്കൂളുകൾ അനുവദിക്കുന്നുവെന്നാണൊ മനസ്സിലാക്കേണ്ടതു് ?

ശ്രീ. എൽ. എം. പൈലി: പുതിയ സ്കൂളുകൾ അനുവദിക്കുന്നതു് ഒന്നു്, പദ്ധതിയെപ്പറ്റി ആലോചിക്കുന്ന നയം വേറെയൊന്നു്.

ശ്രീ. എ. താണുപിള്ള: ഏതെങ്കിലും വ്യക്തമായ ഒരു ഉറച്ച നയം ഗവൺമെന്റിനു ഈ കാര്യത്തിൽ ഇല്ലെ?

ശ്രീ. എൽ. എം. പൈലി: ഇതിനെപ്പറ്റിയുള്ള സകല വശവും നിലവിലിരിക്കുന്നു. ഒരുപക്ഷെ മെമ്പർ ഉദ്ദേശിക്കുന്നതു അദ്ധ്യാപകന്മാരുടെ ശമ്പളത്തെപ്പറ്റിയൊ ക്ഷാമബത്തയെപ്പറ്റിയൊ ആണെങ്കിൽ അതു് ആലോചനയിൽ ഇരിക്കയാണു്.

ശ്രീ. എ. താണുപിള്ള: എന്റെ ചോദ്യം അതല്ല. പുതിയ പ്രൈവറ്റ സ്കൂൾ അനുവദിക്കുന്നതിനെ സംബന്ധിച്ചു ഗവൺമെന്റ് ഏതെങ്കിലും തരത്തിൽ ചെലവു വഹിക്കേണ്ടിവന്നാൽ അതിനു ഈ പുതിയ പദ്ധതി പ്രകാരം ഏതെങ്കിലും നയം സ്വീകരിച്ചിട്ടുണ്ടോ?

Chief Minister **(Sri. C. Kesavan):** Sir, may I answer the question?

Mr. Speaker: Yes.

ശ്രീ. സി. കേശവൻ: ഗവൺമെന്റിന്റെ പുതിയ പദ്ധതിയിൽ ഉൾപ്പെടാത്ത സ്കൂളുകൾക്കു് ക്ലാസുകൾ കൂട്ടുന്നതിനുള്ള അനുവാദം അവരുടെ അപേക്ഷപ്രകാരം നൽകിയിട്ടുണ്ടു്.

ശ്രീ. എ. താണുപിള്ള: അങ്ങിനെ കൂടുതൽ ക്ലാസുകൾ അനുവദിച്ചുകൊടുക്കുന്നപക്ഷം ഗവൺമെന്റിനു കൂടുതൽ ചെലവുണ്ടാകയില്ലെ?

ശ്രീ. സി. കേശവൻ: ക്ലാസുകൾ കൂട്ടുന്ന സന്ദർഭത്തിൽ അദ്ധ്യാപകന്മാർ കൂടുതൽ വേണ്ടിവരും. അങ്ങിനെ കൂടുതൽ വേണ്ടിവരുന്ന അദ്ധ്യാപകന്മാരുടെ ശമ്പളക്കാര്യത്തിനു ഗവൺമെന്റ അനുവാദം കൊടുത്തിട്ടുണ്ടു്.

ശ്രീ. എ. താണുപിള്ള: പ്രൈവറ്റ് സ്കൂളുകളെ സംബന്ധിച്ചിടത്തോളം അദ്ധ്യാപകന്മാരുടെ ശമ്പളത്തെപ്പറ്റി വല്ല നയവും ഗവൺമെന്റിനുണ്ടോ?

ശ്രീ. സി. കേശവൻ: ഉണ്ടു്. ഈ പദ്ധതിയിൽ ഉൾപ്പെട്ട സ്കൂളുകളിലെ അദ്ധ്യാപകന്മാക്കുള്ള ശമ്പളത്തിനെപ്പറ്റി വ്യവസ്ഥചെയ്തിട്ടുണ്ടു്. അല്ലാത്ത അദ്ധ്യാപകന്മാരുടെ ശമ്പളത്തെപ്പറ്റിയുള്ള ഒരു വ്യവസ്ഥ ഈ പദ്ധതിയിൽ ഉൾപ്പെടുത്താൻ വേണ്ട നടപടികൾ എടുക്കുന്നുണ്ടു്.

ശ്രീ. എ. താണുപിള്ള: പുതിയ സ്കൂളുകൾ അനുവദിക്കുന്നതു്, അതിന്മേലുണ്ടാകുന്ന ചെലവുകൾ മാനേജ്മെന്റിനെക്കൊണ്ടു വഹിപ്പിക്കാമെന്നുള്ള ഉദ്ദേശത്തിലാണോ?

ശ്രീ. സി. കേശവൻ; അതെ.

ശ്രീ. എ. താണുപിള്ള: അവർ അദ്ധ്യാപകന്മാക്കു് ശമ്പളം കൊടുക്കുന്നതു ഇന്ന രീതിയിലാണെന്നുള്ളതിനെപ്പറ്റി വല്ല റിപ്പോർട്ടും ഗവൺമെന്റിന്റെ പക്കലുണ്ടോ?

ശ്രീ. സി കേശവൻ: ഇപ്പോൾ കൈവശമില്ല. ആവശ്യമാണെങ്കിൽ റിപ്പോർട്ടു വരുത്താം.

ശ്രീ. എ. താണുപിള്ള: ഈ പുതിയ പ്രൈവറ്റ് സ്കൂൾ അദ്ധ്യാപകന്മാരുടെ ശമ്പളക്കാര്യത്തിൽ ഗവൺമെന്റിനു മേലാൽ യാതൊരു ചുമതലയും ഇല്ലെന്നു ഞാൻ വിചാരിക്കുന്നതു ശരിയാണോ?

ശ്രീ. സി. കേശവൻ. ഈ അദ്ധ്യാപകന്മാരുടെ ശമ്പളത്തെസംബന്ധിച്ചിടത്തോളം ഗവണ്മെൻറു നിശ്ചയിക്കുന്ന ശമ്പളം കൊടുക്കുന്നതിനു അവർ തയ്യാറാകണം.

പട്ടികജാതി വിദ്യാർത്ഥികൾക്കു ലഭിക്കുന്ന സഹായധനം

* ൧൱൩. (൬) ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.

(എ) വിദ്യാഭ്യാസത്തിൽ പിന്നോക്കം നിൽക്കുന്ന പട്ടികജാതിയിൽപ്പെട്ട വിദ്യാർത്ഥികൾക്കു ഇന്നു ലഭിക്കുന്ന സഹായധനം അവരുടെ ആവശ്യങ്ങൾക്കു മതിയാകുന്നില്ല എന്നു വല്ല നിവേദനവും ഗവണ്മെൻറിനു ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്മേൽ എന്തുനടപടി നടത്തി എന്നു പറയുമോ;

(ബി) പിന്നോക്കസമുദായ ക്രിസ്ത്യാനികളിൽനിന്നും ഹിന്ദുക്കളായി പരിവർത്തനം ചെയ്യപ്പെട്ടിട്ടുള്ളവരിൽനിന്നും ഫീസ് ഈടാക്കിയിട്ടുണ്ടോ? അങ്ങിനെ പരിവർത്തനം ചെയ്യപ്പെട്ടിട്ടുള്ളവർക്കും വിദ്യാർത്ഥിവേതനം നൽകിയിട്ടുണ്ടോ എന്നു പറയുമോ?

മുഖ്യമന്ത്രി (ശ്രീ. സി. കേശവൻ).

(എ) ഉണ്ട്.

സർവ്വസാധാരണമായി സഹായധനം വർദ്ധിപ്പിക്കേണ്ടതില്ലെന്നു നിശ്ചയിച്ചിട്ടുണ്ട്.

(ബി) അവരിൽനിന്നും ഫീസ് ഈടാക്കിയിട്ടുണ്ടായിരിക്കാം. എന്നാൽ പിന്നീട് പ്രസ്തുത വിഭാഗങ്ങളിൽപ്പെട്ട വിദ്യാർത്ഥികൾക്കു സ്കൂളുകളിലോ കാളേജുകളിലോ പഠിക്കുന്നതനുസരിച്ചു മുഴുവൻ ഫീസ് സൗജന്യമോ വിദ്യാർത്ഥിവേതനമോ നൽകിയിട്ടുണ്ട്.

ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി. അവരിൽനിന്നും മുഴുവൻ ഫീസും ഈടാക്കിവരുന്നതിനെപ്പറ്റി വല്ല പരാതികളും ലഭിച്ചിട്ടുണ്ടോ?

ശ്രീ. സി. കേശവൻ. അങ്ങിനെ പരാതികൾ ലഭിച്ചിട്ടുള്ളതായി അറിവില്ല. മുഴുവൻ ഫീസും ഈടാക്കിയിട്ടുണ്ടെങ്കിൽ ഈടാക്കിയിട്ടുള്ള ഫീസ് തിരിച്ചുകൊടുക്കുന്നതിനെപ്പറ്റി ആലോചിക്കാം.

ഹരിജൻ വിദ്യാർത്ഥികളുടെ താമസം

* ൧൱൪ (൭) ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി. താഴെപറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ചീഫ് മന്ത്രി സദയം മറുപടി പറയുമോ?

(എ) തിരുവനന്തപുരം ഹിന്ദുമഹിളാമന്ദിരം, ആനന്ദനിലയം, ശ്രീരാമകൃഷ്ണാശ്രമം മുതലായ സ്ഥാപനങ്ങളിൽ ഹരിജൻ വിദ്യാർത്ഥികളെ താമസിപ്പിച്ചുവരുന്നതായി ഗവണ്മെൻറിനു അറിയാമോ;

(ബി) ഈ സ്ഥാപനങ്ങൾ പിന്നോക്കസമുദായങ്ങളുടെ വിദ്യാഭ്യാസപരമായ കാര്യങ്ങളിൽ സഹായകമായിരുന്നതായി ഗവണ്മെൻറിനു ബോദ്ധ്യപ്പെട്ടിട്ടുണ്ടോ;

(സി) ഈ സ്ഥാപനങ്ങൾക്കു മുൻ ഗവണ്മെൻറ് ചെയ്തിരുന്ന സഹായങ്ങൾ ജനകീയഗവണ്മെൻറ് പിൻവലിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പിൻവലിക്കുവാനുണ്ടായ സാഹചര്യങ്ങളെന്തെന്നു പറയുമോ?

മുഖ്യമന്ത്രി (ശ്രീ. സി. കേശവൻ). (എ) അറിയാം.

(ബി) ഉണ്ട്.

(സി) ഹരിജനങ്ങളെ ഉദ്ധരിക്കുന്നുണ്ടെന്നുള്ള അവകാശത്തിന്മേൽ പല സ്ഥാപനങ്ങളും ൧൧൨൫-ാം ആണ്ടുവരെ പിന്നോക്കസമുദായോന്നമന ഡിപ്പാർട്ടുമെൻറിൽനിന്നും ഗ്രാൻറുകൾ വാങ്ങിക്കൊണ്ടിരുന്നു. എന്നാൽ ഇത്തരം സ്ഥാപനങ്ങളുടെ നടത്തിപ്പിനേയും പ്രയോജനത്തേയും കുറിച്ചു ആലോചിച്ചതിനുശേഷം വേണം ഗ്രാൻറുകൾ തുടരുവാനെന്ന് ൨൦—൫—൧൧൨൫-ൽ കൂടിയ അഡ്വൈസറി കമ്മററി ശുപാർശചെയ്തു. ഇതനുസരിച്ചാണ് ചോദ്യത്തിൽ പ്രസ്താവിച്ചിരിക്കുന്ന സ്ഥാപനങ്ങളുടെ ഗ്രാൻറുകളും മററു സ്ഥാപനങ്ങളുടേതിനോടൊപ്പം നിറുത്തുവാനിടയായതു്. തദനന്തരം ഗവമ്മെൻറു നിയോഗിച്ച ഒരു കമ്മററി ഇത്തരം സ്ഥാപനങ്ങളുടെ നടത്തിപ്പിനേയും പ്രയോജനത്തേയും പററി അന്വേഷിച്ചു റിപ്പോർട്ടു് സമർപ്പിച്ചിട്ടുണ്ട്. ആ റിപ്പോർട്ടിലെ നിർദ്ദേശങ്ങളെ സംബന്ധിച്ച് ഗവമ്മെൻറ് ഇപ്പോൾ ആലോചിച്ചുവരികയാണ്.

ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി. ഈ സ്ഥാപനങ്ങൾക്ക് ഗ്രാൻറു കൊടുക്കുന്നതിനെപ്പററി ഗവമ്മെൻറു ആലോചിക്കുമോ?

ശ്രീ. സി. കേശവൻ. അതു് അഡ്വൈസറി ബോർഡിൻെറ ആലോചനക്കു വച്ചിരിക്കയാണ്. ബഹു. മെമ്പർ അഡ്വൈസറി ബോർഡിലെ ഒരംഗവുമാണല്ലോ.

ADMISSION TO THE ENGINEERING COLLEGE

*195. [7] **Sri. D. Gnanasigamoni**: Will the hon. Minister for Education be pleased to state the principles followed in the matter of admission of students to the Engineering College, Trivandrum?

Minister for Education and Revenue **(Sri. L. M. Pylee)**:

Admissions to the Engineering College are made on the basis of marks secured by the candidate in the University Examination, Entrance Examination and at the Intermediate Examination. Marks awarded at the interview are added on to the marks obtained for the academic performance plus marks for entrance examination. As many candidates as are required are selected on the basis of total marks. Regarding reservation of seats to backward communities no definite number has been allotted.

ശ്രീ. കെ. ആർ. ഇലങ്കത്തു്. മെഡിക്കൽ കാളേജിലേക്കുള്ള പ്രവേശനത്തിന് വൈവാവോസിപരീക്ഷ ഇല്ലാതിരുന്നതുപോലെ ഇഞ്ചിനീയറിംഗ്കാളേജിലേക്കുള്ള പ്രവേശനത്തിനും അതു വേണ്ടെന്നു വച്ചുകൂടേ?

Sri. L. M. Pylee: It is done by the University according to rules obtaining there.

Sri.. A. P. Udayabhanu: May I know, what is the percentage of marks allotted for interview?

Sri. L. M. Pylee. I claim notice.

Sri. N. Daniel Jose. Is the Government aware of the fact that *viva voce* examination in the Engineering College is often a farce?

Mr. Speaker: That question is disallowed as it contains an inference.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: ഇഞ്ചിനീയറിംഗ് കാളേജിൽ പിന്നോക്കസമുദായക്കാർക്ക് സീററുകൾ റിസർവ്വ് ചെയ്യണമെന്ന് ഇൻഡ്യാ ഗവമ്മെൻറിൽനിന്നും വല്ല നിർദ്ദേശവും ഉണ്ടായിട്ടുണ്ടോ?

ശ്രീ. എൽ. എം. പൈലി: ഇല്ല.

ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി: ഇവിടത്തെ എഞ്ചിനീയറിംഗ് കാളേജിൽ അഡ്മിഷനുവേണ്ടി പിന്നോക്കസമുദായക്കാരിൽനിന്നും അപേക്ഷകൾ ലഭിച്ചിട്ടുണ്ടോ?

ശ്രീ. എൽ. എം. പൈലി: ഉണ്ട്. അവർക്ക് ന്യായമായ പ്രാതിനിധ്യം അവിടെ ലഭിച്ചിട്ടുണ്ടെന്നാണ് കാണുന്നത്.

ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി: അവിടെ പിന്നോക്കസമുദായക്കാർക്ക് സീറ്റുകൾ റിസർവ്വ് ചെയ്യണമെന്ന് ഗവൺമെന്റ് വിചാരിക്കുന്നുണ്ടോ?

ശ്രീ. എൽ. എം. പൈലി: അതിനെപ്പററി യൂണിവേഴ്സിററിയാണ് ആലോചിക്കേണ്ടതു്.

VILLAGE ROADS

***196. [10] Sri. M. Varki:** Will the hon. Minister for Public Works be pleased to state the village roads in Kunnathunad taluk selected to be improved and taken over by the department during this financial year and the progress regarding each?

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. ജി. ചന്ദ്രശേഖരപിള്ള): ഉത്തരം തയ്യാറായിട്ടില്ല.

സർവ്വീസ് സംയോജനം

*൨൱൧. (൧൧) ശ്രീ. അലക്സാണ്ടർ വാകയിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സദയം മറുപടി പറയുമോ.—

(എ) എത്രെല്ലാം ഡിപ്പാർട്ടുമെന്റിൽ പൂർണ്ണമായ സർവ്വീസ് സംയോജനം ഇതിനകം നടത്തപ്പെട്ടിട്ടുണ്ട്;

(ബി) ഇതിനെ സംബന്ധിച്ചു കേന്ദ്രത്തിൽനിന്നു എന്തു നിർദ്ദേശമാണ് ലഭിച്ചതു്?

മുഖ്യമന്ത്രി (ശ്രീ. സി. കേശവൻ): (എ) സംയോജനം ഒരു ഡിപ്പാർട്ടുമെന്റിലും പൂർത്തിയായിട്ടില്ല.

(ബി) ഈ ഗവൺമെന്റു സർവ്വീസ് സംയോജനം സംബന്ധിച്ച് പുറപ്പെടുവിച്ച തത്വങ്ങൾക്ക് രണ്ടു ചില്ലറ നിർദ്ദേശങ്ങൾ സെൻട്രൽ ഗവൺമെന്റിൽ നിന്നും ലഭിച്ചിട്ടുണ്ട്. ഗവൺമെന്റിൽ നിന്നും പുറപ്പെടുവിച്ചിട്ടുള്ള ഓർഡറിന്റെ പകർപ്പ് ബഹുമാനപ്പെട്ട മെമ്പർ ശ്രീ. താണുപിള്ള ആവശ്യപ്പെട്ടതനുസരിച്ച് മേശപ്പുറത്ത് വെച്ചിട്ടുണ്ട്.*

ശ്രീ. അലക്സാണ്ടർ വാകയിൽ: സർവ്വീസ്സംയോജനം സംബന്ധിച്ചുള്ള ജോലികൾ ആരാണു ചെയ്യുന്നതു്?

ശ്രീ. സി. കേശവൻ: സെക്രട്ടറിയേററ്.

ശ്രീ. അലക്സാണ്ടർ വാകയിൽ: ആ ജോലി ഇപ്പോൾ എത്രമാത്രം പുരോഗമിച്ചിട്ടുണ്ട്?

ശ്രീ. സി. കേശവൻ: സർവ്വീസിലെ ഉയന്ന സ്ഥാനങ്ങളിൽ ഇരിക്കുന്നവരെ, അതായതു് സെക്രട്ടറിയുടെ ഗ്രേഡിലും അതിനു മുകളിലുള്ള ഗ്രേഡിലും ഉള്ളവരെ സംബന്ധിച്ചിടത്തോളം സംയോജനം നടത്തി ഒരു ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ട്. ഗവൺമെന്റ് ഇപ്പോൾ ആ ലിസ്റ്റ് പരിശോധിച്ചുകൊണ്ടിരിക്കയാണ്.

---

*Please see Appendix I—Page 386

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: സംയോജനം സംബന്ധിച്ച് തിരു-കൊച്ചി സംസ്ഥാനത്തിനു വെളിയിൽനിന്നും ആരെ എങ്കിലും വരുത്തിയിട്ടുണ്ടോ?

ശ്രീ. സി. കേശവൻ: ഇല്ല.

സാഹിബ് ബഹദൂർ അബ്ദുൾ അസീസ്: സർവ്വീസ് സംയോജനത്തിനു വേണ്ടി ഒരു പ്രത്യേക സെക്രട്ടറിയെ നിയമിച്ചിട്ടുണ്ടോ?

ശ്രീ. സി. കേശവൻ: ഉണ്ട്.

സാഹിബ് ബഹദൂർ അബ്ദുൾ അസീസ്: അദ്ദേഹത്തെ ഒരു വർഷത്തേക്കാണ് നിയമിച്ചിട്ടുള്ളതെന്ന് അറിയാമോ?

ശ്രീ. സി. കേശവൻ: അദ്ദേഹത്തിന്റെ കാലാവധി ഏതുവരെ ആണെന്നു പറയുവാൻ നോട്ടീസ് വേണം.

Sri. D. Gnanasigamoni: From the progress so far, will it be right in thinking that integration is never to be completed ?

Mr. Speaker: It contains an inference and so I disallow it.

സാഹിബ് ബഹദൂർ അബ്ദുൾ അസീസ്: സർവ്വീസ് സംയോജനം സംബന്ധിച്ചുള്ള ചുമതലകൂടി പബ്ലിക്ക് സർവ്വീസ് കമ്മീഷനെ ഏല്പിക്കുന്നതു് കൂടുതൽ കാര്യക്ഷമമായിരിക്കുകയില്ലേ?

ശ്രീ. സി. കേശവൻ: സർവ്വീസ് സംയോജനം സംബന്ധിച്ചുള്ള ആദ്യത്തെ പ്രവർത്തനം ഡിപ്പാർട്ട്മെന്റൽ ഹെഡ്സുമായി ആലോചിച്ച് ഗവർമ്മെന്റു നടത്തുകയാണ് ചെയ്യുന്നതു്. എന്നാൽ അവസാനതീരുമാനം പബ്ളിക്ക് സർവ്വീസ് കമ്മീഷന്റെ പരിശോധനക്ക് വിധേയമായി മാത്രമേ ചെയ്യുകയുള്ളൂ.

സ്കൂൾ ഫൈനൽ പരീക്ഷ

* ഫൻവ്യ. (ഫഫ) ശ്രീ. അലക്സാണ്ടർ വാകയിൽ: താഴെ കാണുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

കൊച്ചിയിൽ നടന്ന മാതിരിയിലുള്ള സ്കൂൾ ഫൈനൽ പരീക്ഷയിലെ മോഡറേഷൻ സമ്പ്രദായം തിരുവിതാംകൂർ-കൊച്ചിയിൽ ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

വിദ്യാഭ്യാസവും റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എൽ. എം. പൈലി): കൊച്ചി വിഭാഗത്തിലെ എസ്സ്. എസ്സ്. എൽ. സി. യിലേയും, തിരുവിതാംകൂർ വിഭാഗത്തിലെ ഇ. എസ്സ്. എൽ. സി. യിലേയും മോഡറേഷൻ സമ്പ്രദായം ഒന്നുതന്നെയാണ്. എന്നാൽ പാസ്സാകുന്നതിനെ സംബന്ധിച്ച് നിശ്ചയിച്ചിട്ടുള്ള ഏററവും കുറഞ്ഞ മാർക്ക് ഓരോ വിഭാഗത്തിനും വ്യത്യസ്ഥമായിരുന്നു. ഫൻ ൫ഫ മാർച്ചിൽ നടത്തുന്ന പരീക്ഷയിൽ ഈ വ്യത്യാസം എറക്കുറെ പരിഹരിക്കുന്നതാണ്.

ശ്രീ. അലക്സാണ്ടർ വാകയിൽ: അനേകവർഷങ്ങളായി കൊച്ചിയിലുള്ള മോഡറേഷൻ സമ്പ്രദായം ഇക്കൊല്ലം നിറുത്തുവാനുള്ള കാരണം എന്താണ്?

ശ്രീ. എൽ. എം. പൈലി: അതിനു ഒരു ഏകീകരണം ഉണ്ടാകണമെന്നു വിചാരിച്ചാണ്.

ശ്രീ. അലക്സാണ്ടർ വാകയിൽ: ഇപ്പോൾ തിരുവിതാംകൂറിലെ മോഡറേഷൻ സമ്പ്രദായമല്ലേ രണ്ടു വിഭാഗത്തിലുമുള്ള പരീക്ഷക്ക് അംഗീകരിച്ചിട്ടുള്ളതു്?

ശ്രീ. എൽ. എം. പൈലി: അതെ.

ശ്രീ. അലക്സാണ്ടർ വാകയിൽ: മദ്രാസിലും മററും കൊച്ചി വിഭാഗത്തു നടപ്പുണ്ടായിരുന്ന സമ്പ്രദായമാണു് ഇപ്പോഴും നടപ്പിലിരിക്കുന്നതെന്നു് അറിയാമോ?

ശ്രീ. എൽ. എം. പൈലി: അറിയാം.

ശ്രീ. അലക്സാണ്ടർ വാകയിൽ: അതുകൊണ്ടു് വീണ്ടും കൊച്ചിയിലെ സമ്പ്രദായംതന്നെ നടപ്പിൽവരുത്തുവാൻ ഗവമ്മെൻറു് ആലോചിക്കുമോ?

ശ്രീ. എൽ. എം. പൈലി: അതേപ്പററിയും ആലോചിക്കുന്നുണ്ടു്.

ശ്രീ. അലക്സാണ്ടർ വാകയിൽ: കൊച്ചിയിൽ മുമ്പു പാർട്ട്സിസ്റ്റം അനുവദിച്ചിരുന്നു. ഇപ്പോൾ അതു വേണ്ടെന്നുവയ്ക്കുവാൻ കാരണം എന്താണു്?

ശ്രീ. എൽ. എം. പൈലി: അതും ഏകീകരണത്തിൻെറ ഒരു പടിയായി നിറുത്തിയതാണു്.

ശ്രീ. ഏ. താണുപിള്ള: തിരുവിതാംകൂർ സംസ്ഥാനത്തും കൊച്ചി സംസ്ഥാനത്തുമുള്ള മോഡറേഷൻ സമ്പ്രദായം ഒന്നുതന്നെയാണെന്നു ആദ്യം പറഞ്ഞു. പിന്നീടുണ്ടായ ചോദ്യങ്ങൾക്കുത്തരമായി അതിനു വ്യത്യാസം ഉണ്ടെന്നും പറയുന്നു. ഇതിൽ ഏതാണു് ശരി?

ശ്രീ. എൽ. എം. പൈലി: ജനറലായി നോക്കുമ്പോൾ ഇവയ്ക്കുതമ്മിൽ വ്യത്യാസമില്ലെങ്കിലും അതിൻെറ മൈനർ ഡീറെറയിൽസിൽ ചില വ്യത്യാസങ്ങളെല്ലാം ഉണ്ടു്.

ശ്രീ. ഏ. താണുപിള്ള: ഏററവും കുറഞ്ഞ മാർക്കു് നിശ്ചയിക്കുന്നതിലും മററും ചില വ്യത്യാസങ്ങൾ ഉണ്ടെന്നല്ലാതെ മോഡറേഷൻ സമ്പ്രദായത്തിൽ വല്ല വ്യത്യാസങ്ങളുമുണ്ടോ?

ശ്രീ. എൽ. എം. പൈലി: പ്രിൻസിപ്പിളിൽ വ്യത്യാസമൊന്നുമില്ല.

ശ്രീ. മാന്നാർ ഗോപാലൻനായർ: ഈ രണ്ടു സംസ്ഥാനത്തും ഇത്തവണത്തെ പരീക്ഷയിൽ ജയിച്ചിട്ടുള്ള വിദ്യാർത്ഥികളുടെ ശതമാനത്തിൽ വല്ല വ്യത്യാസവുമുണ്ടോ?

ശ്രീ. എൽ. എം. പൈലി: അതിനു നോട്ടീസുവേണം.

ശ്രീ. ഏ. കെ. പാച്ചുപിള്ള: മോഡറേഷൻ സമ്പ്രദായത്തിൽ രണ്ടു വിഭാഗത്തിലും വ്യത്യസ്ഥമായ ചില രീതികൾ ഉണ്ടെന്നു പറഞ്ഞു. അതിനുള്ള കാരണം എന്താണു്?

ശ്രീ. എൽ. എം. പൈലി: ചില തത്വങ്ങളെ അടിസ്ഥാനപ്പെടുത്തി രണ്ടു സംസ്ഥാനങ്ങളിലും ഓരോ സമ്പ്രദായം ഏർപ്പെടുത്തി, വളരെ നാളായി അംഗീകരിച്ചുപോരുന്ന ഒന്നാണു് അതു്. ചില പ്രത്യേക സാഹചര്യങ്ങളിൽ വിദ്യാർത്ഥികൾക്കു് കൂടുതൽ ബുദ്ധിമുട്ടു് ഉണ്ടാകരുതെന്നു കരുതി ആ സമ്പ്രദായം ഏർപ്പെടുത്തിയിട്ടുള്ളതാണു്. അതിനാൽ ഈ വ്യത്യാസങ്ങൾ നിലനിന്നുപോരുന്നു.

ചേർത്തല—ആലപ്പുഴ തോടു്

* ൨൯൯. (൨൩) ശ്രീ. കൃഷ്ണൻ അയ്യപ്പൻ: താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട ഗതാഗതവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

ചേർത്തല—ആലപ്പുഴ തോടു താഴ്ത്തുന്നതിനു് അയച്ചിട്ടുള്ള ഡ്രഡ്ജർ ആലപ്പുഴനിന്നും വടക്കോട്ടു എത്ര മൈൽ തോടു താഴ്ത്തിയിട്ടുണ്ടു്?

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. ജി. ചന്ദ്രശേഖരപിള്ള): ആലപ്പുഴ നിന്നും ൪ മൈൽ തോടു താഴ്ത്തിയിട്ടുണ്ടു്.

ശ്രീ. കുഞ്ഞൻ അയ്യപ്പൻ: ഇനിയും എത്ര മൈൽ താഴ്ത്താനുണ്ടു്?

ശ്രീ. ജി. ചന്ദ്രശേഖരപിള്ള: ഇനിയും ൩ മൈൽകൂടി താഴ്ത്താനുണ്ടു്.

ശ്രീ. കുഞ്ഞൻ അയ്യപ്പൻ: ഇപ്പോൾ ആ ഡ്രഡ്ജർ കേടുവന്നു കിടക്കുന്നതു മൂലം ജോലി നടക്കുന്നില്ലായെന്നറിയാമോ?

ശ്രീ. ജി. ചന്ദ്രശേഖരപിള്ള: ഡ്രഡ്ജറിന്റെ കേടുതീർത്തു ജോലി ഉടൻ ആരംഭിക്കുന്നതിനു ഏർപ്പാട് ചെയ്തിട്ടുണ്ടു്.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: ഈ ഗവൺമെന്റു വകയായി ആകെ എത്ര ഡ്രഡ്ജർ ഉണ്ടു്?

ശ്രീ. ജി. ചന്ദ്രശേഖരപിള്ള: ആ ചോദ്യം ഇതിൽനിന്നും ഉദിക്കുന്നില്ല

നൂൽവിതരണം

*൨൦൦. (൧൪) ശ്രീ. പി. കെ. കുമാരൻ ആചാരി: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട കൺട്രോൾ വകുപ്പു മന്ത്രി സദയം മറുപടി പറയുമോ.—

(എ) കൈത്തറി നെയ്ത്തുകാരുടെ ആവശ്യത്തിനായി ആകെ എത്ര ബെയിൽ നൂൽ വീതം വിതരണം ചെയ്തുവരുന്നുണ്ടു്;

(ബി) സംസ്ഥാനത്തിനു പുറത്തുനിന്നും എത്ര ബെയിൽ നൂൽ വീതം പ്രതിമാസം വരുത്തുന്നുണ്ടു്;

(സി) ഈ സംസ്ഥാനത്തു എതെല്ലാം മില്ലുകളിലാണു് നൂൽ ഉണ്ടാക്കുന്നതു്?

ധനകാര്യവും ഭക്ഷ്യവും വകുപ്പു മന്ത്രി (ശ്രീ. കെ. എം. കോര):

(എ) ശരാശരി മാസം ൧,൦൦൦ ബെയിൽ വീതം വിതരണം ചെയ്തുവരുന്നുണ്ടു്.

(ബി) ഏകദേശം ൨൦൦ ബെയിൽ നൂലു് സംസ്ഥാനത്തിനു് പുറത്തുനിന്നും വരുത്തുന്നുണ്ടു്.

(സി) സംസ്ഥാനത്തു നൂൽ ഉണ്ടാക്കുന്ന മില്ലുകൾ:—

൧. അളകപ്പാ ടെക്സ്റ്റയിൽസ്, അളഗപ്പാനഗർ.
൨. കൊച്ചിൻ മഹാലക്ഷ്മി കോട്ടൺ മിൽ, കൊച്ചി.
൩. വനജാ ടെക്സ്റ്റയിൽസ്, തൃശ്ശൂർ.
൪. അശോകാ ടെക്സ്റ്റയിൽസ്, ആലുവാ.
൫. വിജയമോഹിനി മിൽസ്, തിരുവനന്തപുരം.
൬. എ. ഡി. കോട്ടൻ മിൽസ്, കൊല്ലം.
൭. ബാലരാമവർമ്മ ടെക്സ്റ്റയിൽസ്, ചെങ്കോട്ട.

ശ്രീ. പി. കെ. കുമാരൻ ആചാരി: ഈ മില്ലുകളിൽ ആകെ ഉല്പാദിപ്പിക്കുന്ന നൂൽ എത്രയാണെന്നു പറയാമോ?

ശ്രീ. കെ. എം. കോര: അതിന്റെ വിശദവിവരങ്ങൾ അറിയണമെങ്കിൽ നോട്ടീസു് വേണം.

ശ്രീ. പി. കെ. കുമാരൻ ആചാരി. ഈ നൂൽ മുഴുവൻ ഇവിടെ വിതരണം ചെയ്യുകയാണോ?

ശ്രീ. കെ. എം. കോര: അതേ.

ശ്രീ. പി. കെ. കുമാരൻ ആചാരി: ഇത്രയും നൂൽ ഉല്പാദിപ്പിച്ചിട്ടും ഈ തറികൾക്ക് ശരിയായി നൂൽ കൊടുക്കുവാൻ സാധിക്കുന്നില്ലെന്നു ഗവന്മെൻറിനറിയാമോ?

ശ്രീ. കെ. എം. കോര: മുഴുവൻ തറികൾക്കും കൊടുക്കാൻ മതിയാകുന്നില്ലെന്നറിയാം.

ശ്രീ. റാഫേൽ ജെ. റൊഡ്രിഗ്സ്: ചില മില്ലുകൾ ഇവിടെ ആവശ്യത്തിനുള്ള നൂലല്ല ഉല്പാദിപ്പിക്കുന്നതെന്നും അങ്ങിനെ ഉല്പാദിപ്പിക്കുന്ന നൂൽ വെളിയിൽ അയക്കുകയാണെന്നും അറിയാമോ?

ശ്രീ. കെ. എം. കോര: ഇതുവരെ അറിയാൻ സാധിച്ചിട്ടില്ല.

ശ്രീ. റാഫേൽ ജെ. റൊഡ്രിഗ്സ്: അങ്ങനെ ചെയ്യുന്നുണ്ടെന്ന് ഗവന്മെൻറിനെ ബോദ്ധ്യപ്പെടുത്തിയാൽ വേണ്ടതു ചെയ്യാമോ?

ശ്രീ. കെ. എം. കോര: അതു സംബന്ധിച്ചുള്ള കാര്യങ്ങൾ ഗവന്മെൻറിൻെറ ശ്രദ്ധയിൽ കൊണ്ടുവന്നാൽ വേണ്ടതു ചെയ്യാം.

ശ്രീ. റാഫേൽ ജെ. റൊഡ്രിഗ്സ്: ഇതു സംബന്ധിച്ച് വല്ല പരസ്പരസഹായസംഘങ്ങളും നിശ്ചയങ്ങൾ പാസ്സാക്കി അയച്ചിട്ടുണ്ടോ?

ശ്രീ. കെ. എം. കോര: കിട്ടിയിട്ടുണ്ട്. അതേസംബന്ധിച്ച് അന്വേഷിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. മാന്നാർ ഗോപാലൻ നായർ: വിജയമോഹിനിമില്ലിൽ നിന്നും നൂൽ കിട്ടുന്നില്ലെന്നറിയാമോ?

ശ്രീ. കെ. എം. കോര: അവിടെ സ്ട്രൈക്ക് തുടങ്ങിയിരിക്കയാണെന്നറിയാം.

ശ്രീ. മാന്നാർ ഗോപാലൻ നായർ: അവിടെ സ്ട്രൈക്ക് തുടങ്ങിയിട്ട് എത്രകാലമായി എന്നറിയാമോ?

ശ്രീ. കെ. എം. കോര: എത്രകാലമായി എന്നറിവില്ല.

സാഹിബ് ബഹദൂർ കെ. എ. മഹമ്മദ്: ഇവിടെ ആയിരം ബെയിൽ നൂൽ വിതരണം ചെയ്യുന്നു എന്നു പറഞ്ഞു. അതിൽ ൨൦൦ ബെയിൽ വെളിയിൽനിന്നും വരുത്തുന്നു എന്നും പറഞ്ഞു. അപ്പോൾ ബാക്കി ൮൦൦ ബെയിൽ നൂല് ഇവിടെ ഉല്പാദിപ്പിക്കുന്നു എന്നാണോ പറയുന്നത്?

ശ്രീ. കെ. എം. കോര: അതേ.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: നൂൽ ക്ഷാമം നിമിത്തം എത്ര തൊഴിലാളികൾക്ക് ജോലിയില്ലാതായിട്ടുണ്ടെന്നു പറയാമോ?

ശ്രീ. കെ. എം. കോര: അതുസംബന്ധിച്ച് സെൻസസ്സ് എടുത്തിട്ടില്ല.

Sri. N. Daniel Jose: May I know whether some of these mills are not manufacturing yarn of 60 counts which are exported?

Sri. K. M. Korah: They are.

Sri. N. Daniel Jose: Why does not the Government find out possibilties of inducing these mills to manufacture 20 and 40 counts?

Sri. K. M. Korah: The control is with the Government of India, not with this Government.

ശ്രീ. എ. താണുപിള്ള: എത്ര ബെയിൽ നൂൽകൂടി വെളിയിൽനിന്നു വരുത്തിയാൽ ഇവിടത്തെ ആവശ്യത്തിനു മതിയാകും.

ശ്രീ. കെ. എം. ഭകാര: ഇപ്പോഠം നമുക്ക് കൊടുക്കാൻ സാധിക്കുന്നതു് കാൽ കെട്ടുമുതൽ അര കെട്ടുവരെയാണ്. അതിന്റെ നാലിരട്ടികൂടി വന്നാൽ മതി.

പേപ്പർ മിൽ

*വ ൦ ഫ. (ഫ ൫) ശ്രീ. പി. കെ. കുമാരൻ ആചാരി: താഴെ പറയുന്ന ചോദ്യങ്ങഠംക്ക് ബദ്ധമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) ഈ രാജ്യത്തെ ആവശ്യത്തിനു വേണ്ടത്ര കടലാസ്സ് ഇവിടത്തെ പുനലൂർ പേപ്പർ മില്ലിൽ ഉണ്ടാക്കുന്നുണ്ടോ;

(ബി) പുനലൂർ പേപ്പർ മില്ലിൽ ഗവർമ്മെൻറിനുള്ള ഷെയർ എത്ര;

(സി) ഫൻ ൪ൻ, ഫൻ ൫ ൦ ഈ വർഷങ്ങളിൽ പുനലൂർ പേപ്പർ മില്ലിൽ നിന്നും ഗവമ്മെൻറിന് ലഭിച്ച ഡിവിഡൻറ് എത്ര?

വ്യവസായവും, തൊഴിലും വകുപ്പു മന്ത്രി (ശ്രീ. പി. കെ. കൃഷ്ണൻകുട്ടിമേനോൻ):

(എ) ഇല്ല.

(ബി) ൪, ഫ ൦, വ ൫ വ രൂപാ ൫ ണ. വ്യ സ.

(സി) ഫൻ ൪ൻ-ൽ ഫ ൦, ൻ വ്യ ൫ രൂപാ ഫ ൦ ണ.

ഫൻ ൫ ൦-ൽ ന ഫ, ന വ്യ ൭ രൂപാ വ്യ ണ.

ശ്രീ. പി. കെ. കുമാരൻ ആചാരി: പുനലൂർ പേപ്പർ മില്ലിൽ പ്രധാനമായി ഏതുതരം കടലാസ്സ് ആണ് ഉണ്ടാക്കുന്നതു്?

ശ്രീ. പി. കെ. കൃഷ്ണൻകുട്ടിമേനോൻ: അവിടെ ഉല്പാദിപ്പിക്കുന്നതിൽ നാൽപ്പതു ശതമാനം റാപ്പിംഗ് പേപ്പർ ആണ്.

ശ്രീ. പി. കെ. കുമാരൻ ആചാരി: അവിടെ ന്യൂസ്പേപ്പറിനുള്ള പേപ്പർ ഉണ്ടാക്കുന്നുണ്ടോ?

ശ്രീ. പി. കെ. കൃഷ്ണൻകുട്ടിമേനോൻ: ഇല്ല.

ശ്രീ. പി. കെ. കുമാരൻ ആചാരി: അതിന് കാരണമെന്താണ്?

ശ്രീ. പി. കെ. കൃഷ്ണൻകുട്ടിമേനോൻ: അവിടെ അതിനുള്ള മെഷീനറി ഇല്ലാത്തതുകൊണ്ടാണ്.

ശ്രീ. പി. കെ. കുമാരൻ ആചാരി: ഇവിടെ പേപ്പർ ഗവമ്മെൻറാവശ്യത്തിന് വെളിയിൽനിന്നും വാങ്ങിക്കൊണ്ടിരിക്കെ അവിടെ ഉണ്ടാക്കുന്ന പേപ്പർ മുഴുവനും ഇവിടത്തെ ആവശ്യത്തിനായി ഉപയോഗപ്പെടുത്തുകയും അവിടെ ന്യൂസ് പ്രിൻറ് ഉണ്ടാക്കുന്നതിനുള്ള മെഷീനറി വരുത്തി ഗവമ്മെൻറ മാനേജുമെൻറിൽ മിൽ നടത്തുകയും ചെയ്താൽ ഗവമ്മെൻറിന് ആദായമുണ്ടാകയില്ലേ ?

ശ്രീ. പി. കെ. കൃഷ്ണൻകുട്ടിമേനോൻ: ഈ വ്യവസായം അഭിവൃദ്ധിപ്പെടുത്തുന്നതിനെ സംബന്ധിച്ച് ഗവമ്മെൻറാലോചിച്ചുകൊണ്ടിരിക്കുകയാണ്. ഫൻ ൫ വ-നോടുകൂടി അതു് നടപ്പിൽ വരുമെന്നു വിശ്വസിക്കുന്നു.

ശ്രീ. എ. കെ. പാച്ചുപിള്ള: അവിടെ ഉല്പാദിപ്പിക്കുന്ന പേപ്പർ സെൻട്രൽ ഗവമ്മെൻറിനെ ഏല്പിക്കണമെന്ന് വല്ല നിബ്ബന്ധവുമുണ്ടോ?

ശ്രീ. പി. കെ. കൃഷ്ണൻകുട്ടിമേനോൻ: നിബ്ബന്ധമില്ല.

ശ്രീ. കെ. രാമചന്ദ്രൻ: ൧൯൪൯-൫൦-ൽ അവിടത്തെ തൊഴിലാളികൾക്ക് എത്ര ശതമാനം ബോണസ് കൊടുത്തു?

ശ്രീ. പി. കെ. കൃഷ്ണൻകുട്ടിമേനോൻ: ആ ചോദ്യം ഇതിൽനിന്നുദിക്കുന്നില്ല.

പട്ടികജാതി

*൨൦൨. (൧൩) ശ്രീ. പി. കെ. കുമാരൻ ആചാരി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സദയം മറുപടി നൽകുമോ.—

(എ) വിശ്വകർമ്മസമുദായത്തെ പട്ടികജാതിയിൽ ഉൾപ്പെടുത്തണമെന്ന് അവർ ഗവമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ?

(ബി) ഈ സമുദായത്തെ പട്ടികജാതിയിൽ ഉൾപ്പെടുത്താത്തതിനുള്ള കാരണങ്ങൾ എവ?

മുഖ്യമന്ത്രി (ശ്രീ. സി. കേശവൻ):

(എ) ഉണ്ട്.

(ബി) വിശ്വകർമ്മസമുദായത്തെ സംബന്ധിച്ചിടത്തോളം, സാക്ഷരത്വത്തിലും സാമ്പത്തികസ്ഥിതിയിലും നോക്കുന്ന പക്ഷം പട്ടികജാതിക്കാരുടെ കൂട്ടത്തിൽ ഉൾപ്പെടുത്തത്തക്കവിധം അവരുടെ നില അത്ര മോശമല്ല.

ശ്രീ. പി. കെ. കുമാരൻ ആചാരി: ഉന്നതവിദ്യാഭ്യാസം സിദ്ധിച്ചിട്ടുള്ളവർ ഏതു നിലയിൽ ഇരിക്കുന്നു എന്നു പറയാമോ?

ശ്രീ. സി. കേശവൻ: അതിന്റെ സെൻസസ്സ് എടുത്തിട്ടില്ല.

ശ്രീ. പി. കെ. കുമാരൻ ആചാരി: പിന്നെ എന്തുകൊണ്ടാണ് അവരെ പട്ടികജാതിയിൽ ഉൾപ്പെടുത്താതിരുന്നതു്?

ശ്രീ. സി. കേശവൻ: സാധാരണയായി പട്ടികജാതിയിൽ ഉൾപ്പെടുത്തുന്നതു് മലയരയൻ, വേലൻ, വാലൻ മുതലായ സാക്ഷരത്വം കുറവായവരും, സാമ്പത്തികനിലയും സാമുദായികസ്ഥിതിയും മോശമായിട്ടുള്ളവരെയാണ്. കമ്മാളസമുദായത്തെ അതിൽ ഉൾപ്പെടുത്തുന്നതു് അവരുടെ സമുദായത്തിന് ആക്ഷേപകരമായിട്ടുള്ളതാണെന്നു കരുതി ചേർക്കാതിരുന്നതാണ്.

ശ്രീ. പി. കെ. കുമാരൻ ആചാരി: അവർക്ക് അതിൽ ആക്ഷേപമില്ലെന്നറിയാമോ?

ശ്രീ. സി. കേശവൻ: അവർക്ക് ആക്ഷേപമില്ലെങ്കിലും ഗവമെന്റിനു അവരെ പട്ടികജാതിക്കാരുടെ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതു് ശരിയല്ല എന്നു തോന്നി.

ശ്രീ. പി. കെ. കുമാരൻ ആചാരി: അവരെ ഏതു് ലിസ്റ്റിലാണുൾപ്പെടുത്തിയിട്ടുള്ളതു്?

ശ്രീ. സി. കേശവൻ: അവരെ വിദ്യാഭ്യാസ സൌജന്യങ്ങൾക്കു മാത്രമായി ബാക്ക്വേർഡ് കമ്മ്യൂണിററീസിന്റെ കൂട്ടത്തിൽ ഉൾപ്പെടുത്തിയിരിക്കുകയാണ്.

ശ്രീ. കെ. രാമചന്ദ്രൻ: ഈ സമുദായങ്ങളെ സംബന്ധിച്ചിടത്തോളം ഒരു സാമ്പത്തികസർവ്വേ നടത്തിയിട്ടുണ്ടോ?

Mr. Speaker: The question does not arise.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി: ഈ പട്ടികജാതിക്കാരുടെ കൂട്ടത്തിൽ ഏതെല്ലാം സമുദായക്കാർ ഉൾപ്പെടും?

ശ്രീ. സി. കേശവൻ: വാലസമുദായം, വേളാർ, മലഅരയൻ, മുതലായവരെയാണ്. ഇതുകൂടാതെ വിദ്യാഭ്യാസ സൌജന്യങ്ങൾ സമ്പാദിക്കുന്നതിനും മററുമായി മററു സമുദായങ്ങളും പട്ടികജാതിയിൽ ഉൾപ്പെടുത്തണമെന്ന് അപേക്ഷിച്ചിട്ടുണ്ട്.

സാഹിബ് ബഹദൂർ അബ്ദുൾ അസീസ്: ഈ പട്ടികജാതിക്കാർ എന്നു പറയുന്നതു് ആക്ഷേപമാണോ?

ശ്രീ. സി. കേശവൻ: അല്ല.

ശ്രീ. എ. പി. ഉദയഭാനു: വിശ്വകർമ്മസമുദായം എന്നു പറയുന്നതു് വിശ്വകർമ്മബ്രാഹ്മണരല്ലേ?

ശ്രീ. സി. കേശവൻ: അതേ.

ടെക്സ്റ്റയിൽ കമ്മിററി

*൨൦൩ (൫൯) സാഹിബ് ബഹദൂർ ടി. എ. മൈതീൻകുഞ്ഞു: താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട കൺട്രോൾ വകുപ്പു മന്ത്രി സദയം മറുപടി പറയുമോ.—

തുണി നൂൽ വിതരണസംബന്ധമായി പുതിയ നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിലേക്ക് ഏർപ്പെടുത്തിയ കമ്മിററി ഇതിനകം എന്തു പ്രവർത്തിച്ചിട്ടുണ്ട്?

ധനകാര്യവും, ഭക്ഷ്യവും, വകുപ്പുമന്ത്രി (ശ്രീ. കെ. എം. കോര): ഇതു സംബന്ധിച്ചു ൩൦-൪-൫൦-ൽ ഒരു കമ്മിററിയെ രൂപീകരിച്ചു. ആ കമ്മിററിയുടെ നിർദ്ദേശപ്രകാരം നൂൽകൊടുത്തു പകരം തുണിവാങ്ങിക്കുക എന്നുള്ള സ്കീം അംഗീകരിച്ചിട്ടുണ്ട്. ഈ പദ്ധതി അനുസരിച്ച് തിരുവിതാംകൂർ ഹാൻഡ്ലൂം വീവേഴ്സ് സെൻട്രൽ കോവാപ്പറേററീവ് സൊസൈററിക്ക് ൧൦൦ ബെയിൽ നൂലും മേമാസം മുതൽ അനുവദിച്ചിട്ടുണ്ട്. ഒരു ടെക്സ്റ്റയിൽ സെൻട്രൽ അഡൈ്വസറി കമ്മിററി രൂപീകരിക്കുന്നതിനു തീരുമാനിച്ചിട്ടുണ്ട്. ഈ കമ്മിററി ഉടനെ തന്നെ സംഘടിപ്പിക്കുന്നതാണ്.

ശ്രീ. പൊന്നറ ജി. ശ്രീധർ: ഈ രണ്ടു സംഘടനകൾക്കും നൂൽ കൊടുത്തിട്ട് തിരിച്ചു് തുണി വാങ്ങിയിട്ടുള്ളതായറിയാമോ?

ശ്രീ. കെ. എം. കോര: ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

ശ്രീ. പൊന്നറ ജി. ശ്രീധർ: അവർക്ക് എത്ര ഇഷ്യു കൊടുത്തു എന്നു പറയാമോ?

ശ്രീ. കെ. എം. കോര: അതിപ്പോൾ പറയാൻ നിവൃത്തിയില്ല.

ശ്രീ. പൊന്നറ ജി. ശ്രീധർ: ഈ മാസത്തിൽ എത്ര തവണ കൊടുത്തിട്ടുണ്ടെന്നു പറയാമോ?

ശ്രീ. കെ. എം. കോര: അതിനു നോട്ടീസു വേണം.

TEACHERS APPOINTED ON A BASIC SALARY OF Rs. 50

***204.** [20] **Sri. N. Daniel Jose**: Will the hon. Minister for Education be pleased to state.—

(*a*) the number of teachers appointed since September 1949 on a basic salary of Rs. 50;

(*b*) whether they have been given increments so far or paid revised scales; and

(*c*) if not, whether the Government proposes to give them increments and revised scale with retrospective effect ?

Minister for Education and Revenue **(Sri. L. M. Pylee)**:

(*a*) 338.

(*b*) No.

(*c*) The graduates now on a fixed pay of Rs. 50., will according to their seniority, be absorbed in the posts on Rs. 50-100.

Sri. N. Daniel Jose : But were not these teachers given a promise that they would be given due increments, etc., when they were appointed ?

Sri. L. M. Pylee : There was no promise.

Sri. N. Daniel Jose : Is the Government aware of the fact in the normal course these 338 teachers will find it almost impossible to get increment for their entire career ?

Sri. L. M. Pylee : That is why Government are anxious to see that when vacancies arise, they are absorbed.

ശ്രീ. കെ. എ. മാത്യു: ഇവരെ നിയമിച്ചപ്പോൾ പബ്ലിക്ക സർവ്വീസ് കമ്മീഷണരുടെ അഡ്വൈസ് എന്തായിരുന്നു? അവരെ ഏതു സ്കെയിലിൽ നിയമിക്കണമെന്നായിരുന്നു?

ശ്രീ. എൽ. എം. പൈലി: അതിന് നോട്ടീസ് വേണം.

ശ്രീ. കെ. എ. മാത്യു: ഈ അൻപതു രൂപാ ശമ്പളത്തിൽ നിയമിച്ചിട്ടുള്ള ടീച്ചേഴ്സിന ഇപ്പോഴും അങ്ങിനെ തന്നെ തുടരുകയാണോ?

Sri. L. M. Pylee: As vacancies occur they are being absorbed.

ശ്രീ. കെ. എ. മാത്യു: ഇത്രയും പേരെ ടെംപററിയായി വച്ചുകൊണ്ടിരിക്കുന്നതു ശരിയാണോ?

Sri. L. M. Pylee: But in course of time permanent vacancies are bound to arise.

Sri. N. P. Varghese: Is there any special reason for this discrimination?

Sri. L. M. Pylee: There is no discrimination at all.

സാഹിബ് ബഹദൂർ കെ. എ. മഹമ്മദ്: ഇത്ര വളരെ ടീച്ചേഴ്സിനെ വച്ചുകൊണ്ട് അവക്ക് കൂടുതലായി പോസ്റ്റുണ്ടാക്കാൻ ഗവൺമെൻറുദ്ദേശിക്കുന്നുണ്ടോ?

ശ്രീ. എൽ. എം. പൈലി: ഇപ്പോൾ ഉദ്ദേശിക്കുന്നില്ല.

ശ്രീ. എ. താണുപിള്ള: ഇത്രയും ടീച്ചേഴ്സിനെ നിയമിച്ചിട്ടുള്ളതു സ്ഥിരമായിട്ടോ താൽക്കാലികമായിട്ടോ?

ശ്രീ. എൽ. എം. പൈലി: താൽക്കാലികമായ വേക്കൻസികളിലാണ്

ശ്രീ. എ. താണുപിള്ള: ഇത്രയും കൂടുതൽ ടീച്ചേഴ്സിനെ വേണമെന്നു കണ്ടതു് എന്തുകൊണ്ടാണെന്നു പറയാമോ?

ശ്രീ. എൽ. എം. പൈലി: പഴയ ടൈപ്പ് മിഡിൽ സ്കൂൾ പുതിയ ടൈപ്പാക്കിയപ്പോൾ കൂടുതൽ ഗ്രാഡ്വേറ്റ ടീച്ചേഴ്സിനെ ആവശ്യമായിവന്നു. അപ്പോൾ അതിനുവേണ്ടി അവരെ നിയമിച്ചു.

ശ്രീ. എ. താണുപിള്ള: ഇവരെ ടെംപററിയായിട്ടോ ആക്ടിംഗായിട്ടോ എന്തടിസ്ഥാനത്തിന്മേലാണ് നിയമിച്ചിട്ടുള്ളതു്.

ശ്രീ എൽ. എം. പൈലി: ഇവരെ നിയമിച്ചിട്ടുള്ളതു് ടെംപററി അടിസ്ഥാനത്തിന്മേലാണ്.

ശ്രീ. എ. താണുപിള്ള: ഇത്രയും സ്ഥാനങ്ങൾ ഇനിയും ടെംപററിയായി തന്നെ തുടർന്നുകൊണ്ടുപോകണമെന്നോ പോകേണ്ട എന്നോ എന്താണു ഗവൺമെൻറിൻെറ നില.

ശ്രീ. എൽ. എം. പൈലി: കഴിയുന്നതും അവരേയും സ്ഥിരപ്പെടുത്തിക്കൊണ്ടു പോകണമെന്നാണ്.

ശ്രീ. എ. താണുപിള്ള: അതാണു ഗവൺമെൻറിൻെറ നിലയെങ്കിൽ ഈ പത്തുനാനൂറുപേരെ ടെംപററിക്കാരായി വച്ചുകൊണ്ടു വിഷമിപ്പിക്കാതെ അവർക്ക് ഇന്നത്തെ ഗ്രേഡു കൊടുത്തു സ്ഥിരപ്പെടുത്തുന്നതിനു എന്താണു തടസ്സമുള്ളത്?

ശ്രീ. എൽ. എം. പൈലി: അതിനു പല തടസ്സങ്ങളും ഉണ്ട്. എല്ലാവർക്കും സ്ഥിരമായ പോസ്റ്റുകൾ കൊടുക്കണമെങ്കിൽ അതിനു നിവൃത്തിയില്ല. പുതിയ പോസ്റ്റുകൾ ക്രീയേററു ചെയ്യേണ്ടിവരും. അതു കാരണം വേക്കൻസികൾ ഉണ്ടാകുമ്പോൾ മാത്രമേ സ്ഥിരപ്പെടുത്തുവാൻ നിവൃത്തിയുള്ളു. വേക്കൻസികൾ കൂടക്കൂടെ ഉണ്ടായിക്കൊണ്ടുമിരിക്കും.

ശ്രീ. എ. താണുപിള്ള: ഇത്രയും ആളുകളെ ഈ ഡിപ്പാർട്ടുമെൻറിൽ തുടർന്നുകൊണ്ടു പോകേണ്ടതാവശ്യമാണെന്നു കാണുന്നതുകൊണ്ടു അവരെ സ്ഥിരപ്പെടുത്തി അവരുടെ ഗ്രേഡിലുള്ള ശമ്പളം കൊടുക്കുവാൻ എന്താണു വിരോധം? ഫിനാൻഷ്യലായിട്ടോ അഡ്മിനിസ്ട്രേടീവായിട്ടോ എഡ്യൂക്കേഷനലായിട്ടോ അങ്ങിനെ ചെയ്യുവാൻ യാതൊരു തടസ്സവും ഞാൻ കാണാത്തതുകൊണ്ടു ചോദിക്കുകയാണ്.

ശ്രീ. എൽ. എം. പൈലി: ബഹുമാനപ്പെട്ട മെംബർ ചോദിച്ചതുപോലെ ഇത്രത്തോളം സ്ഥാനങ്ങൾ മുഴവൻ സ്ഥിരപ്പെടുത്തിക്കൊണ്ടു പോകണമെന്നുള്ളതല്ല, ഗവൺമെൻറിൻെറ ഉദ്ദേശം. അതാണു മെംബർ അർത്ഥമാക്കുന്നതെങ്കിൽ അതു ശരിയല്ല. The presumption of the hon. Member is not correct. ഞാൻ പറഞ്ഞതു് ആവുന്നതും സ്ഥിരപ്പെടുത്തിക്കൊണ്ടു പോകണമെന്നാണ്?

I did not state that all those post are to be converted into permanent posts എല്ലാം സ്ഥിരപ്പെടുത്തണമെന്നു ഞാൻ പറഞ്ഞിട്ടില്ല.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: ഗ്രാഡുവേററു ടീച്ചേഴ്സിനു തിരുവിതാംകൂർ വിഭാഗത്തും കൊച്ചി വിഭാഗത്തും ഒരേഗ്രേഡിലുള്ള ശമ്പളമാണോ കൊടുത്തുവരുന്നതു്?

Mr. Speaker: That question does not arise as a supplementary question.

ശ്രീ. എ. താണുപിള്ള: ഈ ന.ന.വ്യ പേരുടെ കാര്യം പറഞ്ഞതിൽ തൽക്കാലം ഒരു നൂറോ നൂററൻപതോ ആളുകളെ സ്ഥിരപ്പെടുത്തുവാൻ കുറച്ചു വിഷമമുണ്ടായേക്കാം. എന്നാൽ അവരിൽ കുറെ പേർക്കെങ്കിലും സ്ഥിരം കൊടുക്കുന്നതിനു എന്താണു വിഷമമുള്ളത്.

ശ്രീ. എൽ. എം. പൈലി: ഇവരുടെ ബുദ്ധിമുട്ടുകളെ പരിഗണിച്ചു അതു പരിഹരിക്കുവാൻ എന്തെങ്കിലും നിവൃത്തിമാർഗ്ഗങ്ങൾ ഉണ്ടാക്കുന്നതിനെപ്പററി ഗവൺമെൻറാലോചിക്കുന്നതാണ്.

ശ്രീ. കെ. എ. മാത്യു: ഇവരെ ടെംപററി ടീച്ചേഴ്സായി നിയമിച്ചിട്ട് എത്ര വർഷങ്ങളായി?

ശ്രീ. എൽ. എം. പൈലി: നോട്ടീസുവേണം.

ശ്രീ. കെ. എ. മാത്യു: ഈ രൂ. ൫൦—൧൦൦ വരെയുള്ള ഗ്രേഡിൽ നിയമിച്ചിട്ടുള്ളവരിൽ ആർക്കെങ്കിലും ൫൦ രൂപാ ഫിക്സ്ഡ് പേ കൊടുത്തു നിയമിച്ചിട്ടുണ്ടോ?

ശ്രീ. എൽ. എം. പൈലി: പബ്ലിക്ക് സർവ്വീസ് കമ്മീഷൻ റെക്കമെൻറു ചെയ്തതനുസരിച്ചാണ് ഇവക്ക് ൫൦—൧൦൦ വരെയുള്ള ഗ്രേഡ് വച്ചിട്ടുള്ളത്.

ശ്രീ. കെ. എ. മാത്യു: അങ്ങിനെ ചെയ്യാനുള്ള കാരണമെന്താണ്?

ശ്രീ. എൽ. എം. പൈലി: കാരണങ്ങൾ ഉണ്ടായിരുന്നതുകൊണ്ടായിരിക്കാം അങ്ങിനെ ചെയ്തത്.

Sri. P. Balakrishnan Tampi: Are there not many first and second class graduates among them?

ശ്രീ. എൽ. എം. പൈലി: ഉണ്ടായിരിക്കാം.

Sri. P. Balakrishnan Tampi: Can any Government claiming to be civilised take credit for paying such first and second class graduates and keeping them on Rs. 50 per mensem?

Mr. Speaker: That question does not arise.

Sri. L. M. Pylee; I may mention that there are several other departments as well where first and second class graduates are getting lesser pay.

ശ്രീ. എൻ. പി. വറഗീസ്: പബ്ളിക്ക് സർവ്വീസ് കമ്മീഷൻ ഇവരുടെ അപ്ലിക്കേഷൻസ് കാൾഫോർ ചെയ്തത് രൂ. ൫൦—൧൦൦ സ്കെയിലാണോ?

ശ്രീ. എൽ. എം. പൈലി: നോട്ടീസു വേണം.

ശ്രീ. എ. പി. ഉദയഭാനു: പബ്ളിക്ക് സർവ്വീസ് കമ്മീഷൻ അപ്ലിക്കേഷൻ കാൾഫോർ ചെയ്തത് ഗവമ്മെൻറുമായി കൺസൽട്ടു ചെയ്തിട്ടല്ലേ?

ശ്രീ. എൽ. എം. പൈലി: എപ്പോഴും അങ്ങിനെ ആകണമെന്നില്ല.

Sri. D. Gnanasigamoni: Are these posts likely to continue indefinitely?

Sri. L. M. Pylee: I can not give a definite answer.

ശ്രീ. എ. കെ. പാച്ചുപിള്ള: കഴിഞ്ഞ ഒരു കൊല്ലമായിട്ടു രൂ. ൫൦—൧൦൦ വരെയുള്ള ഗ്രേഡിൽ ൩൦ ഓളം പോസ്റ്റുകളുടെ വേക്കൻസികൾ ഫിൽ അപ്പ് ചെയ്യാതെ കിടന്നിട്ടുണ്ടെന്നറിയാമോ?

ശ്രീ. എൽ. എം. പൈലി: അതു് ആവശ്യമുള്ള പെർമനൻറ് സ്ഥാനങ്ങളാണെങ്കിൽ അങ്ങിനെയുള്ളതെല്ലാം ഫില്ലപ്പ് ചെയ്തിട്ടുണ്ട്.

ശ്രീ. എ. കെ. പാച്ചുപിള്ള: ൨൪—൧൦—൧൯൫൦-ൽ അദ്ധ്യാപകന്മാരുടെ ഒരു മെമ്മോറാണ്ടം ഗവമ്മെൻറിനയച്ചപ്പോൾ ഉടനെതന്നെ അവരെ ആ സ്ഥാനങ്ങളിൽ നിയമിക്കാമെന്നു ഗവമ്മെൻറു മറുപടി കൊടുത്തിട്ടുണ്ടോ?

ശ്രീ. എൽ. എം. പൈലി: അതിനെ സംബന്ധിച്ചു പറയുവാൻ നോട്ടീസു വേണം.

കിണർ കുഴിക്കൽ

* ൨൦൫. (൨൧) ശ്രീ. കെ. എ. മാത്യു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സദയം മറുപടി പറയുമോ.—

(എ) തിരുവല്ലാ താലൂക്കിൽ ഓതറ എന്ന ഗ്രാമത്തിൽ റൂറൽ ഡവലപ്പുമെൻറു സെൻററിനുവേണ്ടി ഒരു കിണർ ഗ്രോ മോർ ഫുഡ് പദ്ധതി അനുസരിച്ചു് കുഴിക്കുന്നതിനു കൃഷിഡയറക്ടർ ൧—൧൦—൧൯൪൯-ൽ

൨൪൦൫/൧൯൫൪/൧൧൨൧-ാം നമ്പരായി അയച്ച ഓർഡറിൻ പ്രകാരം അനുമതി നൽകിയിരുന്നുവോ;

(ബി) അതിനു ഗവൺമെൻറിൽനിന്നുള്ള സബ്സിഡി കൊടുത്തുവോ;

(സി) പ്രസ്തുത സെൻറർ പ്രവർത്തകർ കിണർ കുഴിച്ചിട്ട് എത്ര കൊല്ലമായി;

(ഡി) ഗവൺമെൻറിൽനിന്നുള്ള സബ്സിഡി കിട്ടിയില്ല എന്നു കാണിച്ചു സെൻറർ പ്രവർത്തകർ വളരെ പ്രാവശ്യം കൃഷിഡയറക്ടർക്കും ഗവർമ്മെൻറിലേക്കും എഴുതിയിട്ടും സബ്സിഡി കൊടുക്കുന്നതിനുള്ള കാലതാമസത്തിനു കാരണമെന്ത്?

ധനകാര്യവും ഭക്ഷ്യവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. കോര):

(എ) നൽകിയിരുന്നു.

(ബി) ഇല്ല.

(സി) രണ്ടു കൊല്ലം

(ഡി) മുമ്പു കുഴിച്ചിട്ടുള്ള കിണറുകൾക്ക് സബ്സിഡി കൊടുക്കുന്നതിനു കഴിഞ്ഞകൊല്ലത്തെ ബഡ്ജററിൽ ഗ്രാൻറില്ലായിരുന്നു. ഈ വർഷത്തെ ബഡ്ജററിൽ കൊള്ളിച്ചിട്ടുള്ള ഗ്രാൻറിൽനിന്നു പ്രസ്തുത കിണറുകളുടെ സബ്സിഡി കൊടുക്കുന്നതിനു ഉത്തരവുകൾ അയച്ചുകഴിഞ്ഞിരിക്കുന്നു.

കോഴഞ്ചേരി പാലം

*൨൦൬. (൨൨) ശ്രീ. കെ. ഏ. മാത്യു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) കോഴഞ്ചേരി പാലം തീർന്നിട്ടു മൂന്നു വർഷങ്ങൾ ആയിട്ടും അതിലേക്ക് ഉപയോഗിച്ചിരുന്ന ആറു ട്രസ്സസ് (Trusses) വെയിലും മഴയും ഏററ് ആററുമണൽപ്പുറത്തും, അമ്പതു നല്ല തേക്കുകഴകൾ കോഴഞ്ചേരി ബസ്സ് സ്റ്റാൻഡിനു സമീപവും ഉപയോഗശൂന്യമായി കിടന്നു നഷ്ടപ്പെട്ടു പോകുന്നതു ഗവൺമെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ഇവയെ യഥാവസരം മാററി സൂക്ഷിക്കുന്നതിനു ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ ആരാണ്;

(സി) എന്തെങ്കിലും നടപടി ഇതിനെസംബന്ധിച്ചു ഗവൺമെണ്ട് സ്വീകരിച്ചിട്ടുണ്ടോ?

പൊതുമരാമത്തു വകുപ്പുമന്ത്രി (ശ്രീ. ജി. ചന്ദ്രശേഖരപിള്ള):

ഉത്തരം തയ്യാറായിട്ടില്ല.

TRANSPORT STRIKE

†*207. [28] **Sri. Neelakantaru Pandarathil:** Will the hon. Minister for Transport be pleased to state.—

(*a*) the reasons leading to the transport strike in connection with the incident at Thuckalai;

(*b*) whether Government have instituted any enquiry into the conduct of the officer concerned; and

(*c*) the reasons for declaring transport system as an essential service?

†Put by Sri. R. K. Ram with the permission of the Chair.

Chief Minister **(Sri C. Kesavan):**

(*a*) The attention of the hon. Member is invited to the Press Note dated 18th August 1951 published by Government.

(*b*) Yes, departmental enquiry has been conducted.

(*c*) The reasons are fully explained in the Press Note dated 21st August 1951.

Sri. P. Balakrishnan Tampi: Sir, I rise to a point of order. Inviting the attention of the House to previous references is hardly satisfactory. I request that the Chief Minister may be asked to give a summary of the Press Notes.

Mr. Speaker: If the answer is very long the hon. Minister can refer to Press Notes, and the hon. Members can go through them and ascertain the necessary information.

Sri. P. Balakrishnan Tampi: I raise another point of order. If reference is made to some past publication of the Government, this House loses its privilege of asking supplementary questions.

Mr. Speaker: Official publications and documents can always be referred to by the hon. Ministers.

INDIAN ALUMINIUM COMPANY

***208.** [31] **Sri. Paul Thaliath:** Will the hon. Minister for Labour be pleased to state.—

(*a*) whether the strike and lockout in the Factory of the Indian Aluminium Company Ltd., have been withdrawn;

(*b*) if the answer to (*a*) is in the affirmative, the date of withdrawal; and

(*c*) if the answer to (*a*) is in the negative the nature of the action taken by the Government in the matter?

Minister for Industries and Labour **(Sri. P. K. Krishnankutty Menon):**

(*a*) Yes.

(*b*) The strike was withdrawn on 17th September 1951. The lockout ceased to exist on the morning of 19th September 1951.

(*c*) Does not arise in view of answer to (*a*).

ELECTRIC CRANES

***209.** [32] **Sri. Paul Thaliath:** Will the hon. Minister for Public Works be pleased to state.—

(*a*) whether it is a fact that an electric crane belonging to the Government is lying idle at Alleppey or any other place;

(*b*) if so, the date on which this was purchased;

(*c*) the expenditure incurred in connection with this?

Minister for Public Works **(Sri. G. Chandrasekhara Pillai):**

(*a*) Eight numbers of electric cranes, purchased by Government for installation at the Alleppey and Trivandrum Piers, are kept in the premises of the Office of the Dredger Superintendent, Alleppey, because the piers in their present condition are not strong enough to erect these new cranes.

(*b*) Received in Alleppey in December 1949.

(*c*) 6 Nos. of 3 tons cranes each £2530 2 Nos. of 10 tones cranes each £5050.

ശ്രീ. പാറം തളിയത്ത്: ഇതു് ആരുടെ ഉപദേശപ്രകാരമാണു് വാങ്ങിയതു്; ഇനി എന്തു ചെയ്യണമെന്നാണു് ഗവമ്മെൻറ വിചാരിക്കുന്നതു്?

ശ്രീ. ജി. ചന്ദ്രശേഖരപിള്ള: അതിൽ രണ്ടു ക്രെയിൻസ് ആലപ്പുഴ തന്നെ ഉറപ്പിക്കുവാൻ തീരുമാനിച്ചിരിക്കുകയാണു്. മൂന്നെണ്ണം ചെങ്കുളത്തേ

ക്കും മാട്ടുപ്പെട്ടിയിലേക്കും കൊടുക്കുവാനുമാണു് തീരുമാനിച്ചതു്. ബാക്കിയുള്ളതിനെപ്പററി തീരുമാനിച്ചിട്ടില്ല.

ശ്രീ. പാഠം തളിയത്തു്: എൻനൻ–ൽ ഈ ക്രെയിൻസ് വാങ്ങിയതു് എന്തിനുവേണ്ടിയായിരുന്നു?

ശ്രീ. ജി. ചന്ദ്രശേഖരപിള്ള: എൻനൻ–ൽ അല്ല. എൻർൻ–ലാണു വാങ്ങിയതു്.

Sri. A. Thanu Pillai: May I know why those cranes were purchased when the piers were not strong enough to bear the weight of the cranes?

ശ്രീ ജി. ചന്ദ്രശേഖരപിള്ള: ആലപ്പുഴയിലെ ആവശ്യത്തിനു വാങ്ങിയതു് അവിടെ ആവശ്യത്തിനു പററാതെ വന്നു. തിരുവനന്തപുരത്തുണ്ടായിരുന്നതു നശിച്ചുപോയി. അതുകാരണം ആലപ്പുഴെയുള്ളതു തിരുവനന്തപുരത്തേക്കു് കൊണ്ടുവന്നതാണു്.

ഹിന്ദി വിദ്യാഭ്യാസം

*൨൭൦. (൩൫) ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പു മന്ത്രി സദയം മറുപടി പറയുമോ —

(എ) ഹിന്ദി അധ്യാപകന്മാക്കു് ഒന്നിൽ കൂടുതൽ സ്കൂളുകളിൽ ജോലി ചെയ്യുന്നതിനുള്ള അനുവാദം ഉണ്ടോ;

(ബി) ൨൫ രൂപാ ശമ്പളമുള്ള ഒരു അധ്യാപകൻ ഒന്നിൽ കൂടുതൽ സ്കൂളുകളിൽ ജോലി ഉണ്ടായിരുന്നാലും ൩൫ രൂപായിൽ കൂടുതൽ ശമ്പളം വാങ്ങാൻ പാടില്ലെന്നു് ഗവമ്മെൻറിൽനിന്നും സർക്കുലർ അയച്ചിട്ടുണ്ടോ;

(സി) ഇന്നു സ്കൂളുകളിൽ ഹിന്ദി അധ്യാപകന്മാരുടെ നോട്ടീസും അവർ പഠിപ്പിക്കുന്ന രീതിയും പരിശോധിക്കുന്നതു ഹിന്ദി പഠിച്ചിട്ടില്ലാത്ത ഇൻസ്പെക്ടർമാരാണെന്നു് ഗവമ്മെണ്ടിനറിയാമോ?

വിദ്യാഭ്യാസവും, റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എൽ. എം. പൈലി):

(എ) ൨൫ രൂപാ അലവൻസു് മാത്രമുള്ള പാർട്ടു ടൈം ഹിന്ദി അധ്യാപകന്മാക്കു് മാത്രം അനുവാദമുണ്ടു്.

(ബി) ഇല്ല.

(സി) ഹിന്ദിപഠനത്തെക്കുറിച്ചു പരിശോധന നടത്തുന്നതു് ഹിന്ദി എഡ്യൂക്കേഷൻ ആഫീസറാണു്.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: ഹിന്ദി പഠിച്ചിട്ടില്ലാത്ത ഇൻസ്പെക്ടറന്മാരുണ്ടോ?

Sri. L. M. Pillai: That goes without saying.

ശ്രീ. മാന്നാർ ഗോപാലൻ നായർ: എഡ്യൂക്കേഷൻ ആഫീസർ ആരാണു്?

ശ്രീ. എൽ. എം. പൈലി: മി. ചന്ദ്രഹാസൻ.

അരിയുടെ വില

*൨൭൭. (൩൬) ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട ഭക്ഷ്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

അരിയുടെ വില കൂട്ടി വച്ചിരിക്കുന്നതു നിമിത്തം തിരുവിതാംകൂർ-കൊച്ചി ഗവണ്മെന്റിനുണ്ടാകുന്ന നഷ്ടം കേന്ദ്ര ഗവണ്മെന്റ് വഹിക്കേണ്ടതാണെന്ന് നിവേദനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ ഫലം എന്താണെന്നു പറയുവാൻ ദയവുണ്ടാകുമോ?

ധനകാര്യവും, ഭക്ഷ്യവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. കോര:)

നിവേദനങ്ങൾ നടത്തിയിട്ടുണ്ട്. അതിന്റെ ഫലമായി കേന്ദ്ര ഗവണ്മെന്റ് നൽകുന്ന സഹായധനം ൧ ൫ ൦ ലക്ഷം രൂപായിൽനിന്നു ആദ്യം ൨ ൫ ൦ ലക്ഷം രൂപായായും, വീണ്ടും ൨ ൭ ൭½ ലക്ഷം രൂപായായും വർദ്ധിപ്പിച്ചിട്ടുണ്ട്.

ഭക്ഷ്യധാന്യവർദ്ധനവിനു് ഗ്രാന്റ്

*൨ ൧ ൨. (നം ൬) ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ഭക്ഷ്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) ഭക്ഷ്യധാന്യവർദ്ധനവിനു് സെൻട്രൽ ഗവണ്മെന്റിൽനിന്നും തിരുവിതാംകൂർ-കൊച്ചി ഗവർമ്മെന്റിനു് ൧൯൫൧-ലേയ്ക്കു് എത്ര രൂപാ ഗ്രാന്റ് തരാമെന്നു് സമ്മതിച്ചിട്ടുണ്ടെന്നു പറയാമോ;

(ബി) അതിൽ എത്ര രൂപാ കിട്ടിയിട്ടുണ്ട്; കിട്ടിയ സംഖ്യയിൽ എത്ര ചെലവാക്കി; എവിടെയെല്ലാം;

(സി) ഭക്ഷ്യധാന്യ വർദ്ധനവിനു് ഗ്രാന്റായി തരാമെന്നു് സമ്മതിച്ചിട്ടുള്ള സംഖ്യ പോരായെന്നും അതിന്റെ ഇരട്ടിയെങ്കിലും തരണമെന്നും സെൻട്രൽ ഗവണ്മെന്റിനെ തിരുവിതാംകൂർ-കൊച്ചി ഗവണ്മെന്റ് അറിയിച്ചിട്ടുണ്ടോ?

ധനകാര്യവും, റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. കോര:)

(എ) കലണ്ടർ വർഷം അനുസരിച്ചല്ല ഗ്രാന്റനുവദിച്ചിട്ടുള്ളതു്. ൧൯൫൦—൫൧, ൧൯൫൧—൫൨ ഈ സാമ്പത്തിക വർഷങ്ങളിലേയ്ക്കു് യഥാക്രമം ൪൦,൭൭,൬൦൦ രൂപയും ൧൭,൭൫,൦൦൦ രൂപയും അനുവദിച്ചിട്ടുണ്ട്.

(ബി) ഒന്നും കിട്ടിയിട്ടില്ല. ൧൯൫൦—൫൧-ൽ ചെയ്തിട്ടുള്ള ജോലികളുടേയും ചെലവിന്റെയും ഒരു ലിസ്റ്റ് അനുബന്ധിച്ചിരിക്കുന്നു. *

(സി) അനുവദിച്ചിട്ടുള്ള തുകകൾ പോരെന്നും കൂടുതൽ കിട്ടണമെന്നും നിവേദനം നടത്തിയിട്ടുണ്ട്.

സാഹിബ് ബഹദൂർ കെ. എ. മുഹമ്മദ്: എന്തടിസ്ഥാനത്തിലാണ് ഇന്ത്യാഗവണ്മെന്റ് നമുക്കു് തരുന്നതു്?

ശ്രീ. കെ. എം. കോര: അൻപതു ശതമാനം ബേസിസിൽ.

സാഹിബ് ബഹദൂർ കെ. എ. മുഹമ്മദ്: ൧൯൫൦—൫൧-നെക്കാൾ കുറവല്ലെ ൧൯൫൧—൫൨-ൽ?

ശ്രീ. കെ. എം. കോര: ടെൻറേറ്റീവായിട്ട് അനുവദിച്ചിട്ടുള്ള ഒരു സംഖ്യയാണ്.

ശ്രീ. കെ. ആർ. ഇലങ്കത്തു്: ഇപ്പോൾ ഏതെല്ലാം ജോലികളാണ് കംപ്ലീററു ചെയ്തു കഴിഞ്ഞിട്ടുള്ളതു്?

ശ്രീ. കെ. എം. കോര: ലിസ്റ്റനുസരിച്ചുള്ള ജോലികളിൽ ഏതെല്ലാമാണ് കംപ്ലീററു ചെയ്തിട്ടുള്ളതെന്നു പറയണമെങ്കിൽ നോട്ടീസ് വേണം.

* Please See Appendix II. Page 387

ശ്രീ. കെ. ആർ. ഇലങ്കത്ത്: ൧൯൫൧ — ൧൯൫൨ നേക്കാൾ കൂടുതൽ ൧൯൫൦ — ൫൧-ൽ ചിലവുചെയ്തിട്ടുണ്ടോ?

Mr. Speaker: Order, Order. Question time is over.

12 Noon.]

Written Answers.

ലവിസിസ്റ്റം

*൨൧൩. (൪൦) ശ്രീ. ആർ. അച്യുതൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഭക്ഷ്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) ലവിസിസ്റ്റം അനുസരിച്ച് കഴിഞ്ഞ വിളവെടുപ്പിൽ എത്ര പറ നെല്ല് ഗവൺമെൻറ് എടുത്തിട്ടുണ്ട്;

(ബി) മുൻ സിസ്റ്റത്തെക്കാൾ ലവിസിസ്റ്റം വിജയപ്രദമാണോ?

ധനകാര്യവും, ഭക്ഷ്യവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. കോര):

(എ) ൧൪,൩൦൯൦൯ പറ.

(ബി) വിജയപ്രദമാണ്.

STRIKE IN THE TRANSPORT DEPARTMENT

*214. [41] **Sri. Philipose Muthalaly:** Will the hon. Minister for Transport be pleased to state.—

(*a*) whether any strike local or general took place in the Transport Department during the 2nd week of August 1951;

(*b*) if so, the number of working hours lost thereby;

(*c*) the approximate loss incurred by Government therefrom;

(*d*) the reasons for the strike;

(*e*) the number of booked tickets refunded?

Chief Minister **(Sri. C. Kesavan):**

(*a*) Yes, it was a general strike.

(*b*) Approximately 16.

(*c*) About Rs. 7,000.

(*d*) The attention of the hon. Member is invited to the Press Note published on 18th August 1951.

(*e*) 80.

ശ്മശാനം

*൨൧൫. (൪൨) ശ്രീ. എം. പി. കൃഷ്ണദാസ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സദയം മറുപടി നൽകുമോ.—

(എ) തിരുവല്ലാ താലൂക്കിൽ വള്ളികുളം എന്ന സ്ഥലത്ത് പിന്നോക്ക സമുദായക്കാർക്ക് ഒരു ശ്മശാനത്തിന് ൨൫ സെൻറ് സ്ഥലം പൊന്നുംവിലകൊടുത്തു തരുവിക്കുന്നതിനായി ഒരു അപേക്ഷ പിന്നോക്കസമുദായാംഗങ്ങളിൽനിന്നും ലഭിച്ചിട്ടുണ്ടോ;

(ബി) ലഭിച്ചിട്ടുണ്ടെങ്കിൽ തൽസംബന്ധമായ നടപടി എപ്രകാരമിരിക്കുന്നു?

മുഖ്യമന്ത്രി (ശ്രീ. സി. കേശവൻ):

(എ) ഉണ്ട്.

(ബി) ആവശ്യമുള്ള സ്ഥലം പൊന്നുംവിലകൊടുക്കുന്നതിനു വേണ്ട നടപടികൾ എടുത്തുവരുന്നു.

കുത്തകപ്പാട്ടം

*൨൧൬. (൪൭) ശ്രീ. എൻ. കെ. കൃഷ്ണപിള്ള: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട റവന്യൂവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) വെള്ളായണിക്കായൽ കുത്തകപ്പാട്ടത്തെ സംബന്ധിച്ച് എന്തെങ്കിലും പുതിയ വ്യവസ്ഥകൾ നടപ്പിൽ വരുത്താൻ ഗവണ്മെണ്ട് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) വെള്ളായണികായൽ സർവ്വേഡിപ്പാർട്ടുമെൻറിൽനിന്നും സർവ്വേ ചെയ്തിട്ടുണ്ടോ?

വിദ്യാഭ്യാസവും, റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എൽ. എം. പൈലി):

(എ) ഉണ്ട്.

(ബി) സർവ്വേ ചെയ്തുകൊണ്ടിരിക്കുകയാണ്.

ഗവണ്മെൻറ് സത്രങ്ങൾ

*൨൧൭. (൪൮) ശ്രീ. എൻ. കെ. കൃഷ്ണപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട പൊതുമരാമത്തു വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ.—

(എ) യാത്രക്കാരുടെ സൗകര്യത്തിനുണ്ടാക്കി വിട്ടുകൊടുത്തിരുന്ന ഗവണ്മെൻറ് സത്രങ്ങളിൽ എത്രയെണ്ണം ഗവണ്മെൻറാഫീസുകൾക്ക് കൊടുത്തിട്ടുണ്ട്;

(ബി) അതുനിമിത്തം യാത്രക്കാർക്കു വൈഷമ്യം നേരിട്ടുകൊണ്ട് ഇരിക്കുന്നതായി ഗവണ്മെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(സി) നെയ്യാററിൻകര ഗവണ്മെൻറ് സത്രം അപ്രകാരം ഗവണ്മെൻറാഫീസിനു വിട്ടുകൊടുത്തിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ അതിനു് പകരം യാത്രക്കാർക്ക് സ്ഥലസൗകര്യം കൊടുത്തിട്ടുണ്ടോ?

പൊതുമരാമത്തു വകുപ്പു മന്ത്രി (ശ്രീ. ജി. ചന്ദ്രശേഖരപിള്ള):

(എ) ൧.

(ബി) ഇല്ല.

(സി) ഉണ്ട്.

(ഡി) ഇല്ല.

MEDICAL COLLEGE

***218.** [49] **Sri. C. C. Prasad:** Will the hon. Minister for Medicine and Public Health be pleased to state.—

(*a*) the total number of applicants to the Medical College, Trivandrum;

(*b*) the total number of applicants from the scheduled castes with the cast-war statement and qualifications;

(*c*) the number of applicants selected from the scheduled castes with caste-war statement;

(*d*) the total number of applicants from the scheduled tribe with caste-war statement, qualification and the number selected from them;

(*e*) the total number of applicants from the other backward communities with caste-war statement qualification and the number selected;

(*f*) total number of applicants from the Ezhavas and the number selected from them;

(*g*) the number of seats reserved for the scheduled castes;

(*h*) did the report published, in Malayali of 30th August 1951 under the title 'സ്ഥിരീകരിക്കാത്ത വാർത്ത by രഹസ്യഗ്രാഹി' come to the notice of Government?

Chief Minister **(Sri. C. Kesavan):**

(*a*) Eligible Applicants .. 487.

(*b*) 2. { Pulaya 1 B.Sc., III Class.
{ Panan 1 Intermediate.

(*c*) 1. Pulaya.

(*d*) Nil.

(*e*) (1) 7. *

* (ii) *Community*	*No. of applications received*	*Qualifications*
Araya	1	B.Sc., II Class*.
Vala	2	1 Inter I Class*. 1 Intermediate.
Kaniyan	1	Inter II Class with very low marks.
Cheraman (Pulaya) Xian	2	1 B.S.c., III Class*. 1 Inter mediate.
Barber	1	B.Sc., II Class*.
(iii) No. selected	..	4. Marked* in the 1 above.

(*f*) Total number 64.
No. selected 10.

(*g*) There was no reservation specially for scheduled castes but 5 seats were reserved for scheduled castes and other communities certified as backward.

(*h*) No.

G. P. TAHSILDARS

***219** [53] **Sahib Bahadur A. Abdul Rasaak**: Will the hon. Minister for Civil Supplies be pleased to state:

(*a*) the names of persons appointed as G. P. Tahsildars who were not drawing a pay of Rs. 150 at the time of such appointment or whose substantive pay was not on a scale the maximum of which exceeded Rs. 150; and

(*b*) the names of persons appointed as G. P. Tahsildars who had not put in 10 or more years service at the time of such appointment?

Minister for Finance and Food **(Sri. K. M. Korah):**

(a) 1. Sri. K. N. Eapen.
2. ,, C. Krishnan Nair.
3. ,, K. K. Thomas.
4. ,, J. M. Abdul Kadir.
5. ,, P. Damodara Panicker.
6. ,, K. R. Parameswara Panicker.
7. ,, M. Vaidyalingom Pillai.

(b) 1. Sri. Justin S. Jesudasan, T. C. S., II Class Magistrate.
2. ,, Sri. C. P. Ramakrishna Pillai, T. C. S. II Class Magistrate.
3. ,, K. Bhaskaran Nair, Tahsildar.
4. ,, N. Sankaranarayana Menon, Manager, Office of the Deputy Commissioner of Civil Supplies, Ernakulam.

D. A. OF PRESIDING AND POLLING OFFICERS

***220** [54] **Sri. N. P. Varghese**: Will the hon. Minister for Law be pleased to state:

(*a*) whether the daily allowance sanctioned to the Presiding and Polling Officers deputed from the various schools in the Muvattupuzha Taluk for Election work in the Muvattupuzha bye-election held in December 1950 has been disbursed to them; and

(b) if not why?

Minister for Public Works **(Sri. G. Chandrasekhara Pillai)**:

(*a*) Yes.

(*b*) Does not arise in view of the answer to part (*a*).

MANARI DISPENSARY

*221 [5] **Sri. N. P. Varghese**: Will the hon. Minister for Medicin be pleased to state:—

(*a*) whether he is in receipt of a representation from the people of Manari, Payipra and other Karas of Mulavoor pakuthy Muvattupuzha taluk for the opening of a Government dispansary at Manari offering to construct the building by the people themselves;

(*b*) have the Government taken any steps to sanction the request?

Chief Minister **(Sri. C. Kesavan)**:

(*a*) Yes.

(*b*) The matter is under the consideration of Government.

UNSTARRED QUESTIONS

TEXTILE YARN

6 [1] **Sri. Paul Thaliath**: Will the hon. Minister for Textiles be pleased to state:—

(*a*) the names of the distributors of textile yarn in Parur and Kunnathunad taluks;

(*b*) the number of bales allotted to each of them during the last six months; and

(c) the dates on which each of them were first appointed as distributors in those taluks?

ANSWER

(*a*) The Cochin Cottage Industries Co-operative Marketing Society Ltd., is the wholesale distributor of yarn in the Trichur District including the Kunnathunad and Parur Taluks.

(*b*) The number of bales allotted to the Marketing Society in the last six months is as follows:—

March—159
April —149
May —122½
June —137
July —182
August—192

(c) The monopoly of wholesale distribution in Parur and Kunnathunad Taluks was given to the Marketing Society from 22nd June 1950.

Suspension of a Sub-Inspector of Police

7 [2] **Sri. Kannara Gopala Panicker**: Will the hon. chief Minister be pleased to state:—

(*a*) whether they have placed under suspension the Sub-Inspector of Police of Ranni Police station, if so when?

(*b*) the charge against him at present and the nature of the complaint against him;

(*c*) whether he was suspended before ;
(*d*) if so how many times and for what offences ;

ANSWER

(*a*) Yes. From 29th August 1951 pending enquiry.
(*b*) Wrongful confinement, causing hurt, corruption, cooking up false cases etc.
(*c*) No.
(*d*) Does not arise in view of answer to (c).

TUBE WELLS

8 [6] **Sri. Eapen Arakkal**: Will the hon. Minister for Public Works be pleased to state:

(*a*) whether the Government have decided to erect tube wells in Pulimcunnoo
(*b*) has any estimate been prepared for this ; and
(*c*) have representations been received in this connection from the public of Pulimcunnoo and if so what steps have been taken in the matter.

ANSWER

(*a*) No.
(*b*) No.
(*c*) A representation was received from the President, All Kuttanad Agricultural Labour Union. On enquiries it was found that the sinking of a tube well at Pulimcunnoo was not feasible.

Adjournment Motion *re*-Hunger-strike by Communist Detenus

Mr. Speaker: I have received notice of an Adjournment Motion from hon. Member Sri. E. Gopalakrishna Menon, to discuss about a definite matter of urgent public importance, viz., the grave situation arising out of the hunger strike begun by communist leaders Messrs. T. V. Thomas, Sugathan and other detenus from 23rd September 1951 for denying them certain rights enjoyed by detenus hitherto. The Chief Minister will give details concerning the subject matter of the motion if he is in a position to do so.

മുഖ്യമന്ത്രി (ശ്രീ. സി. കേശവൻ): അഡ്ജോൺമെന്റ് മോഷന്റെ നോട്ടീസ് കിട്ടിയിട്ടുണ്ട്. ഇതിൽ പറയുന്നതുപോലെ ഒരു ഹങ്കർ സ്ട്രൈക്ക് തുടങ്ങിയെന്ന ഒരു റിപ്പോർട്ടും കിട്ടിയിട്ടുണ്ട്. ഡെററിന്യൂവിനു് ഗവൺമെന്റിന്റെ റൂൾസ് അനുസരിച്ചു കൊടുത്തിരുന്ന സകല സൗജന്യങ്ങളും അനുവദിച്ചിട്ടുണ്ട്. അതായതു് കഴിഞ്ഞ കൊല്ലത്തിൽ ഉണ്ടായിട്ടുള്ള ആർഡർ അനുസരിച്ചു് ഡെററിന്യൂവിനു് കൊടുത്തിരുന്ന എല്ലാ സൗജന്യങ്ങളും അനുവദിച്ചിട്ടുണ്ട്. മുൻകാലങ്ങളിൽ അനുവദിച്ചിരുന്നതു് ഇപ്പോൾ അനുവദിച്ചില്ലായെന്നാണു് കേസെങ്കിൽ അതു് മനസ്സിലാക്കാൻ കഴിയും. ഇപ്പോൾ അനുവദിച്ചിട്ടുള്ളതിൽ കൂടുതൽ സൗജന്യങ്ങളാണു് അവർ ആവശ്യപ്പെടുന്നതെങ്കിൽ അതെന്തെല്ലാം സൗജന്യങ്ങളാണു് അവർ കൂടുതലായി ആവശ്യപ്പെട്ടിട്ടുള്ളതു് എന്നുള്ളതിന്റെ വിശദവിവരങ്ങൾ എനിക്കു് അറിവില്ല. ആ വിവരങ്ങൾ അറിഞ്ഞു, ഇതു് അടുത്ത ദിവസത്തേക്കു വയ്ക്കുന്നപക്ഷം എന്തെല്ലാം സൗജന്യങ്ങളാണു് അവർ കൂടുതലായി ആവശ്യപ്പെടുന്നതെന്നും അതു് ചെയ്തുകൊടുക്കുന്നതിനു് സാദ്ധ്യത ഉണ്ടോ എന്നും ഉള്ള സംഗതിയെ സംബന്ധിച്ചു ഈ സഭയെ ബോദ്ധ്യപ്പെടുത്താം. ഈ ഡെററിന്യൂകൾ എല്ലാം ഒരു വാർഡിൽതന്നെയാണു് താമസിക്കുന്നതു്. അതിൽ കുറച്ചു ആളുകൾ ആണു് ഹങ്കർ സ്ട്രൈക്കിൽ പോയിട്ടുള്ളതു്. ഭൂരിപക്ഷം ആളുകളും ആഹാരം അതിനകത്തുതന്നെവെച്ചു് പാകപ്പെടുത്തി കഴിക്കുകയാണു്. ഈ പരിതസ്ഥിതിയിൽ അവർ ഹങ്കർ സ്ട്രൈക്ക് അവിടെ തുടരുമോ എന്ന

[Sri C. Kesavan]

കാര്യം ഗവൺമെൻറ് ആലോചിക്കുകയാണ്. ഒരു വാർഡിൽ ഉള്ള എല്ലാ ഡെററിന്യൂകാർക്കും പാചകത്തിനുള്ള സൗകര്യങ്ങൾ കൊടുത്തിരിക്കെ കുറെ ആളുകൾ മാത്രം ഹങ്കർ സ്ട്രൈക്ക് എടുത്തിരിക്കുന്നു എന്നും ഭൂരിപക്ഷം ആളുകൾ ഭക്ഷണം പാചകം ചെയ്തു കഴിക്കുന്നു എന്നും വന്നാൽ അതു് ഹങ്കർ സ്ട്രൈക്ക് ആണോ എന്നു പറയുവാൻ ഒന്നു ആലോചിക്കണം. അതുകൊണ്ടു് സഭ സന്ദർഭം തരുമെങ്കിൽ അടുത്ത ദിവസം ഇതിൻെറ വിശദവിവരങ്ങൾ സഭമുമ്പാകെ സമർപ്പിക്കുന്നതാണ്.

Mr. Speaker: Can all the details be furnished tomorrow?

Sri. C. Kesavan: Yes, Sir.

Mr. Speaker: Then I shall postpone the consideration of this Adjournment Motion to-morrow.

Resolution regarding evacuee property

Minister for Industries and Labour **(Sri. P. K. Krishnankutty Menon):** I beg to move the following resolution for the acceptance of the House:

Whereas for the better management and disposal of certain evacuee property, it is considered desirable that Parliament should make laws providing for the separation of the interests of evacuees from those of non-evacuees, and such laws may *inter alia* relate to certain matters in the State List.

This house do resolve in pursuance of Article 252 of the Constitution of India, that with respect to evacuee property in the State of Travancore-Cochin, the following matters enumerated in entries 18 and 30 of the State List be regulated by Parliament by law, namely:

'Rights in or over land; transfer and alienation of agricultural land; money-lending and money-lenders and relief of agricultural indebtedness'.

സർ, ഇൻഡ്യാ, ഇൻഡ്യയും പാകിസ്ഥാനും എന്നു് രണ്ടുരാജ്യങ്ങളായി ഭാഗിച്ചതിനുശേഷം നിരവധി ജനങ്ങൾ ഇൻഡ്യയിൽനിന്നു പാകിസ്ഥാനിൽ കുടിയേറി പാർത്തിട്ടുണ്ടു്. അപ്രകാരം പോയിട്ടുള്ള അഭയാർത്ഥികൾക്കു് ഇൻഡ്യയിൽ അവർ താമസിച്ചിട്ടുള്ള സ്ഥലത്തു് സ്വത്തുക്കളുണ്ടായിരിക്കും. ഇവയിൽ കൂട്ടവകാശ സ്വത്തുക്കൾ ഉണ്ടു്; പണയവസ്തുക്കളും ഉണ്ടു്. ആവക സ്വത്തുക്കളെ സംബന്ധിച്ചിടത്തോളം അഭയാർത്ഥികളുടെ സ്വത്തുക്കളും ഇൻഡ്യയിൽ ഇരിക്കുന്ന അവകാശികളുടെ സ്വത്തുക്കളും തമ്മിൽ വേർതിരിക്കുന്നതിനു് ഇൻഡ്യൻ പാർലമെൻറിൽ ഒരു നിയമനിർമ്മാണം ചെയ്യാൻ വേണ്ട നടപടികൾ നടത്തിവരികയാണ്. അപ്രകാരം ഒരു നിയമനിർമ്മാണം നടത്തുന്നതിനു ഇൻഡ്യൻ പാർലിമെൻറിനെ അധികാരപ്പെടുത്തുവാൻവേണ്ടി ഈ പ്രമേയം ഈ സഭ മുമ്പാകെ ഞാൻ അവതരിപ്പിച്ചിട്ടുള്ളതാണ്. അഭയാർത്ഥികളായി പാകിസ്ഥാനിൽ കുടിയേറി പാർത്തതിനുശേഷം അവരുടെ സ്വത്തുക്കളെ സംബന്ധിച്ചു ഭരണം നടത്തുന്നതിനായി ൧൯൫൦-ലെ ൩൧-ാം നമ്പറായി ഈ രാജ്യത്തേക്കുകൂടി ബാധകമാക്കി ഇൻഡ്യൻ പാർലമെൻറിൽ ഒരു നിയമനിർമ്മാണം ഉണ്ടായിട്ടുണ്ടു്. അതിലെ വ്യവസ്ഥ അനുസരിച്ചു പാകിസ്ഥാനിൽ കുടിയേറിപാർത്തിട്ടുള്ള അഭയാർത്ഥികളുടെ ഈ രാജ്യത്തുള്ള സ്വത്തുക്കൾ കസ്റ്റോഡിയൻ ഓഫ് പ്രോപ്പർട്ടീസ് എന്ന ഒരു ഉദ്യോഗസ്ഥൻെറ കീഴിൽ ആകുന്നതാണ്. ആ വക സ്വത്തുക്കൾ കോടതി മുഖാന്തിരമോ മറ്റോ ജപ്തിചെയ്യുകയോ വില്ക്കുകയോ ചെയ്യുവാൻ പാടില്ലെന്നു ആ നിയമത്തിൽ വ്യവസ്ഥയുണ്ടു്. അപ്രകാരം അഭയാർത്ഥികൾക്കു് അവകാശപ്പെട്ട സ്വത്തുക്കൾ കൈമാററം ചെയ്യുവാൻ പാടില്ലാ.

Sri. D. Gnanasigamoni: The hon. Minister has suggested that other Legislatures have passed similar resolutions. Then, is it not enough that this House only adopts those resolution as is provided in Article 252 of the Constitution?

ശ്രീ. പി. കെ. കൃഷ്ണൻകുട്ടിമേനോൻ: ഇൻഡ്യൻ പാർലിമെൻറിൽ നിയമനിർമ്മാണം ചെയ്യുകയാണെങ്കിൽ അതു് ഇവിടെ നിയമസഭയിൽനിന്നും സ്വീകരിച്ച ഒരു പ്രമേയം പാസ്സാക്കിയാലും മതിയാകുന്നതാണു്.

Sri. P. Balakrishnan Tampi: In supporting this motion I want to make it plain that some of us do not appreciate the manner in which the Government of India wants us to pass such resolutions. If the Centre wants to seek from us any constitutional legal advice I can understand the propriety of such a request. Anyway, as this is a very pressing matter regarding the evacuees we must support this motion. But at the same time we do not like the Government of India's cavalier like manner in asking us to pass a resolution like this. We have no desire to offer any constitutional or legal advice on a matter like this. And it is not very reasonable in this third year of the Republic for the Government of India to state things in hesitancy one way or the other. This is not a respectable method of doing business transactions between the Centre and the State. With these words, considering the urgency of the matter, I support the resolution.

ശ്രീ. പി. കെ. കൃഷ്ണൻകുട്ടിമേനോൻ: ഭരണഘടന ൨൪൯-ാം വകുപ്പനുസരിച്ചു് സ്റ്റേററു് ലിസ്റ്റിൽപ്പെട്ട ഒരു സംഗതിയെ സംബന്ധിച്ച രാജ്യത്തിൻെറ പൊതുനന്മയെ ലാക്കാക്കി ഒരു കൊല്ലത്തേക്കു് നിയമനിർമ്മാണം നടത്തുവാൻ പാർലിമെൻറിനു് അധികാരമുണ്ടു്. അതായതു് പാർലിമെൻറിൽ മൂന്നിൽ രണ്ടുഭാഗത്തിൽ കുറയാത്ത ഭൂരിപക്ഷത്തോടുകൂടി ഒരു പ്രമേയം പാസ്സാക്കുകയാണെങ്കിൽ ഒരു കൊല്ലത്തേക്കു് സ്റ്റേററു് ലിസ്റ്റിൽപ്പെട്ട വിഷയത്തെ സംബന്ധിച്ച പാർലിമെൻറിനു് നിയമനിർമ്മാണം നടത്താം എന്നു വ്യവസ്ഥയുണ്ടു്. അപ്രകാരം ഒരു കൊല്ലത്തേക്കു് നിയമനിർമ്മാണം നടത്തികഴിഞ്ഞാൽ പിന്നീടും ഒരു പ്രമേയമനുസരിച്ച ആ നിയമം ഒരു കൊല്ലത്തേക്കുകൂടി നീട്ടിക്കൊണ്ടുപോകാമെന്നു ൨൪൯-ാം വകുപ്പിൽ പറയുന്നുണ്ടു്. ഈ അധികാരം ഇങ്ങിനെ ഒരു ക്ലിപ്തകാലത്തേക്കുമാത്രമുള്ളതാണു്. ൨൫൨-ാം വകുപ്പിൽ പറയുന്നതു് സ്റ്റേററു് ലിസ്റ്റിൽപ്പെട്ട സംഗതികളെ സംബന്ധിച്ചു് പാർലിമെൻറിൽ നിയമനിർമ്മാണം നടത്തുവാൻ സ്റ്റേററു് നിയമസഭയിൽനിന്നും അധികാരം കൊടുക്കാമെന്നാണു്. അതനുസരിച്ചാണു് ഇപ്രകാരമുള്ള ഒരു പ്രമേയം പാസ്സാക്കണമെന്നു ആവശ്യപ്പെട്ടിട്ടുള്ളതു്. ഈ സഭ ഈ പ്രമേയം പാസ്സാക്കി അയച്ചാൽമാത്രമേ പാർലിമെൻറിൽ നടത്തുന്ന നിയമനിർമ്മാണം ഈ രാജ്യത്തേക്കു് ബാധകമാകയുള്ളൂ. അതുകൊണ്ടാണു് ഞാൻ ഈ പ്രമേയം അവതരിപ്പിക്കുന്നതു്.

Sri. A. Thanu Pillai: Sir, I wish to get some clarification regarding this matter. It was suggested that Article 252 of the Constitution provides for a resolution of this kind. I think I understood the hon. Minister alright. But what the Article says is this:

"252. (1) If it appears to the Legislatures of two or more States to be desirable that any of the matters with respect to which Parliament has no power to make laws for the States except as provided in articles 249 and 250 should be regulated in such States by Parliament by law, and if resolutions to that effect are passed by all the Houses of the Legislatures of those States, it shall be lawful for Parliament to pass an Act for regulating that matter accordingly, and any Act so passed shall apply to such States and to any other State by which it is adopted afterwards by resolution passed in that behalf by the House or, where there are two Houses, by each of the Houses of the Legislature of that State."

സർ, ഇതു് ഞാൻ വായിച്ചതിൽനിന്നു മനസ്സിലാക്കുന്നതു് രണ്ടോ അതിലധികമോ സ്റ്റേറ്റുകളെ ബാധിക്കുന്ന കാര്യങ്ങളെപ്പറ്റി നിയമനിർമ്മാണം ചെയ്യാൻ പാർലമെന്റിനോടു് ആവശ്യപ്പെടാമെന്നും, എന്നാൽ ഒരു സ്റ്റേറ്റിനെ മാത്രം ബാധിക്കുന്ന കാര്യത്തിനു് പാർലമെന്റിനോടു് നിയമനിർമ്മാണത്തിനു വേണ്ടി ആവശ്യപ്പെടേണ്ടെന്നുമാണു് ഈ ആർട്ടിക്കിൾ ൨൫൨ കൊണ്ടു ഞാൻ മനസ്സിലാക്കുന്നതു്.

ശ്രീ. പി. കെ. കുഞ്ഞൻകുട്ടിമേനോൻ: നിയമനിർമ്മാണം നടത്തണമെന്നു രണ്ടോ അതിൽ കൂടുതൽ സ്റ്റേറ്റോ ആവശ്യപ്പെട്ടാൽതന്നെയും എപ്രകാരം വേണമെന്നു ആവശ്യപ്പെടുന്നതനുസരിച്ചുമാത്രമേ പാർലമെന്റിനു് അതിനുള്ള അധികാരമുള്ളൂ. അപ്രകാരം പാർലമെന്റു് അതു് സ്വീകരിക്കുകയും പാസ്സാക്കുകയും വേണം. അതു് രാജ്യവ്യാപകമാകണമെങ്കിൽ ഒരു പ്രമേയം നിയമസഭ വഴികൊണ്ടുവന്നു പാസ്സാക്കി അയച്ചാൽ മാത്രമെ അതു സാദ്ധ്യമാകയുള്ളൂ. ആർട്ടിക്കിൾ ൨൫൨-ന്റെ ഒടുവിലത്തെ പോർഷൻ ഞാൻ വായിക്കാം. അപ്പോൾ ബഹു. മെമ്പർക്കു് കാര്യം മനസ്സിലാകുമെന്നു വിശ്വസിക്കുന്നു. "It shall be lawful for Parliament to pass an Act for regulating that matter accordingly, and any Act so passed shall apply to such States and to any other State by which it is adopted afterwards"

Sri. K. Sivarama Pillai: Did our State consult on this matter any other State?

Sri. P. K. Krishnankutty Menon: No.

The resolution was put and carried.

FINANCIAL BUSINESS

Demands for Supplementary Grants

ശ്രീ. എ. കെ. പാച്ചുപിള്ള: സർ, റൂൾ ൫൨ അനുസരിച്ചു് ഇവിടെ അവതരിപ്പിക്കാൻപോകുന്ന സപ്ലിമെന്ററി ഡിമാൻഡിനെപ്പറ്റി ഏതാനും കട്ട്മോഷൻ ഞാൻ അയച്ചിട്ടുണ്ടായിരുന്നു. എന്നാൽ എന്തു കാരണത്താൽ ആ കട്ട്മോഷൻസ് നിഷേധിച്ചു എന്നു അറിഞ്ഞാൽ കൊള്ളാം.

Mr. Speaker. The hon. Member may refer to Rule 52 (a). It has been the practice of this House that token cut motions are not allowed in the case of supplementary grants. As such the cut motions sent by the hon. Member have not been allowed.

Sri. A. K. Patchu Pillai: But I had sent another motion on the demand. That would have been allowed under the rule.

Mr. Speaker: Yes. You can speak on the motion and oppose the entire grant.

Demand XI—Elections—Rs. 91,500/

Minister for Public works **(Sri. G. Chandrasekhara Pillai):** Sir, I move for a supplementary demand for the grant of Rs. 91,500 under 25 General Administration (c) Elections (a)—other election charges.

സർ, ഈ സപ്ലിമെന്ററി ഡിമാൻഡിൻപ്രകാരം ൯൧,൫൦൦ രൂപാ ഞാൻ ആവശ്യപ്പെടുന്നതു് താഴെ പറയുന്ന കാരണങ്ങളാലാണു്. ഇലക്ഷൻ ആഫീസു ചെലവുകൾക്കും അവയോടു അനുബന്ധിച്ച പലവക ചെലവുകൾക്കുമായി ൯൦൦൦൦ രൂപ ആവശ്യമുണ്ടു്. എന്നാൽ കറണ്ടു് ഈയർ ബഡ്ജറ്റിൽ ൪൧൦൦൦ രൂപയാണു് ഈ വകക്കു് അനുവദിച്ചിട്ടുള്ളതു്. അതുകൊണ്ടു് ആവശ്യമുള്ള ചെലവുകൾ മുഴുവനും നിർവ്വഹിക്കാൻ സാധിക്കയില്ല. ആയതിനാലാണു് കൂടുതൽ തുക ആവശ്യപ്പെടുന്നതു്. അതായതു്, വാട്ടർസപ്ലൈ ഇന

[Sri G. Chandrasekhara Pillai]

ത്തിൽ ൩൦൦ രൂപയും ഇലക്ട്രിക്സിറ്റിഇനത്തിൽ ഏകദേശം ൭൦൦ രൂപയും, ഇലക്ഷൻ ആഫീസ് മാററുന്ന കാര്യത്തിൽ ട്രാൻസ്പോർട്ട് ചെലവുകൾക്കായിട്ട് ൨൪൦ രൂപയും, തൃശ്ശിവപേരൂർ നാത്തുഡിവിഷൻ ഇലക്ഷൻ ആഫീസ് തിരുവനന്തപുരത്തേക്ക് മാററുന്ന വകക്ക് ൧൦൦ രൂപയും ബാക്കി വരുന്ന രൂപ മററു ചിലവുകൾക്കും ഉൾപ്പെടെയാണ് ഞാൻ പറഞ്ഞ ൮൦൦൦ രൂപയുടെ കണക്ക്. ഇലക്ഷൻ ചെലവുകൾക്കായിട്ട് ൨ ലക്ഷം രൂപാ ബഡ്ജററിൽ കൊള്ളിച്ചിട്ടുണ്ട്. ഈ ൨ ലക്ഷം രൂപയും ഹെഡുകളിലേക്കായി വീതിച്ചിരിക്കുകയാണ്. അതിൽ ടി. എ. വകക്ക് ൫൦,൦൦൦ രൂപയും, ബാലട്ടുപെട്ടികൾക്കുവേണ്ടി ൧,൩൦,൦൦൦ രൂപയും പലവകക്കു വേണ്ടി ൫൦൦൦ രൂപയും വേണം. എന്നാൽ ൧,൩൦,൦൦൦ രൂപ ബാലട്ടു പെട്ടികൾക്കായി മുൻപു അനുവദിച്ചിട്ടുള്ളതു മതിയാകാത്തതുകൊണ്ട്, പുതുക്കിയ ഓർഡർ അനുസരിച്ചു ഒരുപെട്ടിക്ക് ൫ രൂപ ൨ അണ ററവ വച്ച് ൩,൩൦,൦൦൦ രൂപ വേണ്ടിവരുന്നു. ആ വകയിൽ ൬൦,൦൦൦ രൂപ കൂടുതൽ ആവശ്യമുണ്ട്. ഇതിനും പുറമെ കൂടുതലായിട്ട ൫൦൦൦ രൂപകൂടി ആവശ്യമാണ്. അപ്പോൾ ആ വകയിൽ ആകപ്പാടെ ചെലവുകൾക്കു ൬൮,൦൦൦ രൂപ ആകുന്നുണ്ട്. ഇതിനും പുറമെ കൂടുതലായിട്ട് ഈയാണ്ടവസാനത്തിനകം പലവക ഇനത്തിൽ ൩൭൦൦ രൂപാ കൂടി ചിലവ് ഉണ്ടാകുന്നതാണ്. അങ്ങനെ ആകപ്പാടെ ൨൧,൫൦൦ രൂപയും ഞാൻ മുമ്പു പറഞ്ഞ ൮,൦൦൦ രൂപയും കൂടി ആകെ മൊത്തം ൮൫,൫൦൦ രൂപയുടെ ഡിമാൻറാണ് ഞാൻ കൊണ്ടുവന്നിരിക്കുന്നതു. ഈ ചിലവുകൾ വളരെ അത്യാവശ്യം ഉള്ളതും നടത്താതിരിക്കാൻ സാധിക്കാത്തതുമാകയാൽ ഈ സഭ ഈ തുക പാസാക്കണമെന്നു ഞാൻ അഭ്യർത്ഥിക്കുന്നു.

ശ്രീ. എ. താണുപിള്ള : ഇവിടത്തെ ഇലക്ഷൻവകക്കു ചിലവാകുന്ന തുകയുടെ പകുതി ഇൻഡ്യാ ഗവമ്മെൻറു നിർവ്വഹിക്കുകയില്ലേ?

ശ്രീ. ജി. ചന്ദ്രശേഖരപിള്ള : പകുതി ചിലവു തരാമെന്നു സമ്മതിച്ചിട്ടുണ്ട്. അതായതു യൂണിയൻ പാർലിമെൻറിലേക്കുള്ള ഇലക്ഷനും സ്റ്റേററിലേക്കുള്ള ഇലക്ഷനും നടത്തുന്നപക്ഷം പകുതി ചിലവു തന്നുകൊള്ളാമെന്നാണ് പറഞ്ഞിരിക്കുന്നതു.

ശ്രീ. എ. താണുപിള്ള : ഇലക്ഷൻ കാര്യത്തിൽ നമുക്കും നമ്മുടെ ഗവമ്മെൻറിനും തോന്നിയതുപോലെ പ്രവത്തിച്ചാൽ അവർ തരാമെന്നു പറഞ്ഞ തുക തരുമോ?

ശ്രീ. ജി. ചന്ദ്രശേഖരപിള്ള : നേരത്തെ നാലുലക്ഷം രൂപാ അവർ തന്നിട്ടുണ്ട്.

Sri. R. K. Ram : Sir, on a point of order. Is the Minister in order in asking information from the staff at the back while he is being questioned?

Mr Speaker ; It is purely unofficial. He can take instructions.

Sri. P. S. Nataraja Pillai : May I know whether any amount is recoverable from the Union Government?

Sri. G. Chandrasekhara Pillai : One half of the amount will be given by the Union Government.

Sri. P. S. Nataraja Pillai : Then why not we move for a grant of one half the amount?

Sri. G. Chandrasekhara Pillai : No. We will have to spend the whole amount first. It is only afterwards that they give.

Sri. K. Sivarama Pillai: Then why not we debit the whole amount needed for election purposes and credit the one half?

Sri. G. Chandrasekhara Pillai : No. credit is shown in the budget. The Assembly will have to pass this whole amount. It is only afterwards that we can recover half of it.

ശ്രീ. എ. കെ. പാച്ചുപിള്ള : കിട്ടിയ നാലുലക്ഷം രൂപയിൽ എന്തെല്ലാം ഇനങ്ങൾക്കായി ഇത്രയിത്ര തുക ചിലവാക്കിയിട്ടുണ്ടെന്നു പറയാമോ?

ശ്രീ. ജി. ചന്ദ്രശേഖരപിള്ള : ഇലക്ടറൽറോൾസ്, ബാലട്ടുപെട്ടികൾ ഇവകൾക്കെല്ലാമായിട്ട് കുറെ അധികം പണം ചിലവാക്കിയിട്ടുണ്ട്.

ശ്രീ. എ. കെ. പാച്ചുപിള്ള : ബാക്കി എത്രയുണ്ടെന്നു പറയാൻ സാധിക്കുമോ?

ശ്രീ. ജി. ചന്ദ്രശേഖരപിള്ള : ഇപ്പോൾ പറയാൻ സാധിക്കയില്ല.

Sri. P. S. Nataraja Pillai : May I know the cost of a single ballot box?

Sri. G. Chandrasekhara Pillai : Rs. 5. As. 8.

Sri. P. S. Nataraja Pillai : By whom is this order placed. Is it by the Goverment of India, or this Government?

Sri. G. Chandrasekhara Pillai : By this Government.

Sri. P. S. Nataraja Pillai : Is it under this Government that the ballot boxes are being made?

Sri. G. Chandrasekhara Pillai : No.

ശ്രീ. എ. കെ. പാച്ചുപിള്ള : പെട്ടികളെല്ലാം ഉണ്ടാക്കുന്നതു് ഒരു കമ്പനിയോ അതോ പല കമ്പനികളായിട്ടോ?

ശ്രീ. ജി. ചന്ദ്രശേഖരപിള്ള : പെട്ടികൾക്കെല്ലാം യൂണിഫോമിററി വേണം. അതുകൊണ്ട് ഒരു കമ്പനിതന്നെയാണുണ്ടാക്കുന്നതു്.

ശ്രീ. എ. പി. ഉദയഭാനു : എലക്ഷൻ ചിലവിന്റെ പകുതി ഭാഗം അനുവദിച്ചിരിക്കുന്നതു് ഈ വർഷത്തിൽ കിട്ടുമോ അതോ അടുത്ത വർഷത്തിൽ കിട്ടുമോ?

ശ്രീ. ജി. ചന്ദ്രശേഖരപിള്ള : അവർ തരുന്നതു അടുത്ത വർഷത്തിലാണു്.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ : സർ, ഈ ധനാഭ്യർത്ഥനയെ എതൃക്കുന്നു. ഈ ഗവമ്മെന്റു അധികാരത്തിൽ ഇരിക്കുന്നിടത്തോളം കാലം ഇവിടെ സ്വാതന്ത്ര്യവും നീതിപൂർവ്വവും ആയ ഒരു തിരഞ്ഞെടുപ്പു നടക്കാൻ ന്യായം കാണുന്നില്ല.

Mr. Speaker: During the presentation of supplementary grants no discussion on matter of policy can be allowed. The hon. Member will kindly bear that fact in mind.

This House has already considered the question of allotting sufficient funds for election purposes. For the information of the House I shall refer to May's Parliamentary Practice, 15th Edition, page 715 under the heading 'On Supplementary and excess grants':

"Debate on supplementary and excess grants is restricted to the particulars contained in the estimates on which those grants are sought, and to the application of the items which compose those grants; and the debate cannot touch the policy or the expenditure sanctioned on other heads, by the estimate on which the original grant was obtained, except so far as such policy or expenditure is brought before the committee by the items contained in the supplementary or excess estimates".

[Mr. Speaker]

In the Central Assembly also when such a question arose, the Chair ruled as follows:

"The position is this and this has been the practice all along. When the Budget is presented and the demand is made, that is the time for discussing any question of policv and to reject the demand or refuse it; but once that has been accepted and Government have incurred expenditure in accordance with the demand that has been passed, including the policy that is involed in the demand then any supplementary sum required will not involve the question of policy at all. This is covered by previous ruling and it is the practice also in Parliament......"

Sri. K. Sivarama Pillai: I am bringing to the notice of the Chair, Article 205 of the Constitution relating to Supplementary, additional or Excess grants.

Mr. Speaker: It is in accordance with Article 205 of the Constitution, that our Rule 52 has been enacted. It gives discretion to the Speaker to allow any discussion with regard to the specific grant that is sought for but not on questions of general policy. In the Travancore Sri Mulam Assembly, the Chair had ruled that "it has been repeatedly been held from the Chair that these token motions are not at all admissible when supplementary demands are before the House."

"The aim and purpose of a cut motion. as has so often been discussed, is merely to convert a cut motion, into a vehicle for the purpose of bringing under review the policy and principles underlying the administration of a particular department in respect of which a grant is moved. ....
A supplementary demand stands on a different footing altogether. Either the grant is made or it is refused. When a Supplementary Demand is made, it does not give the House another opportunity of bring under review the policies and principles underlying the entire department for which the Supplementary Demand is made. That is to say, a discussion of the principles is out of order".

I therefore rule that a discussion on the policy of the Department concerning elections is out of order.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: ബഡ്ജററ് പ്രസൻറചെയ്ത അവസരത്തിൽ ഉണ്ടായിരുന്ന പാളിസിയേക്കാൾ വ്യത്യസ്ഥമായ ഒരു പാളിസി ഉണ്ടായാൽ അതിനെപ്പററി പറഞ്ഞുകൂടേ?

Mr. Speaker: You cannot speak about policy now. If subsequent events justify any comment or discussion that can be done through other channels for example by moving resolutions.

Mr. Speaker: I will put the demand to vote.

The question that Government be granted a sum of Rs. 91,500 under Demand XI Elections under General Administration (c) Elections (a) other election charges, was put and carried.

The grant was made.

Demand XIII—Administration of Justice—Rs. 7,000.

Minister for Industries and Labour **(Sri. P. K. Krishnankutty Menon):**
I move for a supplementary grant of Rs. 7,000 under Demand XIII Administration of Justice, Law Officers.

സർ, ഈ ബഡ്ജററ് വർഷത്തേക്ക് ഈ ഗവമ്മെണ്ടിൻെറ നിയമോപദേഷ്ടാക്കളുടെ ആഫീസുകളിൽ വേണ്ടിവരുന്ന നിയമപുസ്തകങ്ങൾക്കും ഗവമ്മെൻറിനുവേണ്ടി കൊടുക്കുന്ന വ്യവഹാരച്ചിലവിനും പോരാതെവരുന്ന സംഖ്യക്കുവേണ്ടിയാണ് ഈ ധനാഭ്യർത്ഥന ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. ഈ ബഡ്ജററ വർഷത്തിൽ അഡ്വക്കെററ് ജനറലിൻെറ ആഫീസിലേക്കും ഡിസ്ട്രിക്ട് കോടതികളിലെ ഗവമ്മെൻറ് പ്ലീഡേർസിൻെറ ആഫീസുകളിലേക്കും വേണ്ടി

വരുന്ന പുസ്തകങ്ങൾക്കുവേണ്ടി ൩൦൦൦ രൂപയാണ് അനുവദിച്ചിരുന്നത്. അതിൽ ൧൨൦൦ രൂപ ഇതിനകം തന്നെ ചിലവായിട്ടുണ്ട്. ബാക്കിയുള്ളതിൽ ൧൫൦൦ രൂപ ഡിസ്ട്രിക്ട് കോടതിയിലെ ഗവമ്മെൻറ് പ്ലീഡർസിന്റെ ആഫീസിലേക്കുള്ള പുസ്തകങ്ങൾ വാങ്ങുന്നതിനായി മാററി വച്ചിട്ടുണ്ട്. നീക്കി ൩൦൦ രൂപമാത്രമേ ആ ഇനത്തിൽ ബാക്കിയുള്ളു. ഇനിയും കുറെ പുസ്തകങ്ങൾ വാങ്ങേണ്ടതുണ്ട്. ക്രിമിനൽ പ്രൊസീഡിയർകോഡും സിവിൾപ്രൊസീഡിയർകോഡും ഇൻഡ്യാഗവമ്മെൻറ് ഏറെറടുത്തിരിക്കുന്നതുകൊണ്ട് ആവക പുസ്തകങ്ങൾ ഉടനെ വാങ്ങേണ്ടിയിരിക്കുന്നു. കൂടാതെ അമേരിക്കൻ ലാഡൈജസ്ററും വാങ്ങിക്കണം. അങ്ങിനെ ഈ വക പുസ്തകങ്ങൾ വാങ്ങിക്കുന്നതിലേക്ക് ആകെ ൨,൦൦൦ രൂപയാണ് ആവശ്യപ്പെടുന്നത്.

ലാ ചാർജ്ജസ് എന്നയിനത്തിൽ ൫,൦൦൦ രൂപ കൂടുതലായി ആവശ്യപ്പെടുന്നുണ്ട്. ബഡ്ജററിൽ ഈ ഇനത്തിൽ ൨൦,൦൦൦ രൂപയാണ് കൊള്ളിച്ചിരുന്നത്. കൊച്ചിയിൽ ലാ ചാർജ്ജസ് അതാതു ഡിപ്പാർട്ടുമെൻറുകളാണ് ഇതിനുമുമ്പു വഹിച്ചിരുന്നത്. തന്മൂലം അവിടെയുള്ള ലാചാർജസ് ഈ ഹെഡിൽ ഉൾപ്പെട്ടിരുന്നില്ല. എന്നാൽ അങ്ങിനെ ചെയ്യുന്നതു ശരിയല്ലെന്നു ആഡിററർ ജനറൽ അഭിപ്രായപ്പെട്ടിരിക്കുന്നു. അതുകൊണ്ട് ൫,൦൦൦ രൂപ ലാ ചാർജസ് എന്ന ഇനത്തിൽ കൂടുതലായി ആവശ്യപ്പെട്ടിരിക്കയാണ്. അങ്ങിനെ പുസ്തകങ്ങൾവേണ്ടി രണ്ടായിരം രൂപയും ലാചാർജസ് എന്ന ഇനത്തിൽ അയ്യായിരം രൂപയും ഉൾപ്പെടെ ഏഴായിരം രൂപയുടെ ഈ ധനാഭ്യർത്ഥന സഭ അംഗീകരിക്കണമെന്നു് അപേക്ഷിക്കുന്നു.

<u>ശ്രീ. കളത്തിൽ വേലായുധൻനായർ</u>: ലാ ചാർജിസിനുള്ള ൫,൦൦൦ രൂപയും മററു ഡിപ്പാർട്ടുമെൻറിൽ പ്രൊവൈഡ് ചെയ്തിരുന്നതാണല്ലോ. അപ്പോൾ ആ തുക അവിടെ ചിലവാകാതിരിക്കുമല്ലോ.

<u>ശ്രീ. പി. കെ. കൃഷ്ണൻകുട്ടിമേനോൻ</u>: ചിലവാകുന്നതല്ല.

<u>ശ്രീ. കളത്തിൽവേലായുധൻ നായർ</u>: സർ, ഈ അവസരത്തിൽ ഒരു സംഗതി ചൂണ്ടിക്കാണിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. രണ്ടായിരം രൂപ പുസ്തകങ്ങൾ വാങ്ങുന്നതിലേക്ക് ആവശ്യപ്പെട്ടിരിക്കുന്നു. വളരെ വിലകൊടുത്തു വാങ്ങിക്കുന്ന പുസ്തകങ്ങൾ സൂക്ഷിക്കുന്നതിനുകൂടി ലാ ഡിപ്പാർട്ടുമെൻറ് ശ്രദ്ധിക്കേണ്ടതാണ്. തിരുവിതാംകൂർ അഡ്വക്കേററ് ജനറലാഫീസിലുള്ള ലൈബ്രറി തെക്കെ ഇൻഡ്യയിൽ ഉള്ളതിൽവച്ച് ഏററവുംനല്ല ഒരു ലൈബ്രറി ആണെന്നാണ് കണക്കാക്കിയിരിക്കുന്നത്. എന്നാൽ ഇപ്പോൾ അവിടെയുള്ള പുസ്തകങ്ങൾ മുഴവൻ വരാന്തയിൽ മഴയും വെയിലുംകൊണ്ട് മിക്കവാറും പൂത്ത് വൃത്തികേടായി കിടക്കുകയാണ്. ഹൈക്കോടതി എറണാകുളത്തേക്കു മാററിയിട്ട് കുറെക്കാലമായി. എന്നിട്ടും ഈ പുസ്തകങ്ങൾ സൂക്ഷിക്കുവാൻ യാതൊരു വ്യവസ്ഥയും ഇതുവരെ ചെയ്തിട്ടില്ല. അഡ്വക്കേററ ജനറൽ ഇക്കാര്യത്തിൽ നിസ്സഹായനാണെന്നും പുസ്തകങ്ങൾ വയ്ക്കുവാൻ സ്ഥലമില്ലെന്നും പറയുന്നു. എന്തിനുവേണ്ടിയാണ് ഈ പുസ്തകങ്ങൾ വാങ്ങിക്കുന്നതെന്നു ഞാൻ ചോദിക്കുന്നു. വാങ്ങിച്ച പുസ്തകങ്ങൾ സൂക്ഷിക്കുവാനും അങ്ങിനെ ലൈബ്രറിയെ വേണ്ടപോലെ പരിരക്ഷിക്കുവാനും തയ്യാറാകാതിരിക്കുന്നിടത്തോളം കാലം കൂടുതൽ പുസ്തകങ്ങൾ വാങ്ങിക്കുന്നതിലേക്കുള്ള ഈ ധനാഭ്യർത്ഥനയെ എതിർക്കാതെ തരമില്ല.

<u>ശ്രീ. പി. കെ. കൃഷ്ണൻകുട്ടിമേനോൻ</u>: പുസ്തകങ്ങൾ വരാന്തയിൽ ഇട്ടിരിക്കയാണെന്നു പറയുന്നതു ശരിയല്ല. മുറിക്കകത്തു അലമാരിക്കകത്തു ആണ് അവ സൂക്ഷിച്ചിരിക്കുന്നത്. എന്നാൽ വേണ്ടിടത്തോളം സ്ഥലമില്ലെന്നു സമ്മതിക്കാം.

ശ്രീ. കളത്തിൽ വേലായുധൻനായർ : പുസ്തകങ്ങൾ വരാന്തയിൽ കിടക്കുന്നതു കണ്ടിട്ടാണു് ഞാൻ ഇതു പറയുന്നതു്.

ശ്രീ. പി. കെ. കൃഷ്ണൻകുട്ടിമേനോൻ : ഞാനും കണ്ടിട്ടുതന്നെയാണു് അല്ലെന്നു പറയുന്നതു്.

ശ്രീ. എ. താണുപിള്ള : പുസ്തകം വയ്ക്കുവാൻ സ്ഥലമില്ലെന്നു സമ്മതിക്കുന്ന ബഹു. മന്ത്രി അതു മുറിക്കകത്തു ഭംഗിയായി വച്ചിരിക്കുന്നു എന്നു പറയുന്നതു എങ്ങിനെ വിശ്വസിക്കാനാണു്. സ്ഥലമില്ലാതെ പിന്നെ എവിടെ വയ്ക്കും. ഈ കോടതിയും, ലൈബ്രറിയും, മററു റിക്കാർഡുകളും ഇവിടെനിന്നും വലിച്ചുവാരി സ്ഥലമില്ലാത്തയിടത്തു കൊണ്ടുപോയി ഇട്ടു് നാശമാക്കിയിരിക്കുകയാണു്. പകൽ ആഫീസ്മേശയും രാത്രി കിടക്കകട്ടിലുമായിട്ടാണു് അവിടെ ഉള്ള ഉദ്യോഗസ്ഥന്മാർ ഇപ്പോൾ അതു ഉപയോഗിക്കുന്നതു്. ഈ നിലയ്ക്കു മാററം വരാതെ ഇനിയും കൂടുതൽ പുസ്തകങ്ങൾ വാങ്ങണമെന്നു പറയുന്നതിനോടു അനുകൂലിക്കുവാൻ യാതൊരു നിവൃത്തിയുമില്ല.

Sri. D. Gnanasigamoni : The hon. Minister said that the books are kept in the shelves. I would request the hon, Minister to visit the High Court library. I want to say this much. Once when I visited the High court library, I saw the books thrown about carelessly. I asked the librarian why they were kept so. He said there was no shelf available to keep the books. Sir, I wish to record my emphatic protest against the statement made by the hon. Minister. All these books are not only lying on the veranda, but are uncared for and allowed to rot. Anybody can visit the place and see for himself the present condition of the once proud library. I also oppose this Demand.

ശ്രീ. പി. കെ. കൃഷ്ണൻകുട്ടിമേനോൻ : ഈ ധനാഭ്യർത്ഥന ആവശ്യപ്പെട്ടിട്ടുള്ളതു് ഹൈക്കോടതിയിലേക്കു് പുസ്തകങ്ങൾ വാങ്ങുന്നതിനു വേണ്ടിയല്ല അഡ്വക്കേററ്ജനറലിന്റെ ആഫീസിലേക്കും ഡിസ്ട്രിക്ട് കോടതികളിലുള്ള ഗവമെന്റ് പ്ലീഡറുകളുടെ ആഫീസുകളിലേക്കും പുസ്തകങ്ങൾ വാങ്ങാൻവേണ്ടിയാണു്.

ശ്രീ. എ. താണുപിള്ള : ഇപ്പോഴുള്ള പുസ്തകങ്ങൾ ശരിയായി സൂക്ഷിക്കുവാൻ ഏർപ്പാടു ചെയ്തുകഴിഞ്ഞിട്ടു് ഈ പുസ്തകങ്ങൾ വാങ്ങിച്ചാൽപോരെ?

ശ്രീ. പി. കെ. കൃഷ്ണൻകുട്ടിമേനോൻ : ഈ പുസ്തകങ്ങൾപെട്ടെന്നു ആവശ്യമുള്ളവയാണു്. ക്രിമിനൽ പ്രൊസീഡിയർകോഡും സിവിൽപ്രൊസീഡിയർകോഡും ഇൻഡ്യാഗവമെന്റ് ഏറെറടുത്തതുകൊണ്ടു് ആവക പുസ്തകങ്ങളും അതുപോലെ സുപ്രീംകോടതിയിലെ ആവശ്യത്തിനായി അമേരിക്കൻ ലാ ഡൈജസ്ററും ഉടനെ വാങ്ങേണ്ടതാണു്. ഇവിടെ പറഞ്ഞതുപോലെ പുസ്തകങ്ങൾ വരാന്തയിൽ കിടക്കുന്നില്ല. നേരേമറിച്ചു് അവ ഒരു മുറിയിൽ സൂക്ഷിച്ചിരിക്കുകയാണു്.

Mr. Speaker: There has been sufficient discussion and I shall put the demand to vote.

The question that Government be granted a sum of Rs. 7,000 under Demand XIII—Admintstration of Justice (b) Law Officers—was put and carried.

The grant was made.

Demand XVI—Ports and Pilotage—Rs. 8,000.

Minister for Public Works **(Sri. G. Chandrasekhara Pillai):** I move for a supplementary grant of Rs. 8,000 under Demand XVI Ports and Pilotage B, Other ports (a), Ports Establishment,

Minister for Industries and Labour **(Sri. P. K. Krishnankutty Menon):** I second it.

ശ്രീ. ജി. ചന്ദ്രശേഖരപിള്ള: ഈ ൪,൦൦൦ രൂപ സിഗ്നലേഴ്സിന്റെ ശമ്പളവും അലവൻസും കൊടുക്കുന്നതിലേക്കും കണ്ടിജൻസി ചെലവിലേക്കും വേണ്ടിയാണ്. സിഗ്നലേഴ്സിന്റെ ചെലവ് ഇൻഡ്യാഗവമ്മെന്റ വഹിക്കുമെന്നാണ് ഈ ഗവമ്മെന്റ വിചാരിച്ചിരുന്നത്. എന്നാൽ ലൈററ് ഹൗസ്സിന്റെ ഭരണം ഇൻഡ്യാഗവമ്മെന്റ ഏറ്റെടുത്തുകഴിഞ്ഞിട്ടും ഈ സിഗ്നലിംഗ് സംബന്ധിച്ചുള്ള ചെലവ് എല്ലാം ഈ ഗവമ്മെന്റുതന്നെ നിർവ്വഹിക്കണമെന്നാണ് ഇൻഡ്യാഗവമ്മെന്റിൽനിന്നും ഇപ്പോൾ പറയുന്നത്. ആ സ്ഥിതിക്ക് ഈ തുകകൊണ്ട് സിഗ്നലേഴ്സിന്റെ ശമ്പളച്ചെലവും അതുസംബന്ധിച്ചുള്ള കണ്ടിജൻസിചെലവും നടത്തുന്നതിനാണ് ഈ ൪,൦൦൦ രൂപാ ആവശ്യപ്പെടുന്നത്. മൂന്നു പെർമിനന്റ സിഗ്നലേഴ്സും മൂന്നു ടെംപററി സിഗ്നലേഴ്സും ഉണ്ട്. അവക്കുള്ള ശമ്പളച്ചെലവും കണ്ടിജൻസി ചിലവും കൂടിയാണ് ഈ തുക.

ശ്രീ. സി. കേശവൻ: ഞാൻ ഇതിനെ പിൻതാങ്ങുന്നു.

Sri. D. Gnanasigamoni : Did this Government tell the Government of India that this is a central subject for which they alone are responsible?

ശ്രീ. ജി. ചന്ദ്രശേഖരപിള്ള: എഴുതിക്കഴിഞ്ഞു. ലൈററ് ഹൗസ്സിന്റെ ചെലവ് അവർ വഹിക്കുമെന്നും സിഗ്നലേഴ്സിന്റെ ചെലവ് ഈ ഗവമ്മെന്റ വഹിക്കണമെന്നുമാണവർ പറയുന്നത്.

ശ്രീ. ഏ. താണുപിള്ള: ഇവിടത്തെ ബഡ്ജററ അവതരിപ്പിക്കുന്നതിനുമുമ്പു ഇൻഡ്യാഗവമ്മെന്റിന്റെ അപ്രൂവലിനായി അയച്ചിട്ടില്ലേ?

ശ്രീ. ജി. ചന്ദ്രശേഖരപിള്ള: ഇതുസംബന്ധിച്ചുള്ളതു അയച്ചുകഴിഞ്ഞിട്ടുണ്ട്. അതെല്ലാം അയച്ചുകൊടുത്തതിനുശേഷമാണ് ഈ രീതിയിൽ മറുപടി വന്നതു്.

ശ്രീ. ഏ. താണുപിള്ള: അതല്ല ഞാൻ ചോദിച്ചതു്. നമ്മുടെ മുഴുവൻ ബഡ്ജററ കഴിഞ്ഞ വർഷത്തെ ഇൻഡ്യാഗവമ്മെന്റിന്റെ അപ്രൂവലിനായി അയച്ചുകൊടുത്തില്ലേ എന്നാണ്?

ശ്രീ. ജി. ചന്ദ്രശേഖരപിള്ള: ഇല്ല.

ശ്രീ. ഏ. താണുപിള്ള: ഇപ്പോൾ ഈ സിഗ്നലേഴ്സിനെ സംബന്ധിച്ചുള്ള ചെലവ് ഈ ഗവമ്മെന്റ വഹിക്കണമെന്നു പറയുന്നതു് ഏതടിസ്ഥാനത്തിലാണ്?

ശ്രീ. ജി. ചന്ദ്രശേഖരപിള്ള: അതുസംബന്ധിച്ചുള്ള ചെലവിനെപ്പററി ഇൻഡ്യാഗവമ്മെന്റിനു എഴുതി അയച്ചു. അതിനുശേഷം ഇവിടത്തെ ബഡ്ജററിൽ അതു കൊള്ളിച്ചില്ല. എന്നാൽ ഇപ്പോൾ ലൈററ് ഹൗസ്സിന്റെ ചെലവുമാത്രം വഹിച്ചുകൊള്ളാമെന്നും സിഗ്നലേഴ്സിനെ സംബന്ധിച്ചുള്ള ചെലവ് ഈ ഗവമ്മെന്റ വഹിക്കണമെന്നും പറഞ്ഞിരിക്കുന്നു.

ശ്രീ. ഏ. താണുപിള്ള: മദ്രാസ്, ബോംബെ മുതലായ സ്ഥലങ്ങളിലേയും ഈവക ചെലവ് അതതു സ്റ്റേററുകൾ വഹിക്കുകയാണോ അതോ സെൻട്രൽ ഗവമ്മെന്റാണോ വഹിക്കുന്നതു്?

ശ്രീ. ജി. ചന്ദ്രശേഖരപിള്ള: അവിടെയും ഇതുപോലെതന്നെയാണെന്നാണ് തോന്നുന്നതു്.

ശ്രീ. എ. താണുപിള്ള: ഇപ്പോൾ ഇൻഡ്യാഗവമ്മെൻറ് ഇങ്ങനെ ആവശ്യപ്പെട്ടിരിക്കുന്നതെന്തുകൊണ്ടാണെന്നു പറയാമോ?

ശ്രീ. സി. കേശവൻ: ഈ മേജർ പോർട്ട്സിനെ സംബന്ധിച്ചിടത്തോളം അവയുടെ ചെലവു സെൻട്രൽ ഗവമ്മെൻറു വഹിക്കുകയും മൈനർ പോർട്ട്സിന്റെ കാര്യത്തിൽ സ്റ്റേററ്റിനു വിട്ടുകൊടുത്തിരിക്കുകയുമാണ്. തിരുവിതാംകൂറിലും കൊച്ചിയിലുമുള്ള മൈനർപോർട്ട്സിലെ ലൈററ് ഹൗസ്സ് സംബന്ധിച്ചുള്ള ചെലവ് അവർ വഹിക്കുകയും മററു സിഗ്നലേഴ്സിനെ സംബന്ധിച്ചും മററുമുള്ള ചെലവ് സ്റ്റേററിനു വിട്ടുകൊടുത്തിരിക്കുകയുമാണ്.

ശ്രീ എ. താണുപിള്ള: അപ്പോൾ ഈ മൈനർ പോർട്ട്സിന്റെ ലൈററ് ഹൗസിന്റെ ഭരണം അവർ എടുക്കുകയും, സിഗ്നലേഴ്സിന്റെ ചെലവ് സ്റ്റേററിലേക്ക് വിട്ടുകൊടുക്കുകയും ചെയ്തു എന്നാണോ പറയുന്നതു്?

ശ്രീ. സി. കേശവൻ: ലൈററ് ഹൗസ് അവരുടെ ഭരണത്തിൻകീഴിൽ വരുത്തിയിരിക്കയാണ്.

ശ്രീ. എ. താണുപിള്ള: അപ്പോൾ ഈ ലൈററ് ഹൗസും സിഗ്നലേഴ്സും രണ്ടായിട്ടുതന്നെയാണോ അവർ വെച്ചിരിക്കുന്നതു്?

ശ്രീ. സി. കേശവൻ: അതു രണ്ടായിട്ടുതന്നെയാണ് കരുതിയിരിക്കുന്നതു്.

ശ്രീ. കളത്തിൽ വേലായുധൻ നായർ: ഈ സിഗ്നലേഴ്സ് എന്തു വേലയാണു നടത്തിക്കൊണ്ടിരിക്കുന്നതു്?

ശ്രീ. സി. കേശവൻ: അവർ കപ്പലിലേക്കും അവിടെനിന്നും വാർത്തകൾ അയയ്ക്കുകയും മററും ചെയ്യുന്നു.

ശ്രീ. കളത്തിൽ വേലായുധൻ നായർ: അതു അങ്ങു നിറുത്തിയാൽ വല്ല ദോഷവുമുണ്ടോ?

ശ്രീ. സി. കേശവൻ: അതു നിറുത്തുന്ന പക്ഷം കൊല്ലം, ആലപ്പുഴ മുതലായ പോർട്ടുകളിൽനിന്നും കപ്പലുകൾ പോകുന്നതിനും വരുന്നതിനും വിഷമങ്ങൾ ഉണ്ടാകും.

ശ്രീ. എ. കെ. പാച്ചുപിള്ള: കസ്റ്റംസും കപ്പൽ ചുങ്കവും മററും മുഴുവൻ ഇൻഡ്യാഗവമ്മെൻറല്ലേ എടുക്കുന്നതു്? അതുകൊണ്ടു് ഇതു മുഴുവൻ അവരല്ലേ വഹിക്കേണ്ടതു്?

ശ്രീ സി. കേശവൻ: അതിപ്പോൾ പറയാൻ നിവൃത്തിയില്ല. ഇവിടത്തെ പോർട്ടിൽനിന്നും ലഭിക്കുന്ന ആദായം തിരുവിതാംകൂർ-കൊച്ചി ഗവമ്മെൻറാണ് എടുക്കുന്നതു്.

Sri. A. K. Patchu Pillai: I wish to point out that from the Federal Financial Integration Agreement, it will be clearly seen that whatever income accrued as customs from the ports is due to the Central Government. They are thereby bound to administer the ports themselves, and do the necessary things for the realization of the customs duties.

Sri. C. Kesavan: There is a slight difference. കസ്റ്റംസ് എല്ലാം ഇൻഡ്യാഗവമ്മെൻറിനാണ് പോകുന്നതെങ്കിലും മൈനർ പോർട്ട്സിനെ സംബന്ധിച്ചിടത്തോളം ഡ്യൂട്ടിയിനത്തിൽ വരുന്നതു ഈ ഗവമ്മെൻറാണ് എടുത്തുവരുന്നതു്. I am subject to correction. I speak from memory.

ശ്രീ. എ. കെ. പാച്ചുപിള്ള: ഞാൻ ആദ്യമേ പറഞ്ഞതുകൂടാതുള്ള വരവാണോ ഇതു്?

Sri. C. Kesavan: You may call it a mistake, but then it was a bonafide mistake. We also, as the hon. Member thinks, thought that signalling is included

in the lighthouse. But the Union Government made this distinction, namely, that a lighthouse is a Union affair but that signalling meant for a minor port is a State affair, thereby meaning that we can utilize the convenience afforded by the minor port to use the signals for the ships to come and go.

Sri. A. K. Patchu Pillai: May I know whether this Government have sought the best legal advice available on this particular subject?

Sri. C. Kesavan: If necessary we can seek advice, but the budget was not prepared after seeking legal advice.

Sri. A. K. Patchu Pillai: May I know whether the Government will be prepared to seek legal advice at least hereafter, so that the question may be fought again and our cause urged?

Sri. C. Kesavan: Government will always get legal advice wherever there is necessity for legal advice, and if there is any complication later on that will be referred to the Legal Department and even to expert legal heads.

Sri. P. S. Nataraja Pillai: May I know whether lighthouse is not a subject included in the Union list?

Sri. C. Kesavan: Yes.

Sri. P. S. Nataraja Pillai: Is not "minor port" under the State list?

Sri. C. Kesavan: Yes.

Sri. P. S. Nataraja Pillai: Then, if that be so, as far as I can find, whatever is done in respect of the minor ports will have to be met from the State funds, while the lighthouses will be controlled by the Union Government.

Sri. C. Kesavan: It is so. I referred to signalling alone. That is distinct from lighthouse.

Mr. Speaker: The matter has heen sufficiently discussed, and I shall put the demand to vote.

Thc puestion that Government be granted a sum of Rs. 8,000 under Demand XVI—Ports and Pilotage—was put and carried.

The grant was made.

Demand XXIII—Animal Husbandry—Rs. 67,880.

Minister for Finance and Food **(Sri. K. M. Korah):** I move for a supplementary grant of Rs. 67,880 under Demand XXIII—Animal Husbandry Veterinary the major head being 41 Veterinary.

The Government propose to start two new schemes, namely, key farm centres and disease investigation scheme. The grant under 41 Veterinary is only Rs.4,70,700 and it is not possible to find the amount required for the purpose of these two schemes. As decided at present, the proposal is to establish four key farm centres in the State, viz., Trivandrum, Kottayam, Vytilla and Ollukara. The programme of work for the centres is to have a preliminary survey of selected villages around the farm, for ascertaining the animal husbandry conditions, extension of livestock improvement, castration of scrubs, supply of approved bulls, etc. The farm will also maintain an artificial insemination centre and a sufficient number of bulls required at each centre. The total amount that would be required for this scheme would be Rs. 3,15,424.

Mr. Speaker: Order, order. The House will now adjourn to meet again at 2·0 p.m.

The House rose for lunch at 1·0 p.m. and re-assembled at 2·0 p.m. with Mr. Speaker in the Chair.

2 p.m.]

Sri. K. M. Korah: Sir, the scheme about which I was referring this morning is based on an All-India scheme and it is to last for 4 to 5 years. There is another additional advantage, namely that 50 per cent of the expenses will be met by the Central Government.

[Sri K. M. Korah]

The second scheme is the disease investigation scheme which is also approved by the Indian Council of Agricultural Research. It consists of the appointment of Veterinary Disease Investigation officer for the state with the necessary staff to carry out a general survey of the contagious and infectious diseases of livestock and suggests methods for the efficient and systematic control of the disease. A laboratory has to be equipped for the purpose. Under these two items, the amount required is Rs. 67,880. In view of the importance of the scheme and in view of the fact that there is no provision in the bubget as this was not envisaged at the time of the preparation of the bubget, I believe that the honourable Members will readily grant this demand.

Sri. P. S. Nataraja Pillai: May I ask, whether the pilot key village scheme under 41 Veterinary (d) Breeding Operations is the same as the present scheme that is referred to?

Sri. K. M. Korah: This is a scheme different from that.

Sri. P. S. Nataraja Pillai: May I know whether that scheme has been worked out by the Department?

Sri. K. M. Korah: Yes.

Sri. P. S. Nataraja Pillai: Then may I know whether the four centres now indicated are in addition to the centres now being worked in Travancore?

Sri. K. M. Korah: But these centres are for working the scheme outlined for Animal Husbandry.

Sri. P. S. Nataraja Pillai: What we find in the Budget is a provision for Pilot Key Village Scheme. How is that different from the one that is now proposed?

Sri. K. M. Korah: There is also artificial insemination. That is the difference

ശ്രീ. പൊന്നറ ജി. ശ്രീധർ: കഴിഞ്ഞ ബഡ്ജററസമയത്തു ഈ സ്കീം ഒന്നും ഇല്ലായിരുന്നോ?

ശ്രീ. കെ. എം. കോര: ഇല്ലായിരുന്നു.

ശ്രീ പൊന്നറ ജി. ശ്രീധർ: കഴിഞ്ഞ ഫിനാൻസുകമ്മിററി ഇതിനെ സംബന്ധിച്ചു ഒരു നോട്ടു സബ്മിററു ചെയ്തിരുന്നില്ലേ?

ശ്രീ. കെ. എം. കോര: ഇക്കഴിഞ്ഞ ഫിനാൻസു കമ്മിററിയിൽ സബ്മിററു ചെയ്തു അവരുടെ അപ്രൂവൽ വാങ്ങിയിട്ടുണ്ടു്.

ശ്രീ. പൊന്നറ ജി. ശ്രീധർ: ബഡ്ജററിനു മുമ്പുണ്ടായിരുന്ന ഫിനാൻസുകമ്മിററിയിൽ കൊണ്ടുവന്നു് അപ്രൂവൽ വാങ്ങിയിരുന്നില്ലേ?

ശ്രീ. കെ. എം. കോര: ഈ സ്കീം അന്നില്ലായിരുന്നു. ഇൻഡ്യാഗവമ്മെൻറിന്റെ ഡയറക്ഷനനുസരിച്ചു ഇപ്പോഴുണ്ടായിട്ടുള്ള സ്കീമാണിതു്.

ശ്രീ. പൊന്നറ ജി. ശ്രീധർ: ഇൻഡ്യാഗവമ്മെൻറിൽനിന്നു ഇതിന്റെ ഡയറക്ഷൻ തന്നതു് എപ്പോഴാണു്?

ശ്രീ. കെ. എം. കോര: ഇതിന്റെ ഡേററു് ഇപ്പോൾ പറയുവാൻ നിവൃത്തിയില്ല.

Sri. K. Sivarama Pillai: May I know whether any receipts are contemplated under this scheme?

Sri. K. M. Korah: Not much. A nominal income is likely.

Sri. K. Sivarama Pillai: If so, should it not also find a place here?

Sri. K. M. Korah: It may be after all slight. We cannot now say wha it will be.

Sri. A. K. Patchu Pillai: Is the experiment to be conducted in one centre only at present or in all the four centres?

Sri. K. M. Korah: This process will be carried on in four centres

Sri. A. K. Patchu Pillai: Has that experiment been conducted anywhere?

Sri. K. M. Korah: Yes, in Trivandrum.

Sri. A. K. Patchu Pillai: What is the result of that ?

Sri. K. M. Korah: Half a dozen experiments have been made and the results are being watched.

Sri. P. S. Nataraja Pillai: May I know whether there is a disease investigation scheme under 'Veterinary' even now ?

Sri. K. M. Korah: Yes.

Sri. P. S. Nataraja Pillai: The additional money that is asked for is Rs. 21,000. Is it in addition to the provision of Rs. 24,000 already in the Budget?

Sri. K. M. Korah: Yes, it is in addition to that.

Sri. Ambat Eachara Menon: In what way is the amount already provided insufficient?

Sri. K. M. Korah: After seeing the actual working of the scheme, it has been found so.

Sri. P. S. Nataraja Pillai: Has the Government come to the conclusion that the existing provision is not adequate for the scheme now outlined? I want to know the ground on which additional grant is now asked for.

Sri. K. M. Korah: One ground is that the provision in the budget is quite inadequate. Secondly, this is entirely a new scheme from the one for which amount was provided in the budget.

Sri. P. S. Najaraja Pillai: Sir, a supplementary grant can be aaked for a new service or it must be for an item under which provision once made is found inadequate. As a matter of fact if the amount provided under 41 Veterinary (d) Breeding Operations—Pilot Key Village Scheme is found inadequate, the necessity for this demand can be understood. There is a provision for Investigation Officer, Livestock Inspector, Stockmen etc., as also for purchase of artificial insemination sets. The amount set apart for that comes to Rs. 24,000. What is stated here is for the appointment of Disease Investigation Officer for the State with the necessary staff to carry out a general survey of the scheme this amount is necessary. From the budget we see a provision for an Investigation Officer on a pay of Rs. 125 to 175. So already there is a Disease Investigation Officer in the Veterinary Department working in the State. This grant also is for the appointment of such an officer. That means there will be two disease investigation officers in the State in stead of the one already available. If it is the case that one officer is not sufficient for the State, that can be easily understood. From the information supplied to the House, I am not able to see that it is so. If the Government come to the House, and say that one more officer is required for the purpose, I can appreciate that fact and give my approval for that. In the face of available material in the budget, what is stated in the House is not correct. Though I do not substantially object to the provision asked for, I for one hold that due emphasis is not paid by the department for improvement of cattle. When we talk so much about grow more food scheme and improved cultivation of land and more land being handed over for cultivation and all that, Government are not at all bestowing any attention whatsoever to this aspect of the problem viz., power. Cattle is the very necessary power to grow more food. More care must be bestowed on that. May I also point out that correct information in the light of the Budget ought to be placed before the House when a demand is made.

Sri. K. M. Korah: There is this additional feature so far as this scheme is concerned. A laboratory has to be equipped for the purpose. The hon. Member

[Sri K. M. Korah]

will gladly concede that ever so many diseases come into existence for which a separate laboratory will be useful. The hon. Member was pointing out a provision of the Budget and emphasised that there is already an investigation officer. But that officer is different from the one now proposed. This officer will continue for 5 years for this is a five year plan. The additional advantage is that our Government will get 50 per cent contribution from the Government of India.

Sri. P. S. Nataraja Pillai: Has their sanction been secured for the 50 per cent of the amount?

Sri. K. M. Korah: The Government of India will favourably consider our request.

ശ്രീ. എ. കെ. പാച്ചുപിള്ള: ൧൯—൯—൧൯൫൦ൽ ഇതിനെ സംബന്ധിച്ച് ഒരു കോൺഫറൻസ് ഉണ്ടായിരുന്നുവെന്നും, അതിൽ ഇതിനെപ്പററി ആലോചിച്ചുവെന്നും പറയുന്നു. അതിലെ തീരുമാനം എന്തായിരുന്നുവെന്നും ആരൊക്കെയാണ് ആ കമ്മിററി അംഗങ്ങളെന്നും പറയാമോ?

Sri. K. M. Korah: The Minister for Irrigation, The Finance Secretary, The Secretary to Government, The Director of Animal Husbandry.

ശ്രീ. എ. കെ. പാച്ചുപിള്ള: അവരുടെ തീരുമാനങ്ങളിൽ ൧൯൫൧ൽ എന്തു ചെയ്യണമെന്നാണ് പറഞ്ഞിട്ടുള്ളത്?

Sri. K. M. Korah: In view of the directions given by the Government of India, as much work as possible will be started early.

Sri. D. Gnanasigamoni: Is it true that the Government of India has not made provision in respect of this till now?

Sri. K. M. Korah: I do not know how this arises. It is stated that 50 per cent of the expenses will be contributed towards this purpose.

Sri. D. Gnansigamoni: My question is whether it is true that in this year's Budget, the Government of India has not made any provision for this.

Sri. K. M. Korah: Anyway, 50 per cent of the expenses will be shared by them.

ശ്രീ. എ. കെ. പാച്ചുപിള്ള: കറാച്ചിയിൽനിന്നും സിൻഡിൽനിന്നും പശുക്കളെ ഇവിടെ വരുത്തുന്നതിനു ഇൻഡ്യാഗവമ്മെൻറ് ഗ്രാൻറ തന്നിട്ടുണ്ടോ?

ശ്രീ. കെ. എം. കോര: ഇല്ല.

ശ്രീ. എ. കെ. പാച്ചുപിള്ള: നാട്ടിൻെറ നാനാഭാഗങ്ങളിൽനിന്നും പശുക്കരം ആവശ്യമുള്ളവരുടെ അപേക്ഷകരം ആവശ്യപ്പെട്ടു നോട്ടിഫിക്കേഷൻ ഉണ്ടായിട്ടുണ്ടോ?

ശ്രീ. കെ. എം. കോര: അങ്ങിനെ ഉണ്ടായിട്ടില്ല.

The question that Government be granted a sum of Rs. 67,880 under Demand XXIII Animal Husbandry was put and carried.

The grant was made.

Demand XXV—Industries and Supplies—Rs. 10,91,000.

Minister for Industries and Labour **(Sri. P. K. Krishnankutty Menon)**: Sir, I move for a supplementary grant of Rs. 10,91,000 under Demand XXV—XXXII Industries and Supplies—(a) Industries 7—Mining receipts, working expenses.

സർ, ബഡ്ജററിൽ വക്കിംഗ് എക്സ്പെൻസിനുവേണ്ടി ൧൧,൩൯,൦൦൦ രൂപയാണു കൊള്ളിച്ചിട്ടുള്ളത്. അതിൽ ൧൯൫൧ ആഗസ്റ്റ് ൨൪-ാംതീയ, ൫൨,൨൧൧ രൂപാ ചെലവായിട്ടുണ്ട്. അതുകഴിച്ച് ബാക്കി ൧൦,൮൬,൭൮൯ രൂപാ മാത്രമാണുള്ളത്. ഇനി വരുന്ന മാസങ്ങളിലെ ചെലവിനും ഇതിൽ പ

റയുന്ന ഒന്നും രണ്ടും മൂന്നും നമ്പരുകളിൽ കാണുന്ന ചെലവുകൾക്കും കൂടി ൩൮,൯൯,൦൦൦ രൂപയോളം ചെലവുവരുമെന്നു കണക്കാക്കപ്പെട്ടിരിക്കുന്നു. ഇതുവരെയായി തിരുവിതാംകൂർ മിനറൽ കൺസേൺ നമ്പർ ഒന്നിനു ൩,൨൦,൦൦൦ ടൺ ഇൽമിനൈററിനു ഓർഡർ കിട്ടിക്കഴിഞ്ഞിട്ടുണ്ടു്. അതിൽ ൩,൦൦,൦൦൦ ടൺ ൩൬ ൫൨ മാർച്ചിനു മുമ്പുതന്നെ ഡെലിവറി കൊടുക്കേണ്ടതാണു്. ഈ ചുരുങ്ങിയ കാലത്തിനുള്ളിൽ ഇത്രയധികം കപ്പാസിററി എടുക്കേണ്ടിയുള്ളതുകൊണ്ടു് അതിനു കൂടുതൽ വക്കിംഗു് എക്സ്പെൻസ് വരുന്നതാണു്. അങ്ങിനെ കൂടുതൽ വരുന്ന ചെലവുകൾക്കായി കൂടുതൽ സംഖ്യ ആവശ്യമുണ്ടു്. ഈ ഇനങ്ങൾക്കെല്ലാംകൂടി മേലാൽ ൬,൭൫,൦൦൦ രൂപാവരെ വേണ്ടിവരുമെന്നു കണക്കാക്കപ്പെട്ടിരിക്കുന്നു. ൩൬ ൫ ൩ മാർച്ചുവരെ ൪൦,൦൦൦ ടൺ ആണു് സ്റ്റോക്കുണ്ടായിരുന്നതു്. അതിനുശേഷം ൧൦,൦൦൦ ടൺ കൂടി ഉണ്ടാക്കണമെന്നാണു് കണക്കാക്കപ്പെട്ടിരിക്കുന്നതു്. ഇതിനെല്ലാംകൂടിയുള്ള ചെലവാണു് ഈ ൬,൭൫,൦൦൦ രൂപാ.

നമ്പർ ൨. മണവാളക്കുറിച്ചിയിലുള്ള ഫാക്ടറിയിൽ പ്രവൎത്തനം തുടങ്ങുന്നതിനു ഈ കൊല്ലത്തെ ബഡ്ജററു് തയ്യാറാക്കുന്ന സമയത്തു സംഖ്യ ചേൎത്തിരുന്നില്ല. ബഡ്ജററു് തയ്യാറായി കഴിഞ്ഞതിനുശേഷമാണു് ഇതിന്റെ പ്രവൎത്തനം തുടങ്ങുവാൻ തീരുമാനിക്കുകയും അതിനുവേണ്ടി ൨,൦൦,൦൦൦ രൂപാ ചെലവുവരുമെന്നു കണക്കാക്കപ്പെടുകയും ചെയ്തിട്ടുള്ളതു്. അസോഷിയേററഡ് മിനറൽ കമ്പനിയിൽ ഈ മാസത്തിൽത്തന്നെ പ്രവൎത്തനം ആരംഭിക്കുവാനാണു് ഉദ്ദേശിച്ചിട്ടുള്ളതു്. അതിനു ൪,൦൦,൦൦൦ രൂപാ ചെലവു വരുമെന്നാണു് കണക്കാക്കപ്പെട്ടിരിക്കുന്നതു്.

ഇതിനും പുറമെ ഈ കമ്പനികളിൽ ഉണ്ടാക്കുന്ന ഇൽമിനൈററു് കയററി അയക്കുന്നതിനു പാക്കു് ചെയ്യുന്നതിനുള്ള ചാക്കിന്റെ ആവശ്യത്തിനു് ചണവും മററും വാങ്ങുന്നതിനു് ൭,൪൨,൦൦൦ രൂപായാണു് വേണ്ടതു്. ബഡ്ജററിൽ ൨,൬൫,൦൦൦ രൂപ മാത്രമാണു് അതിനുവേണ്ടി കൊള്ളിച്ചിരുന്നതു്. അപ്രകാരം ഒരു തുക കൊള്ളിച്ചിരുന്നതു് ക്യാപ്പിററൽ ഹെഡ്ഡിലാണു്. അതു പിന്നീടു് ക്യാപ്പിററൽ ഹെഡ്ഡിൽ പെടുത്തുവാൻ പാടില്ലെന്നും അതു വക്കിംഗു് എക്സ്പെൻസിൽ പെടുത്തണമെന്നും തീരുമാനിച്ചു. അപ്രകാരം ൩൮,൯൯,൦൦൦ രൂപാ ഈ മാൎച്ചു് അവസാനംവരെയുള്ള ചിലവുകൾക്കു് ബഡ്ജററിൽ കൊള്ളിച്ചതിൽ ൧,൮൫,൯൨൭ രൂപാ കഴിച്ചു് ബാക്കിവരുന്ന ൩൦,൬൩,൦൦൦ രൂപായാണു് ഈ അഭ്യൎത്ഥനയിൽ കൊള്ളിച്ചിട്ടുള്ളതു്. ഇതു് അനുവദിച്ചുതരുവാൻ ഞാൻ സഭയോടു് അപേക്ഷിക്കുന്നു.

ശ്രീ. ജി. ചന്ദ്രശേഖരപിള്ള : ഞാൻ ഈ ധനാഭ്യൎത്ഥനയെ പിൻതാങ്ങുന്നു.

ശ്രീ. എം. കെ. പാച്ചുപിള്ള : സർ, ഈ ഇനം യൂണിയൻ ലിസ്റ്റിന്റെ ൫൨-ാം നമ്പരായി കാണാവുന്നതാണു്. അതായതു്:

"Industries, the control of which by the Union is declared by Parliament by law to be expedient in the public interest."

എന്നാണു്. അങ്ങനെ പബ്ലിക്കു് ഇൻറരസ്റ്റിന്റെ ആവശ്യത്തിനുവേണ്ടി അത്യാവശ്യമെന്നുകണ്ടാൽ പാർലിമെൻറു് നിയമം പാസാക്കും. അപ്രകാരം പാർലിമെൻറിന്റെ അധികാരംവച്ചുകൊണ്ടാണൊ മോണോസൈററു് കണ്ടൻസിൽ ഒരു ശതമാനം കുറച്ചിട്ടുള്ളതു്.

ശ്രീ. പി. കെ. കുഞ്ഞൻകുട്ടിമേനോൻ: ഇൽമിനൈററിലെ മോണോസൈററു് കണ്ടൻസു് കൂടുതലായി കഴിഞ്ഞാൽ ഒരു ശതമാനം കുറയ്ക്കണമെന്നാണു ഇൻഡ്യാ ഗവൺമെൻറു് ആവശ്യപ്പെട്ടിട്ടുള്ളതു്.

ശ്രീ. ഏ. കെ. പാച്ചുപിള്ള: അതു കുറയ്ക്കുവാൻ അവർക്ക് അധികാരമില്ലെന്ന് ഗവണ്മെണ്ട് അവരോടു പറഞ്ഞിട്ടുണ്ടോ?

ശ്രീ. പി. കെ. കൃഷ്ണൻകുട്ടിമേനോൻ: അതിനെ സംബന്ധിച്ച് സെൻട്രൽ ഗവണ്മെൻറ് നിയമനിർമ്മാണം ചെയ്തിട്ടുണ്ട്.

സാഹിബ് ബഹദൂർ കെ. എ. മഹമ്മദ്: സർ, ഈ സപ്ലിമെൻററി ഗ്രാൻറിനെ സംബന്ധിച്ച് ചില സംഗതികൾ ഈ ഗവണ്മെൻറിന്റെ ശ്രദ്ധയിൽ പെടുത്തുവാൻ ഞാൻ ആഗ്രഹിക്കുന്നു. വ്യവസായങ്ങൾ നടത്തുന്നതിനുള്ള ഗവണ്മെൻറിന്റെ കഴിവില്ലായ്മയാണ് ഈ മിനറൽ കമ്പനിയുടെ പ്രവർത്തനങ്ങളിലും നമുക്ക് കാണുവാൻ കഴിഞ്ഞിട്ടുള്ളതു്. കഴിഞ്ഞ ബഡ്ജററ് എസ്റ്റിമേററ് അനുസരിച്ച് കൊള്ളിച്ചിട്ടുള്ള തുകയിൽ എത്രകണ്ടു ചിലവാക്കിയെന്ന് ബഹുമാനപ്പെട്ട മന്ത്രി അവർകൾ ഇവിടെ പറഞ്ഞു. ഈ കഴിഞ്ഞ ആറുമാസത്തെ പ്രവർത്തനംകൊണ്ടു ഇപ്പോൾ അവിടെ സ്റ്റാക്കുള്ളതു് ൩൦,൦൦൦ ടൺ ഇൽമിനൈററാണെന്ന് ബഹു. മന്ത്രി പറഞ്ഞു. അടുത്ത ആറുമാസത്തെ പ്രവർത്തനംകൊണ്ടും ഇനി ൧൦,൦൦൦ ടൺ ഇൽമിനൈററ് അവിടെ ഉണ്ടാകുമെന്നാണ് കണക്കാക്കപ്പെട്ടിരിക്കുന്നതു്. എന്നാൽ ഈ ആറുമാസംകൊണ്ട് ൧൦,൦൦൦ ടൺ മണ്ണ് അവിടെ ഉല്പാദിപ്പിക്കുവാൻ സാദ്ധ്യമല്ലെന്ന് നമുക്കു കാണാം. ഒരു മാസംകൊണ്ട് എത്ര മണ്ണുവേണമെങ്കിലും അവിടെ ഉല്പാദിപ്പിക്കുവാൻ ആദ്യം ആ കമ്പനി നടത്തിയിരുന്ന അധികാരികൾ ഉത്സാഹിച്ചാൽ കഴിയുമായിരുന്നു. അന്നത്തെ മാനേജുമെൻറ് അവിടത്തെ സ്റ്റാഫിനോടു എതിലും സഹകരിക്കുവാൻ തയ്യാറായിരുന്നു. എന്നു തന്നെയല്ല അവിടത്തെ സ്റ്റാഫിന് ഡെയിലി അലവൻസ്, ബോണസ് മുതലായവ ആ മാനേജുമെൻറ് കൊടുത്തിരുന്നു. എന്നാൽ ഗവണ്മെൻറിൽനിന്നു ഈ കമ്പനി ഏറെറടുത്തതിൽപിന്നെ ഗവണ്മെൻറ് സെക്രട്ടറിയേററിലെ മനോഭാവംകൊണ്ട് എത്രകണ്ടു ഉല്പാദിപ്പിച്ചാലും അവർക്ക് ശമ്പളംതന്നെ കിട്ടുകയില്ല എന്ന ഒരു നിലയാണ് വന്നുകൂടിയതു്. സാധാരണയായി ഈ വ്യവസായങ്ങളെ സംബന്ധിക്കുന്ന ഒരു കടലാസ്സ് നമ്മുടെ സെക്രട്ടറിയേററിൽ കിട്ടിയാൽ അതു് സെക്ഷൻ ക്ലാർക്കിന്റെ കയ്യിൽപോയി അവിടെനിന്നു സൂപ്രണ്ടിന്റെ കയ്യിൽപോയി അവിടെനിന്നു അസിസ്റ്റൻറ് സെക്രട്ടറിയുടേയും സെക്രട്ടറിയുടേയും അടുത്തുപോയി പിന്നീട് മന്ത്രിയുടെ അടുത്തുപോയി അവസാന കല്പനയായിവരുമ്പോഴേക്കും വളരെ കാലതാമസം വരും. അതുകൊണ്ട് അവർക്കു ആവശ്യമായ സൌകര്യങ്ങൾ നേടുവാൻ വളരെ ബുദ്ധിമുട്ടുകൾ നേരിടുന്നുണ്ട്. അവർക്ക് ആവശ്യമായ പണത്തെ സംബന്ധിച്ച് ഒരു കടലാസ്സ് അയച്ചാൽ അതു് ഫൈനാൻസ് ഡിപ്പാർട്ടുമെൻറിൽനിന്നും അവരുടെ സംശയങ്ങളെല്ലാംതീർന്ന് അനുവദിച്ചുകിട്ടുന്നതിന് വളരെ പ്രയാസവും കാലതാമസവും നേരിടുന്നുണ്ട് അവിടെ ആവശ്യമുള്ള പണത്തിന് എത്ര ധൃതികൂട്ടിയാലും ഗവണ്മെൻറിന്റെ ഫൈനാൻസ് ഡിപ്പാർട്ടുമെൻറിൽനിന്നും സാംഗ്ഷൻ ചെയ്തുവരികയില്ല. ഒന്നു രണ്ടു അനുഭവങ്ങൾ ഞാൻ പറയാം. കഴിഞ്ഞയാണ്ട് ഫെബ്രുവരിയിലാണ് ഈ അസോസിയേറഡ് മിനറൽകമ്പനി ഗവണ്മെൻറ് ഏറെറടുത്തതു്. ആ കമ്പനി ഗവണ്മെൻറ് ഏറെറടുത്തു പണി തുടങ്ങിയതിനുശേഷം ആദ്യത്തെ മൂന്നു മാസത്തേയ്ക്കു അവിടത്തെ സ്റ്റാഫിന് ശമ്പളം കിട്ടുകയുണ്ടായിട്ടില്ല. മൂന്നുമാസക്കാലം അവിടത്തെ ജോലിക്കാർ ശമ്പളമില്ലാതെ ദരിദ്രവാസികളെപ്പോലെ പണിചെയ്തു. മൂന്നാമത്തെ മാസത്തിൽ ശമ്പളം കൊടുത്തില്ലെങ്കിൽ അവർ സ്ട്രൈക്ക് ചെയ്യുന്നതാണെന്നു പറഞ്ഞു. ഉടനെ കമ്പനി മാനേജർ ആ വിവരം ഗവണ്മെൻറിന് എഴുതി അയച്ചു. ഉടനെ അവർക്ക് ശമ്പളം അനുവദിച്ചു

കൊടുക്കുവാൻ നിവൃത്തിയില്ലെന്നാണ് ഫൈനാൻസ് സെക്രട്ടറിയേററിൽനിന്നും മറുപടി കൊടുത്തത്. ഒടുവിൽ വളരെ തിരക്കുകൂട്ടിയതിനുശേഷം അതു സാംഗ്ഷൻചെയ്തു എന്നാണ് അറിവ്. ഗവമ്മെൻറിന് ഒരു കച്ചവടമനസ്ഥിതിയോടുകൂടി ഈവക കാര്യത്തിൽ പ്രവർത്തിക്കുവാൻ കഴിഞ്ഞിരുന്നുവെങ്കിൽ ഫൈനാൻസ് ഡിപ്പാർട്ടുമെൻറിൻെറ സാംഗ്ഷൻ ഇല്ലാതെതന്നെ കണിശമായിട്ട് അവക്ക് ശമ്പളം കൊടുക്കുവാൻ സാധിക്കുമായിരുന്നു. ആ കമ്പനി ഗവമ്മെൻറ് ഏറെറടുക്കുന്നതിനുമുമ്പ് അവിടത്തെ ഒരു ഉദ്യോഗസ്ഥന് എവിടെയെങ്കിലും ട്രാവൽ ചെയ്യേണ്ടതായ ഘട്ടം വരികയാണെങ്കിൽ ആഫീസിൽ ചെന്നാൽമതി അയാൾക്ക് യാത്രയുടെ ആവശ്യത്തിലേയ്ക്ക് അൻപതോ നൂറോ രൂപാ വേണമെങ്കിലും അഡ്വാൻസ് കിട്ടിയിരുന്നു. ഇപ്പോഴാണെങ്കിൽ അങ്ങനെ അഡ്വാൻസ് കിട്ടുന്നതിന് വളരെ പ്രയാസമാണ്. ഗവമ്മെൻറിൻെറ റൂൾസനുസരിച്ച് മററുദ്യോഗസ്ഥന്മാർക്ക് കിട്ടുന്നതരത്തിലെ കിട്ടുകയുള്ളു. കമ്പനികളിൽ പെട്ടെന്നാണ് ലക്ഷക്കണക്കിന് രൂപയുടെ ആവശ്യം നേരിടുന്നത്. ഒരു കപ്പൽ അടുത്തിരിക്കുന്നുവെന്ന് അറിഞ്ഞാൽ ഉടനെ പണം കൊടുക്കേണ്ടതായ സന്ദർഭംവരും. കപ്പൽ താമസിച്ചാൽ ഡെമറേജ് കൊടുക്കേണ്ടിവരും. അങ്ങനെയുള്ള അടിയന്തിരാവശ്യങ്ങൾക്ക് പണം ആവശ്യപ്പെട്ടാൽ ഫൈനാൻസ് ഡിപ്പാർട്ടുമെൻറിൽനിന്ന് പെട്ടെന്നു അനുവാദം കിട്ടുകയില്ല. ഇങ്ങനെ താമസം നേരിടുന്നത് ആ ഡിപ്പാർട്ടുമെൻറിൻെറ കുററമല്ല. ഗവമ്മെൻറ് നടപടികൾ ചില റൂൾസിനെയൊക്കെ അടിസ്ഥാനപ്പെടുത്തിയേ ചെയ്യുവാൻ നിവൃത്തിയുള്ളു. അതുകൊണ്ട് മന്ത്രി അവർകളോട് എനിക്കു പറയുവാനുള്ളത് ഈ എഴുപതിനായിരം ടണ്ണും അവിടെ ഉല്പാദിപ്പിക്കണമെന്ന് ഗവമ്മെൻറിന് ആഗ്രഹമുണ്ടെങ്കിൽ അവിടത്തെ സ്റ്റാഫിന് ഡെയിലി അലവൻസ്, ട്രാവലിംഗ് അലവൻസ്, ബോണസ്സ് മുതലായി മുമ്പ് അവക്ക് കിട്ടിക്കൊണ്ടിരുന്ന സകല അലവൻസുകളും അവക്ക് കൊടുക്കുന്നതിന് ഏർപ്പാടു ചെയ്യണമെന്നാണ്. അവക്ക് ഈ അലവൻസുകൾ കൊടുക്കുകയാണെങ്കിൽ കുറെ കൂടുതൽ സംഖ്യ ചിലവുവരുമായിരിക്കാം. എന്നാൽ അവരെക്കൊണ്ട് എത്ര ലക്ഷം രൂപായാണ് നമുക്ക് കിട്ടുവാൻ പോകുന്നത് എന്നുള്ള സംഗതി നാം ഓക്കണം. അതു നോക്കിയാൽ അവക്ക് ഈ അലവൻസുകൾ കൊടുക്കുന്നതുകൊണ്ടുണ്ടാകുന്ന ചിലവുകൾ അത്ര കാര്യമായിട്ടുള്ളതല്ല. ഈ ഒരു കമ്പനിയിൽനിന്നു ൩൦,൮൦,൦൦൦ രൂപാ നാം ആൻറിസിപ്പേററ് ചെയ്യുന്നുണ്ട്. എൻെറ കണക്കനുസരിച്ച് കൊല്ലാവസാനം അതു ൪൦ ലക്ഷം രൂപാ ആയിത്തീരുവാൻ വഴിയുണ്ട്. അതുകൊണ്ട് ഒരു കച്ചവടമനോഭാവത്തോടുകൂടി ഗവമ്മെൻറ് ഈ പ്രശ്നത്തെ വീക്ഷിക്കേണ്ടതും ഈ കമ്പനിയിൽനിന്ന് ആവശ്യപ്പെടുന്ന എല്ലാ കാര്യങ്ങളും എത്രയും വേഗം അനുവദിച്ചുകൊടുക്കേണ്ടതും ആണെന്നുള്ള കാര്യം ഗവമ്മെണ്ട് പ്രത്യേകം ശ്രദ്ധിയ്ക്കണം. ഈവക കമ്പനികളുടെ മാനേജുമെൻറിന് വ്യവസായപരമായ കാര്യങ്ങളിൽ ഇടപെട്ടിരിക്കുന്ന ആളുകളെ തെരഞ്ഞെടുക്കുന്നതിനും ഗവമ്മെൻറ് പ്രത്യേകം ശ്രദ്ധിക്കണം. ഒരു നല്ല മാനേജരെ കിട്ടണമെങ്കിൽ അയാൾക്ക് രണ്ടായിരമോ മുവ്വായിരമോ രൂപാ ശമ്പളം കൊടുക്കേണ്ടതായിട്ടുവരും. എത്ര വലിയ ശമ്പളം കൊടുത്താലും തരക്കേടില്ലാ ഗവമ്മെൻറിൻെറ വ്യവസായ സ്ഥാപനങ്ങളിൽ വ്യവസായപരമായി നല്ല പഴക്കവും പരിചയവുമുള്ള ആളുകളെ മാനേജരന്മാരായി നിയമിക്കണം. അങ്ങനെ നിയമിക്കുന്ന ആളുകളെ വിശ്വസിക്കുന്നതിനുള്ള മനോഭാവവും ഗവമ്മെൻറിനു ഉണ്ടാകണം. നിങ്ങൾ ചെയ്യുക; ഞങ്ങൾ സാംഗ്ഷൻചെയ്യാം എന്നു പറയണം. അതല്ലാതെ ഓരോ കാര്യത്തിനുംവേണ്ടി എട്ടുണ, പത്തണ ആവശ്യമുണ്ടെ

[Sri K. A. Mohammed]

ങ്കിൽ അതിന് ഗവൺമെന്റിന്റെ സാംഗ്ഷൻ വേണമെന്നുവച്ചാൽ കാര്യങ്ങൾ എളുപ്പത്തിൽ ചെയ്യുവാൻ സാദ്ധ്യമല്ല. ഗവൺമെന്റ് പ്രതീക്ഷിക്കുന്നവിധത്തിൽ കാര്യങ്ങൾ നടക്കണമെങ്കിൽ അവിടത്തെ സ്റ്റാഫിനേയും തൊഴിലാളികളേയും വേണ്ടത്ര തൃപ്തിപ്പെടുത്തുന്നതിനുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിക്കണമെന്ന അഭ്യർത്ഥനയോടുകൂടി ഞാൻ ഈ സപ്ലിമെന്ററി ഗ്രാന്റിനെ അനുകൂലിക്കുന്നു

ശ്രീ. പി. കെ. കൃഷ്ണൻകുട്ടിമേനോൻ: സർ, ബഹു. ചില മെമ്പറന്മാർ ഇവിടെ അഭിപ്രായപ്പെട്ടപോലെ ഈ കമ്പനിയിൽനിന്ന് ഫലപ്രദമായ ആദായം കിട്ടത്തക്കവണ്ണം വേണ്ട നടപടികൾ ഗവൺമെന്റ് കൈക്കൊള്ളുന്നതാണ്. ഇപ്പോൾ ജോലിയിൽ പ്രവേശിച്ചിട്ടുള്ള ആളുകൾക്ക് പ്രോത്സാഹനം കൊടുക്കണമെന്നാണ് ബഹു. മെമ്പറുടെ അഭിപ്രായം. അവർക്ക് കിട്ടിയിരുന്ന ബോണസ്, അലവൻസ മുതലായതും മററാനുകൂല്യങ്ങളും എന്തെല്ലാമായിരുന്നു എന്നു വിശദമായി അന്വേഷിച്ച് ഒരു തീരുമാനം എടുക്കുന്നതിനുമുമ്പ് താൽക്കാലികമായിട്ട് ജോലി ചെയ്യുന്ന എല്ലാവർക്കും ശമ്പളംകൂട്ടികൊടുക്കുവാൻ ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്. ഇങ്ങനെയുള്ള പ്രോത്സാഹനങ്ങൾമൂലം ഈ ൧൦,൦൦൦ ടണ്ണും ഈ സമയത്തിനുള്ളിൽ ഉണ്ടാക്കുവാൻ സാധിക്കുമെന്നും അതിൽനിന്നും ആദായം ഉണ്ടാക്കുവാൻ സാധിക്കുമെന്നുമാണ് ഗവൺമെന്റിന്റെ അഭിപ്രായം.

Sri. P. S. Nataraja Pillai: Sir, May I take it that the work has not been started so far?

Sri. P. K. Krishnankutty Menon: Actual working has not been started.

Sri. P. S. Nataraja Pillai: May I take it that all the arrangements to start the work immediately are complete and that the work will be started in a few days?

Sri. P. K. Krishnankutty Menon: Yes.

Sri. P. S. Nataraja Pillai: May I know the estimated production from that No. 2 T. M. C. during the financial year for which Rs. 2 lakhs is asked for.

ശ്രീ. പി. കെ. കൃഷ്ണൻകുട്ടിമേനോൻ: ഉദ്ദേശിച്ചിരിക്കുന്നത് 10,000 ടൺ ആണ്.

Sri. P. S. Nataraja Pillai: That means that the total production will be increased by 10,000 tons which means that the total production will be 1,10,000 tons, during the financial year. Is it so?

Sri. P. K. Krishnankutty Menon: I should think so.

ശ്രീ. പി. കുഞ്ഞുകൃഷ്ണൻ: ചാത്തന്നൂർ വഞ്ചി ക്ലേ ഫാക്ടറി പ്രവർത്തനം തുടങ്ങാതെയിരിക്കുന്നത് എന്തുകൊണ്ടാണെന്നറിയാമോ?

ശ്രീ. പി. കെ. കൃഷ്ണൻകുട്ടിമേനോൻ: അതിനെപ്പററി ഇപ്പോൾ ഉത്തരം പറയാൻ നിവൃത്തിയില്ല.

The question that Government be granted a sum of Rs. 10,91,000 under Demand XXV—Industries and Supplies was put and carried.

The grant was made.

Demand No. XXXI—57 Miscellaneous—Rs. 5,00,000.

Minister for Education and Revenue **(Sri. L. M. Pylee):** Sir, I move for a supplementary grant of Rs. 5,00,000 under Demand XXXI—under 57 Miscellaneous (h)—Miscellaneous and Unforeseen charges,

This grant is for the purpose of implementing the new settlement scheme and for this scheme there was no provision made in the current budget. Government sanctioned this settlement scheme only after the last Budget and hence no provision could be made in that Budget. A committee was appointed, which formulated the details of the scheme. According to the Committee's report and orders of the Government thereon, each homeless family is to be given a house site, building materials and a monetary aid at the rate of Rs. 50 for each house. It is estimated that the cost of the building materials of each house will come to Rs. 250. Thus the total expenditure involved in the completion of one house is Rs. 300. Now during the current year it is proposed to build 50 houses in each town and the total amount required for the purpose will be Rs. 10,00,000. But by the time the grant is voted by the Assembly, more than six months after financial year would have elapsed, and, therefore, only a sum of Rs. 5,00,000 is proposed to be provided for the purpose.

For the implementation of the scheme, a sum of Rs. 2,00,000 is required for survey charges and incidental expenses in connection with the organization of the settlement. This will include the expenses in connection with the administration of the settlement scheme. Therefore, a lump-sum provision of Rs. 7 lakhs is proposed to be made under the head 57—Miscellaneous—(h) Miscellaneous and Unforeseen charges. But this sum of Rs. 2,00,000 required over and above the Rs. 5,00,000 for which supplementary grant is now made is proposed to be met by diversion from 57 Miscellaneous—(g) contributions to other institutions—and the balance amount of Rs. 5 lakhs by supplementary grant. Therefore, I move that this supplementary grant of Rs. 5 lakhs may be allowed.

Sri P. S. Nataraja Pillai: Sir, am I to understand that the proposal as it now stands is to construct 25 houses in each Taluk?

Sri. L. M. Pylee: The proposal is to have 100 houses in each taluk during the current year. But since a considerable part of the year is already over, it is proposed to build 50 houses in each taluk during the year.

Sri. P. S. Nataraja Pillai: Is there provision for 50 houses in each taluk?

Sri. L. M. Pylee: Yes, it is expected that this provision will suffice.

ശ്രീ. ഏ. കെ. പാച്ചുപിള്ള: ഈയാണ്ടിൽ എത്ര താലൂക്കിൽ ജോലി ആരംഭിച്ചിട്ടുണ്ടെന്ന് പറയുവാൻ ദയവുണ്ടാകുമോ?

ശ്രീ. എൽ. എം. പൈലി: ഒരു താലൂക്കിലും ജോലി ആരംഭിച്ചിട്ടില്ല. അതിനുവേണ്ടി പണം ഇല്ലാത്തതുകൊണ്ടാണ്.

ശ്രീ. ഏ. കെ. പാച്ചുപിള്ള: ഒരു താലൂക്കിലും ജോലി തുടങ്ങിയിട്ടില്ലായെന്നാണോ മനസ്സിലാക്കേണ്ടത്?

ശ്രീ. എൽ. എം. പൈലി: ഈ സ്കീം അനുസരിച്ച് ഇനിയും ജോലി തുടങ്ങിയിട്ടില്ല.

Sri. P. S. Nataraja Pillai: Sir, the cost of building materials for each house is estimated at Rs. 250. Is there any standard specification for each house? How was this Rs. 250 arrived at? Is it only a lump sum to be handed over? What is the type and quality of the materials to be used? How was this Sum of Rs. 250 arrived at?

Sri. L. M. Pylee: These details have been gone into. Wooden materials for the doors, windows etc., will be given to the persons concerned and these are estimated to cost Rs. 250 for each house.

Sri. P. S. Nataraja Pillai: Is there a type design of the house to be built and an estimate for the house?

Sri. L. M. Pylee: Yes. There is.

Sri. P. S. Nataraja Pillai: That means all the houses will be of the same pattern?

Sri. L. M. Pylee: More or less of the same pattern.

Sri. P. S. Nataraja Pillai: What will be the whole cost of construction? In addition to the building materials what will be the cost of construction?

Sri. L. M. Pylee: Building materials worth Rs. 250 plus Rs. 50 in cash for other charges.

Sri P. S. Nataraja Pilla: May I take it Sir, that, with Rs. 300 the Government envisage the possibility of constructing a house?

Sri. C. Kesavan: I may be permitted to answer the question.

We are already building some houses at Kurichi for Rs. 250 each. Masonry is of a permanent structure. Only the roofing is not a permanent structure. Anyway, I have seen the construction and that is quite sufficient for a small family.

Sri. P. S. Nataraja Pillai: Am I to take it that the roofing is of bamboo?

Sri. C. Kesavan: Generally softwood is used for roofing. Bamboo is also used.

ശ്രീ. എ. കെ. പാച്ചുപിള്ള: ഓരോ താലൂക്കിലും ഈ സെററിൽമെൻറ് സ്കീ നടത്തുന്നതിന് തെരഞ്ഞെടുക്കപ്പെട്ടവർ ആരെല്ലാമെന്നു പറയാമോ?

ശ്രീ. എൽ. എം. പൈലി: അതു് എങ്ങിനെ വേണമെന്നുള്ളതിനെപ്പററി ഇതുവരെ തീരുമാനിച്ചിട്ടില്ല.

ശ്രീ. എ. കെ. പാച്ചുപിള്ള: സെററിൽമെൻറ് നടത്തുന്നതിനുവേണ്ടി ഇതുവരെ ഒരു സ്കീമും ഇല്ലെന്നാണോ പറയുന്നതു്?

ശ്രീ. എൽ. എം. പൈലി: സ്കീം ഉണ്ടാക്കിയിട്ടുണ്ട്.

ശ്രീ. എ. കെ. പാച്ചുപിള്ള: സ്കീം ഉണ്ടെങ്കിൽ അതു് ഏതു ഏജൻസി മുഖാന്തിരമാണ് നടത്താൻ ഉദ്ദേശിക്കുന്നതു്?

Sri. C. Kesavan: There is a special officer appointed to make out the scheme. He has submitted his scheme. The scheme will be worked soon. He has got the necessary staff also. In each taluk the people's representatives will also be consulted.

Sri. Elias Mary Antony: May I know the exact dimensions of the House?

Sri. C. Kesavan: You mean the Kurichi house or the houses that are contemplated under the scheme? The dimensions of each of the Kurichi house will be readily available if you can wait for a week.

ശ്രീ. എ. കെ. പാച്ചുപിള്ള: കൂടുതൽ തൊഴിലാളികൾ താമസിക്കുന്ന സ്ഥലങ്ങളിൽ മുൻഗണന നൽകുന്നുണ്ടോ?

ശ്രീ. സി. കേശവൻ: അതുതന്നെയാണ് ഉദ്ദേശിച്ചിരിക്കുന്നതു്. കൂലിവേലക്കാർ ഏററവും കൂടുതൽ ഉള്ള സ്ഥലങ്ങളിലാണ് വീടുകൾ നിർമ്മിക്കാൻ പോകുന്നതു്.

ശ്രീ. എ. കെ. പാച്ചുപിള്ള: അവയുടെ പൂർണ്ണ ഉടമസ്ഥാവകാശം അവർക്കുതന്നെയായിരിക്കുമോ?

ശ്രീ. സി. കേശവൻ: അങ്ങിനെ ചെയ്യാൻ നോക്കാം.

ശ്രീ. കെ. എ. മാത്യു: ഗൃഹനിർമ്മാണത്തിനുവേണ്ടി, അതായതു് ഒരു വീടുകെട്ടുന്നതിന് ഇപ്പോൾ നിശ്ചയിച്ചിട്ടുള്ളതിൽ കൂടുതൽ സ്ഥലം എടുക്കുമോ?

Sri. C. Kesavan : If necessary.

Sri. P. S. Nataraja Pillai: Sir, a settlement scheme was proposed by Government. A Press Note was published on that matter sometime back. As far as I remember the matter, it was said, the Government proposed to build houses and grant house site of 5 cents for each house in poramboke lands.

Sri. C. Kesavan: It is 10 cents in rural areas and 5 cents in urban areas.

Sri. P. S. Nataraja Pillai: Between 5 and 10 cents for each house site is to be given to the homeless people or rather to each family. The homeless people or the families are to be enumerated or the information is to be collected and the house sites are to be assigned and the Government will help in the construction of the building also. That was the scheme as I understood from the Press Note. So far for the implementation of the scheme, a Colonisation Special Officer—one Joint Registrar of Co-operative Societies—has been placed on special duty to study the matter. Sir, I understand nothing definite has been done so far. In Trivandrum Taluk in spite of the strenuous efforts of the people of the Taluk to see that a scheme is worked up nothing has been done as yet. There is sufficient poramboke area very near the Corporation limits and at the direction of the Government, the Special Officer visited the area. The first necessity is to survey the area and to demarcate it into various plots to be assigned to homeless people. The Special Officer was not able to do anything in the matter because there was no provision from which to meet the survey charges even. Unless some thing is done to provide funds the scheme will be only in paper.

Sir, when houses are constructed in such an area of 10 acres, it will be something like a colony of 100 to 150 houses. Unless, from the very outset, special care is taken to see that the colony is designed on sanitary lines, it will create an insanitary slum thereby affecting the public health of the city. Provision has therefore to be made for the necessary number of public latrines, lanes, wells etc. The provision now asked for will be sufficient for the construction of something like 1500 or 1600 houses. Will they be constructed in this year. That is the question.

I think, Sir, the whole thing is being complicated when the Government say that they are going to be strictly impartial in the matter of regionally locating the houses throughout the State at the rate of 50 in each Taluk. Sir, that is not a proper approach to this problem. It is not advisable in the interest of the Government and in the interest of any section of the public to stick to this equal distribution of houses in all the Taluks.

There may be a taluk where you may get lands very advantageously in a block of 15 or 20 acres and a very convenient site to build houses. In that taluk in this block you can build 150 houses or more whereby you are depriving two or three taluks the 50 houses each that has been proposed by the hon. Minister in charge. So, without postulating any theory of equitable or impartial distribution of this fund, the Government should face it with a practical outlook. What I would urge is, that it would be better to look out for convenient sites and to begin to build houses to the really homeless people. When the question of assignment of sites comes in, there will be very great difficulties. If it is assigned outright we do not know whether the owner thereof will hold it or speculate on the right the Government gives then again the house site assigned to a particular individual may be sold away in the near future to other men and he himself may become homeless again and claim once more the benefit of the scheme in another area. I am clear in my mind when I say that the assignment of house sites must be for enjoyment and not for alienation. The family to which the land is assigned should not be given the right of alienation and they should not be allowed to give the land and house on rent or lease. That should be prohibited. But if they hand it over to one branch of the family that would be something rather allowable but to sell away the property and then to become home-

[Sri P. S. Nataraja Pillai]

less and again to be a charge on the public will be wrong and that should be avoided. I am convinced that as far as that matter is concerned, Government should not assign away land outright but only give them the right of occupation as long as they occupy it. In the same way there should be some planning in the matter of building houses. Colonies with well-laid roads and provisions for public latrines and wells should be the aim in building these houses for the homeless and the working classes. Isolated houses may be built, but it will be rare. Particular care must also be taken not to give small strips of land on the road sides to build houses under this scheme. That may not be advantageous in the long run. There may be a road poramboke extending to about 30 or 40 cents and three persons of the locality may demand assignment of the land between them under this scheme for putting up houses. Allocation of land in that manner will not solve the problem but on the other hand it may only complicate the problem of housing in the country as a whole. We must build colonies of 50 or hundred houses or more so that co-operative living and co-operative enterprise in that colony may be fostered. I am glad that the Government is evincing some interest in the matter. At any rate, I agree with the scheme and I would state that the scheme should be worked out with sufficient foresight, sufficient care and sufficient enthusiasm. In this connection I may add that it is no good in granting money or sites to individual applicants on the basis of their past activities or suffering in the past. But this should be done on the basis of their present condition. I mean that the assessment must be done on the present condition of the individual. If he is really poor and in need by all means give him. Government must work it out, but let it be done without any discrimination. All sections of the community may come under this category of homeless. It is not one section of the community alone which is homeless. The old social scale is now no more and men who occupied the highest rung in the social ladder are now homeless. Even then, he is a member of the society and a citizen of the State. Any member of any community should not be denied this benefit if he is homeless. No discrimination or bias should be allowed to creep in in the matter of giving shelter to the homeless. I wish the Government all success.

ശ്രീ. ഏ. കെ. പാച്ചുപിള്ള: ഈ ധനാഭ്യർത്ഥനയെപ്പററി സംസാരിച്ചുകൊണ്ടു ഒന്നുരണ്ടു നിർദ്ദേശങ്ങൾ എനിക്കു് സമർപ്പിക്കാനുണ്ടു്. ഏതാനും മാസങ്ങൾക്കുമുമ്പു് ഭവനരഹിതരായവരുടെ ഒരു ലിസ്റ്റു് എല്ലാ താലൂക്കിലേയും തഹശീൽദാരന്മാർ ഗവമ്മെൻറിലേയ്ക്കു് അയക്കുകയുണ്ടായി. അങ്ങനെ ഭവനരഹിതരായിട്ടുള്ളവരുടെ കണക്കു ശരിയായ സർവ്വേ നടത്തിയാണയച്ചിട്ടുള്ളതെന്നു് ഞാൻ വിചാരിക്കുന്നില്ല. ഭവനരഹിതരായിട്ടുള്ളവർ എത്ര, അവരുടെ ഇപ്പോഴത്തെ പരിതഃസ്ഥിതി എന്തു്, തൊഴിൽ എന്തു്, ഭാവിജീവിതവൃത്തി ഏതു രൂപത്തിൽ നയിക്കാൻ കഴിയും എന്നെല്ലാമുള്ള സംഗതികൾ സൂക്ഷ്മമായും വിശദമായും മനസ്സിലാക്കി ശരിയായ ഒരു പ്ലാനോടും സ്കീമോടുംകൂടി വേണം ഗവമ്മെൻറ് ഈ പ്രശ്നത്തെ അഭിമുഖീകരിക്കുവാൻ. ഏതെങ്കിലും ഒരു താലൂക്കിൽ ഏററവും കൂടുതലായി ഭവനരഹിതരായ ആളുകൾ താമസിക്കുന്ന സ്ഥലത്തു സ്ഥലംകൊടുത്തു അവരെ താമസിപ്പിക്കുന്നതിനും ഗവമ്മെൻറ് തയാറാകേണ്ടതാണു്. ഇപ്പോഴത്തെ ഗവമ്മെൻറിൻെറ പ്രവർത്തനംകൊണ്ടു് ആളുകളിൽ ചിലവർക്കു് ഒരു സംശയം ഉണ്ടു്. ഏതെങ്കിലും താലൂക്കിൽ സ്വാധീനമുള്ള ഏതെങ്കിലും ഒരു മെമ്പറിൻെറ ചുററുപാടുകളിൽ കുറെപേർക്കു് സ്ഥലം കൊടുപ്പിച്ചു് അങ്ങനെ ചില ആളുകൾക്കു് ഗുണം വരുത്തി എന്നു കാണിച്ചു അവിടെയുള്ള ആളുകൾ അവരുടെ കക്ഷിയിൽതന്നെ നില്ക്കണമെന്നുള്ള ഒരു പ്രേരണ വരുത്താൻവേണ്ടി അല്ലേ ഗവമ്മെൻറ് ഇതൊക്കെ ചെയ്യുന്നതെന്നു പലരും വി

ശ്വസിക്കുന്നുണ്ട്. ചില മെമ്പറന്മാരുടെ തലയിലെ ഒരു കസവാഭരണമായി മാത്രം ഈ പദ്ധതി പരിഗണിക്കപ്പെട്ടുവരുന്നുണ്ട്. അതു പരമാർത്ഥമാണെങ്കിൽ തെററാണ്. യഥാർത്ഥത്തിൽ കഷ്ടപ്പെടുന്നവരും ഭവനരഹിതരുമായ ആളുകൾക്കുവേണ്ടിയാണ് ഗവൺമെൻറ് പ്രവർത്തിക്കുന്നതെന്ന് സർവ്വർക്കും ബോദ്ധ്യപ്പെടത്തക്കവണ്ണം വേണം ഗവൺമെൻറ് ഇതു് ചെയ്യുവാൻ. ഇതാണ് എനിക്കു ഒന്നാമതായി നിർദ്ദേശിക്കുവാനുള്ളതു്.

രണ്ടാമതായി ഇതിനോടനുബന്ധമായിത്തന്നെ ഗവൺമെൻറ് ഏർപ്പെടുത്തിയിട്ടുള്ള കാളനൈസേഷൻ സ്കീമുമായി കൂട്ടിയോജിപ്പിച്ച് ഈ പ്രശ്നത്തിനു പരിഹാരം ഉണ്ടാക്കാൻ ഗവൺമെൻറ് ശ്രമിക്കണമെന്നാണ് എനിക്കു പറയുവാനുള്ളതു്. കാളനൈസേഷൻ സ്കീം അനുസരിച്ച് ഗവൺമെൻറ് കാര്യമായി യാതൊന്നുംതന്നെ പ്രവർത്തിച്ചിട്ടില്ല. അതു് ഈ ഗവൺമെൻറിന്റെ പേരിൽ അവജ്ഞ തോന്നത്തക്ക ഒരു കാരണമായിത്തീർന്നിട്ടുണ്ട്. രണ്ടുലക്ഷത്തിൽ കൂടുതൽ അപേക്ഷകൾ ഇതിനുവേണ്ടി ഗവൺമെൻറിനു് ലഭിച്ചിട്ടുണ്ടെന്നാണെന്റെ വിശ്വാസം. ഇതിനുവേണ്ടി അനവധി സ്റ്റാമ്പും ചെലവായിട്ടുണ്ട്. സർ, അരരൂപാസ്റ്റാമ്പ് ഫ്ൾ യും രണ്ടും രൂപാകൊടുത്താൽ പോലും നാട്ടിൻപുറങ്ങളിൽ കിട്ടാനില്ലായിരുന്നു. അപ്പോൾ തിരുവനന്തപുരം കമ്പോളത്തിലെ ചെറുകടകളിൽ ൪-ം, ൫-ം അണക്കു് അവ സുലഭമായി കിട്ടുമായിരുന്നു. അവർക്കു് ഈ സ്റ്റാമ്പ് എവിടുന്നു കിട്ടി എന്നു ഞാൻ പറയണമെന്നില്ലല്ലോ. ഇതെല്ലാമായിട്ടും ഗവൺമെൻറ് യാതൊന്നും ചെയ്തിട്ടില്ല. പീരുമേട്, ദേവികുളം മുതലായ സ്ഥലങ്ങളിലാണ് ഈ സ്കീം അനുസരിച്ച് അനേകായിരം ഏക്കർ സ്ഥലം ഗവൺമെൻറ് മാററി വച്ചിട്ടുള്ളതെന്നും അവിടെയാണ് ഈ പദ്ധതി നടപ്പിൽ വരുത്തുവാൻ ആദ്യമായി ഗവൺമെൻറ് ഉദ്ദേശിക്കുന്നതെന്നും ആണ് എനിക്കു മനസ്സിലാക്കുവാൻ കഴിഞ്ഞതു്. എന്നാൽ ഒരു പ്രവർത്തനവും ഇതുവരെ അവിടെ നടന്നിട്ടില്ല. വല്ലപ്പോഴും മാസത്തിൽ ഒരിക്കലൊ മറേറാ ചില ഉദ്യോഗസ്ഥന്മാർ അവിടെ പോയിട്ടുണ്ടായിരിക്കാം. അതിൽക്കവിഞ്ഞൊന്നും അവിടെ നടന്നിട്ടില്ല.

ശ്രീ. സി. കേശവൻ: ആ പദ്ധതി നടപ്പിൽ വന്നു എന്നു ഗവൺമെൻറ് പറഞ്ഞിട്ടില്ല.

ശ്രീ. എ. കെ. പാച്ചുപിള്ള: അതിന്റെ പ്രാരംഭജോലികളെങ്കിലും ചെയ്തുണ്ടയോ എന്നാണ് ചോദിക്കുന്നതു്? അതുകൊണ്ട് കഴിയുന്നതും വേഗത്തിൽ ഈ കാളനൈസേഷൻ സ്കീമും ഭവനനിർമ്മാണ സ്കീമും തമ്മിൽ സംയോജിപ്പിക്കേണ്ടതാണ്.

3 p. m.]

സാഹിബ് ബഹദൂർ ടി. എ. മൈതീൻകുഞ്ഞു്: ഭവനരഹിതരായവരുടെ കണക്കു് ശേഖരിക്കുന്നതിനായി ഗവൺമെൻറ് എല്ലാ തഹസീൽദാരന്മാർക്കും എഴുതി അയച്ചതായി അറിയാമായിരുന്നു. എന്നാൽ ചേർത്തല താലൂക്കിൽ ഭവനരഹിതരായി ആരും ഇല്ലെന്നാണ് അവിടത്തെ തഹസീൽദാർ എഴുതി അയച്ചതെന്നു് "കേരള കൗമുദി"യിൽ കാണുകയുണ്ടായി. അതു ശരിയാണോ എന്നറിഞ്ഞാൽ കൊള്ളാം.

ശ്രീ. സി. കേശവൻ: "കേരള കൗമുദി"യിൽ അങ്ങിനെ ഒരു ന്യൂസ് ഉണ്ടോ എന്നുള്ള കാര്യം ഗവൺമെൻറിന്റെ ശ്രദ്ധയിൽ വന്നിട്ടില്ല.

സാഹിബ് ബഹദൂർ ടി. എ. മൈതീൻകുഞ്ഞു്: അങ്ങിനെ എഴുതി അയച്ചില്ലെന്നാണോ പറയുന്നതു്?

ശ്രീ. സി. കേശവൻ: എഴുതിയിരിക്കാം.

ശ്രീമതി ആനിമസ്ക്രീൻ: ഇങ്ങനെയുള്ള ന്യൂസ് ഗവൺമെൻറിൻെറ ശ്രദ്ധയിൽ കൊണ്ടുവരുന്നതിന് പബ്ലിക്ക് റിലേഷൻസ് ആഫീസർ എന്നൊരു ഉദ്യോഗസ്ഥനില്ലേ?

ശ്രീ. സി. കേശവൻ: വായിക്കാൻ കൊള്ളരുതാത്തതായ ന്യൂസുകൾ ധാരാളമായി ഉള്ളതെല്ലാം ഗവൺമെൻറിൻെറ ശ്രദ്ധയിൽ കൊണ്ടുവരുവാൻ സാദ്ധ്യമല്ല. പബ്ലിക്ക് റിലേഷൻസ് ആഫീസറുടെ ഉദ്യോഗം ജനക്ഷേമകരങ്ങളായും ജനങ്ങൾക്ക് ആവശ്യമായ കാര്യങ്ങൾ ഗവൺമെൻറിൻെറ ശ്രദ്ധയിൽ പെടുത്തുന്നതിനും വേണ്ടിയാണ്. അതിനുള്ള ഡിസ്ക്രീഷൻ ഉപയോഗിക്കുന്നതിനു ആ ഉദ്യോഗസ്ഥനധികാരവുമുണ്ട്.

ശ്രീമതി ആനിമസ്ക്രീൻ: ഈമാതിരി ന്യൂസുകൾ ഗവൺമെൻറിൻെറ ശ്രദ്ധയിൽ കൊണ്ടുവരേണ്ടതു് പബ്ലിക്ക് റിലേഷൻസ് ആഫീസറുടെ ചുമതലയല്ലേ?

ശ്രീ. സി. കേശവൻ: എല്ലാ ന്യൂസുകളും കൊണ്ടുവരണമെന്നില്ല.

സാഹിബ് ബഹദൂർ ടി. എം. മൈതീൻകുഞ്ഞ്: ഈ ഭവനരഹിതരായിട്ടുള്ളവർക്ക് ഭവനം ഉണ്ടാക്കിക്കൊടുക്കുന്നതിലേക്ക് ഗവൺമെൻറ് ആസൂത്രണം ചെയ്തിട്ടുള്ള പദ്ധതികൊണ്ട് അങ്ങിനെയുള്ളവർക്ക് ഗുണത്തിനുപകരം ദോഷമാണ് ഉണ്ടാകുന്നതു്. ഇതു് എൻെറ അനുഭവത്തിൽനിന്നു് പറയുകയാണ്. ഭവനനിർമ്മാണത്തിൻെറ പേരിൽ എവിടെയെങ്കിലും ചെറിയ കുടിൽകെട്ടി താമസിപ്പിക്കുന്നവരെ അവിടെനിന്നും ഇറക്കി വിടുകയാണ് ചെയ്യുന്നതു്. ഞങ്ങളുടെ താലൂക്കിൽ കൃഷ്ണപുരത്തു രണ്ടുമൂന്നു ചെറിയ കുടിൽവച്ചു് താമസിച്ചുവന്നിരുന്നവരായ പാവങ്ങളെ ഭവനനിർമ്മാണത്തിനെന്ന പേരിൽ അതിനു ചുമതലപ്പെടുത്തിയ ആഫീസറന്മാർ സ്ഥലം തഹസീൽദാരോടുകൂടി അവിടെ വന്നു അവരുടെ കുടിലുകൾ പൊളിച്ചുമാററുകയും അവർ ചെയ്തിരുന്ന കൃഷികൾ മരച്ചീനി മുതലായവ നശിപ്പിക്കയും ചെയ്തു്. ഇം സംഭവങ്ങൾ കഴിഞ്ഞതിനുശേഷം ഏതാണ്ടു് ഒരു വർഷത്തോളം കഴിഞ്ഞു. അന്നു അവരോടു് പറഞ്ഞ സമാധാനം ആ സ്ഥലത്തു ഭവനങ്ങൾ ഉണ്ടാക്കി അവർക്കുതന്നെ കൊടുക്കാമെന്നാണ്. എന്നാൽ ഇന്നുവരെ യാതൊരു പ്രവർത്തനവും നടത്തീട്ടില്ല. ഇങ്ങനെയാണീ സ്കീം പ്രവർത്തിച്ചുവരുന്നതു്. ഇതുപോലെയുള്ള അനുഭവങ്ങൾ വരാതിരിക്കാൻ വേണ്ടി ഇതു നിർത്തിവക്കുന്നതു് രാജ്യത്തിനുപകാരമായിരിക്കുമെന്നു് ഞാൻ അറിയിച്ചുകൊള്ളുന്നു.

ശ്രീ. സി. കേശവൻ: ഈ ഗവൺമെൻറു വക ഭൂമിയിൽ അനധികൃതമായി പ്രവേശിച്ചിട്ടുള്ളവരെ ഇറക്കിവിടുന്നതിനു ഗവൺമെൻറിൽനിന്നും നിർദ്ദേശങ്ങൾ കൊടുത്തിട്ടുണ്ട്. അതു സാധാരണയായി റോഡരികിലും കായലോരങ്ങളിലും മററുമാണ് ധാരാളമായി അങ്ങനെ പ്രവേശിച്ചിട്ടുള്ളതു്. അങ്ങനെയുള്ള ആക്രമണങ്ങളെ തടയേണ്ടതു് ഗവൺമെൻറിൻെറ ആവശ്യമാണ്. അതുകൊണ്ടു് അങ്ങിനെ പ്രവേശിച്ചിട്ടുള്ളവരെ ഇറക്കിവിട്ടിട്ടുണ്ട്. അതു് ഹൗസിങ്ങ് സ്കീമിൻെറ പേരിലുമല്ല. അക്കൂട്ടത്തിൽ ബഹു. മെമ്പർ പറഞ്ഞവരെയും ഇറക്കിയതായിരിക്കണം. ഈ സ്കീമനുസരിച്ചു് തിരുവിതാംകൂറിലുള്ള എല്ലാ ആളുകൾക്കും വീടുണ്ടാക്കിക്കൊടുക്കാമെന്നു് ഏററിട്ടില്ല. സ്വന്തമായി ഭൂമിയും വീടും ഇല്ലാത്തവർക്കു് ഗവൺമെൻറിൽനിന്നും ഈ സ്കീം അനുസരിച്ചു് വീടുണ്ടാക്കിക്കൊടുക്കാമെന്നു തീരുമാനിച്ചു. എന്നാൽ അതു എലിയെനേററ ചെയ്യാൻ പാടില്ലാ എന്നുള്ള വ്യവസ്ഥയും അതിൽ വെക്കണമോ എന്നുള്ളതു ആലോചനാവിഷയമാണ്. ഈ സ്കീം ഉണ്ടാക്കിയതു് കെട്ടിടങ്ങളില്ലാത്തവരുടെ ഒരു ലിസ്ററുണ്ടാക്കിയതിനുശേഷം അതിൻെറ സൗകര്യങ്ങൾ അനുസ

രിച്ച് പ്രവർത്തിക്കുന്നതിനും, പിന്നെ മി. പി. എസ്സ്. നടരാജപിള്ള പറഞ്ഞതുപോലെ തിരുവനന്തപുരം സിററിക്കു വെളിയിലും ഹൗസിങ്ങിനുള്ള ഏർപ്പാടുകൾ ചെയ്യുന്നുണ്ട്. അവിടെ സാനിട്ടറി സൗകര്യങ്ങളും ഗതാഗത സൗകര്യങ്ങളും എല്ലാം ഏർപ്പാടു ചെയ്യുന്നതാണ്. ഇതെല്ലാമാണ് ഗവർമ്മെൻറ് ഇപ്പോൾ ചെയ്തുകൊണ്ടിരിക്കുന്നത്. അല്ലാതെ ഈ പറഞ്ഞതരത്തിലുള്ള ആപത്തുകൾ ഉണ്ടാക്കുന്നതിനുവേണ്ടിയല്ല.

ശ്രീ. പൊന്നറ ജി. ശ്രീധർ: ഈ കണക്കിന് ആണ്ടിൽ ആയിരമോ ആയിരത്തഞ്ഞൂറോ വീടുണ്ടാക്കുന്നപക്ഷം എത്ര ആണ്ടുകൊണ്ടാണ് ഈ തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്തുള്ളവർക്കെല്ലാം വീടുണ്ടാക്കിക്കൊടുക്കുന്നത്?

ശ്രീ. സി. കേശവൻ: ബഹു. മെമ്പർക്ക് കണക്കു കൂട്ടാൻ അറിയാമെന്നാണ് തോന്നുന്നത്.

ശ്രീ. പൊന്നറ ജി. ശ്രീധർ: തിരുവിതാംകൂർ കൊച്ചിയിൽ എത്ര ഭവനരഹിതർ ഉണ്ടെന്നു കണക്കെടുത്തിട്ടുണ്ടോ?

ശ്രീ. എൽ. എം. പൈലി: ഇതിൻെറ കണക്ക് ചോദ്യങ്ങൾക്കുത്തരമായി പറഞ്ഞതാണ്. ഇപ്പോൾ പറയുന്നതിനു സമയമില്ല.

Government are thankful for the valuable suggestions given by Mr. P. S. Nataraja Pillai and Mr. A. K. Patchu Pillai. They said that, although it is now tentatively possible to build 50 houses in each taluk, as there is greater congestion such taluks must be taken into consideration in spite of sticking strictly to the principle of building 50 houses in each taluk. The hon. Chief Minister has answered this question. To whom these houses are to be given and the kind of tenure under which these lands are to be given are questions still under consideration. When the houses are constructed, of course, sufficient attention will be devoted to the sanitary arrangements and such other matters. Therefore, proper safeguards would be adopted ultimately in these cases.

There is a certain complaint that in ascertaining the number of homeless people in these taluks there are a large number of people whose names have not been included in the present register. Government have instructed the officers concerned to find out who such persons are and to include their names also in the register. Therefore that defect is being attempted to be remedied.

A reference was made to the colonisation scheme. Colonisation and settlement are two different schemes, though there are similar features in both. Colonisation is much more complicated. Steps are taken to implement that scheme. There is considerable delay in implementing it. Hon. Members will be aware that it is due to the fact that it is more complicated than the settlement scheme. Anyway thst suggestions will be given due consideration and all attempts will be made to push forward the colonisation scheme as expeditiously as possible. These are the various matters on which I wish to reply. Many of the questions have been already answered by the hon. Chief Minister, I move that the supplementary grant be made.

ശ്രീ. സി. സി. പ്രസാദ്: കൊച്ചി സംസ്ഥാനത്ത് ഇങ്ങനെ പുറമ്പോക്കു സ്ഥലങ്ങളിൽ പ്രവേശിച്ചിട്ടുള്ള . . . .

Mr. Speaker: Order, order. That question does not arise.

The question that Government be granted a sum of Rs. 5,00,000, under Demand XXXI Miscellaneous and Unforeseen Charges was put and carried.

The grant was made.

Demand XXXII—Food and other control measures—Rs. 20,000/

Minister for Finance and Food **(Sri. K. M. Korah)**: I move for a Supplementary Grant of Rs. 20,000 under 'Demand XXXII—Food and other control measures.'

Our Food Subsidy from the Government of India remains unsettled and as such a Special Officer was appointed for investigation of Food Accounts. The appointment was first made for a period of 9 months and then it was extended for another 3 months. The expenditure was also ordered to be met in the first instance, from the allotment under this head and to apply for supplementary grant later. As there are no funds in the sanctioned allotment to meet this expenditure an additional amount is required. In this connection, hon. Members will be pleased to remember that a Special Officer along with a Financial Assistant, the Deputy Commissioner of Civil Supplies and one clerk had to be in Delhi for the purpose of investigating our food accounts. Over and above these expenses, claims relating to the allowances due to the members of the Central Food Advisory Committee for the last financial year have also to be met from the current year's budget. The expenditure was not contemplated at the time of the preparation of the Budget. I hope the House will make this grant.

